MALAYALANADU WEEKLY, QUILON, JULY 2, 1972

Phones: 2825, 3362

മലയാളനാട് വാരിക

പത്രാധിപർ:
എസ്. കെ. നായർ

താളുകൾ മറിക്കുമ്പോൾ

ലേഖനം
ഒരൈതിഹ്യം രണ്ടു കവിതകളിൽ
—കെ. എസ്. പി. കർത്താവ് 4
മ്സ്സ്സ് ബ്രാൻഡസ് എന്ന വൃദ്ധ
—ലക്ഷ്മി 37
കാലത്തിന് വിസ്മരിക്കാനാവാത്ത
ഇന്നലത്തെ ഒരെഴുത്തുകാരി
—സി. സത്യശീലൻ 46
കവിത
കൽക്കത്തയിലെ വേനൽക്കാലം
—മധുവിക്കുട്ടി 10
എന്റെ കണ്ണ്, കൈനീട്ടം
—ലളിതൻ 62
കഥ
കാലൻകോഴിയുടെ മുട്ട
—മാരയിൽ അരവിന്ദ് 20
കഷായം —സുകുമാർ 28
യാത്ര —കരുണാകരൻ 32
കിങ്ങ്മേക്കർ —നദ്റാബീവി 42
നോവൽ
അഭ്രം —മലയാററൂർ രാമകൃഷ്ണൻ 8
ആരണ്യപർവ്വം
—കെ. എൽ. മോഹനവർമ്മ 12
പംക്തികൾ
വായനക്കാരുടെ കണ്ണ് 2
കാക്കനാടന്റെ പേജ്
—കാക്കനാടൻ 14
ചന്ദ്രന്റെ കണ്ണുകൾ
—വി. കെ. എൻ. 16
സാഹിത്യവാരഫലം
—എം. കൃഷ്ണൻനായർ 24
എന്റെ സങ്കല്പങ്ങളിലെ ഭാര്യ
—എ ബ്രഹാം 49
വിദ്യാർത്ഥി—യുവജനനേതാക്കളെ
പ്പറ്റി — ടിറേറാ കെ. ചെറിയാൻ 54
ഗ്രന്ഥനിരൂപണം
—വി എസ്. ശർമ്മ 57
സിനിമ 59
പോക്കർ ആൻറ് പോക്കർ
—ബി. എം. ഗഫൂർ 64

മുഖച്ചിത്രം:
ഫോട്ടോ: ശിവൻ

പുസ്തകം നാലു് ലക്കം ഏഴ് 1147 മിഥുനം 18

വായനക്കാരുടെ കത്തുകൾ

വൈലോപ്പിള്ളിയും കുഞ്ഞുണ്ണിയും

"വൈലോപ്പിള്ളിക്കവിതയെക്കുറിച്ചുള്ള കോലായത്തു്" എന്റെ വക ഒരു കുറിപ്പാവശ്യമായി വന്നിരിക്കുന്നു.

രാഷ്ട്രീയക്കാർ അവരുടെ നിലനില്പിനുവേണ്ടി ബോധപൂർവം കാണാതിരിക്കുന്ന മദ്ധ്യവർത്തി (മിഡിൽക്ലാസ്) കളുടേതായ ആ പ്രമേയം കണ്ടെത്തി എന്നതിനെച്ചൊല്ലിയല്ല, അതു കാവ്യാത്മകമായി, അനുവാചകഹൃദയത്തെ മഥിക്കത്തക്ക ശക്തിയിൽ ആവിഷ്കരിച്ചിട്ടുണ്ടെങ്കിൽ അതിനെച്ചൊല്ലിയാണു കടിയൊഴിക്കുവിൻ എന്റെ കവിയെ പുകഴ്ത്തേണ്ടതു് എന്നും.

സ്വാനുഭൂതികളിൽനിന്നു സ്വന്തമായ ഒരു ലോകം സൃഷ്ടിക്കാൻ കഴിവുള്ളവനാണു് കവി. ഈ കവിക്കു് അതിനു കഴിഞ്ഞിട്ടുണ്ടോ എന്നാണു നോക്കേണ്ടതു് എന്നു്.

ആശാന്റെയും വള്ളത്തോളിന്റെയും കൂട്ടത്തിൽ ഉള്ളൂരിനുള്ള സ്ഥാനമാണു് വൈലോപ്പിള്ളിക്കു് അദ്ദേഹത്തിന്റെ തലമുറക്കാരുടെ കൂട്ടത്തിൽ എന്തുമാണു് വൈലോപ്പിള്ളിക്കവിതകളുടെ മരമെടുത്ത ആസ്വാദകനായ ഞാൻ അതു് ആ കവിയുടെ ഉത്തരാർദ്ധത്തിൽ മാത്രം പരന്നുകിടക്കുന്ന വിവിധ സന്ദർഭങ്ങളിലായി അഭിപ്രായപ്പെട്ടതു്.

വൈലോപ്പിള്ളിയെ ഉള്ളൂരിനോടുപമിച്ചതെന്തുകൊണ്ടു് എന്ന വ്യക്തതയാക്കിക്കൊണ്ടു് ഞാൻ പറഞ്ഞതു് അതേ പടിയല്ല ലേഖനത്തിൽ കാണുന്നതു്. ഞാൻ പറഞ്ഞതു് പാണ്ഡിത്യപ്രകടനം, അനൗചിത്യം, ഉടഞ്ഞിയ ദോഷങ്ങളുള്ള ഉള്ളൂരല്ല, തന്റെ കവിതകളിലുടനീളം

(ശോഷം ഭീഷ്മൻ)

അടുത്തലക്കം

മലയാളനാട്ടു് വാരിക

ചെമ്പരത്തിപ്പതിപ്പായി

പുറത്തുവരുന്നു!

●

ചെമ്പരത്തിയിലെ

ചിത്രങ്ങൾ കാണാൻ,

ചെമ്പരത്തിയിലെ

ഗാനങ്ങൾ പാടാൻ,

ചെമ്പരത്തിയുടെ

ശില്പികളെ പരിചയപ്പെടാൻ,

ചെമ്പരത്തിപ്പതിപ്പു്

വായിക്കുക!

●

കൂടാതെ നോവലുകളും മററു

സ്ഥിരം പംക്തികളും!

എയർ-ഇൻഡ്യ നിരക്കുകളുടെ ചക്രവാളങ്ങൾ തകർക്കുന്നു!

മദ്രാസ്
ന്യൂയോർക്ക്
മദ്രാസ്
രൂ. 4674 മാത്രം!

കുടുക്കലെത്തുന്ന വലിയ തോതിൽ നിരക്കുകൾ കുറയുന്നു! ആയിരക്കണക്കിനു് രൂപ ലാഭിക്കൂ. ന്യൂയോർക്കിലേക്കു് നേരിട്ടു ചാർട്ടർ. കുറഞ്ഞതു് 14 ദിവസം മുതൽ 120 ദിവസം വരെ അവിടെ തങ്ങാം. വയ്പ്പ് ക്ലിപ്പിയില്ല. കൂട്ടു ചേരുകയും വേണ്ട. വർഷത്തിൽ ഏതു സമയത്തും ഈ സൗകര്യം ഉപയോഗപ്പെടുത്താം. നിങ്ങളുടെ അടുത്തുള്ള എയർ ഇൻഡ്യ ഓഫീസിനേയോ, നിങ്ങളുടെ ട്രാവൽ ഏജൻറിനേയോ സമീപിക്കുക. ഇപ്പോൾത്തന്നെ!

യാത്ര തുടങ്ങുന്ന സ്ഥലം.	ന്യൂയോർക്കിലേക്കു്, തിരിച്ചുമുള്ള എക്സ്കർഷൻ നിരക്കു്.
ബോംബെ	രൂ.4004
ന്യൂ ഡെൽഹി	രൂ.4004
കൽക്കട്ട	രൂ.4732
മദ്രാസ്	രൂ.4674

എയർ-ഇൻഡ്യ

നിശ്ചയിക്കാം ലാഭം ഉറപ്പാക്കിത്തന്നു എയർ ഇൻഡ്യ

AI. 3376

'പിറയിപെററ പന്തിരുകുലത്തിന്റെ കഥ സാംസ്കാരികകേരളത്തിന്റെ പൗരാണികസ്വത്താണല്ലോ. ആഢ്യബ്രാഹ്മണൻമാരോ അന്ത്യജൻമാരെയുള്ള ഈ പന്ത്രണ്ടുപേരും ജനങ്ങളുടെ നടുവിൽ ഇടുമ്പുള്ള ചിരകാലമായി ജീവിച്ചുപോരുന്നു. ഭിന്നരുചികളും ഭിന്നജാതിക്കാരുമായ ഈ പന്ത്രണ്ടുപേരിൽ ഉളിയന്നൂർ പെരുന്തച്ചന്റെ ജീവിതകഥ പ്രത്യേകിച്ചും ശ്രദ്ധേയമായിരിക്കുന്നു. കേട്ടാരത്തിൽ ശങ്കുണ്ണിയുടെ ഐതിഹ്യമാലയിലെ ഒരു മുത്താണ് പെരുന്തച്ചൻ. ഇതരകഥാപാത്രങ്ങളെക്കാൾ ചൈതന്യത്തോടെ കേരളീയജനഹൃദയങ്ങളിൽ ജീവിക്കുന്ന ഒരു നൽക്കൃഷ്ടശില്പിയാണദ്ദേഹം. ജീവിതത്തിലെ വരുതിവച്ച (വന്നതിപ്പട്ടി?) അകാലികപുത്രവിയോഗംകൊണ്ടു ഏതാനുകാലം അനുകമ്പയ്ക്കു പാത്രമായ ആ മഹാൻ ഇമ്പം തോന്നുന്ന ആ ശില്പിവര്യൻ, ഉളിയന്നൂരമ്പലത്തിലെ ഒമ്പതാൾ പിടിച്ചാലും പിടിക്കുടാത്ത തമ്പകമരത്തിന്റെ കടഞ്ഞിലിലുള്ളിനടത്താനായില്ലല്ലോ എന്നു വിഷാദിക്കുന്നു. കാരണം, സ്വന്തം തടി പുതലിച്ചുപോയി. കളവിയുടെ നാനാ—ഭാഗപ്രദേശങ്ങളുടെ നല്ലകാലത്തിന്റെ സ്മരണയെ ഒപ്പം തങ്ങളുടെ ദേഹപുല്ലരിയിലുണ്ടായി അകാലചരമമടഞ്ഞ പുത്രന്റെ സ്മരണയും ആ മനസ്സിലുദിക്കുന്നു. ഉളിയന്നൂർ ക്ഷേത്രത്തിലെ കൊടിമരത്തിൽ മകൻ കൊത്തിവച്ചിരിക്കുന്ന ഗരുഡന്റെ ചിറക് ഇപ്പോഴും ചലിക്കുന്നുണ്ടെന്നു തോന്നുന്നു അച്ഛന് അതിലസൂയതോന്നിക്കുന്നു നാട്ടുകാർ പറഞ്ഞുണ്ടാക്കി.

ഒരൈതിഹ്യം രണ്ടു കവിതകളിൽ

കെ. എസ്. പി. കർത്താവ്

ഫാദിച്ചിലി ചിരംജീവിതമായി പരിലസിക്കുന്നു.

ജനകഥകളിലുടെ അനശ്വരത്വം കൈവരിച്ചിരിക്കുന്ന ഈ കഥാപാത്രത്തിന്റെ ദീപ്തപ്രകർഷത്തെ പ്രദർശിപ്പിക്കുന്ന രണ്ടു മികച്ച കവിതകൾ കൈകളിക്കു കൈവന്നിട്ടുണ്ട്: ശ്രീ. ജി. ശങ്കരക്കുറുപ്പിന്റെ 'പെരുന്തച്ചനും' ശ്രീ. വൈലോപ്പിള്ളിയുടെ തച്ചന്റെ മകനും. പെരുന്തച്ചന്റെ ശോകാന്തമായ ജീവിതനാടകത്തെ രണ്ടു കോണുകളിലുടെ നോക്കിക്കാണുന്ന ഈ കവിതകളുടെ മാറുരച്ചുനോക്കുകയാണ് ഈ ലേഖനത്തിന്റെ ലക്ഷ്യം.

ശങ്കരക്കുറുപ്പിന്റെ കവിതയിൽ പെരുന്തച്ചൻ സ്വന്തം കഥ പറയുന്ന രീതിയാണവലംബിച്ചിരിക്കുന്നത്. നായകന്റെ അന്തസ്സംഘർഷങ്ങളെ അനുപദിച്ചു അവതരിപ്പിക്കാൻ ഈ രീതി സഹായകമായിരിക്കുന്നു. എവിടെയെങ്കിലും ദേഹകൂ

ആയിരമണിയുടെ
നാവടക്കീടാ, മൊററ—
വായിലെനാവാക്കാനും
കെട്ടുവാൻ കഴിയുമേ ?

ഇന്നു ശില്പവിദ്യയിലിതവരും ഒരു മത്സരംതന്നെ നടത്തി. ഗോപുരത്തിന്റെ കട്ടിലെ അഷ്ടദിക്പാലരൂപങ്ങൾ, പടിത്തിന്റെ മദ്ധ്യത്തിലെ പാവകൾ എന്നങ്ങനെ പലതും. മകന്റെ ശില്പചാതുര്യത്തെ നാട്ടുകാർ പ്രശംസിച്ചപ്പോൾ അച്ഛന്റെ അബോധമനസ്സിൽ അസൂയാബീജം നാമ്പെടുത്തില്ലേ? ആരേണ അവർക്കിടയിൽ മിണ്ടുന്നതായി, അങ്ങനെ ആജീവനാന്തം കണ്ണുനീർ സമ്പാദിച്ചുകൊണ്ട് ഒരു പ്രഭാതത്തിൽ മകൻ വീടുവിട്ടിറങ്ങിപ്പോവുകയും ചെയ്തു. ക്ഷേത്രത്തിലെ ആനപ്പന്തൽ പുതുക്കിപ്പണിയുമ്പോൾ തന്നുടെയോന്റെ നിർദ്ദേശപ്രകാരം (തനിച്ചിഷ്ടമുണ്ടായിട്ടല്ല) മകനതുടി

പണിക്കു കൂട്ടി. മകൻ താഴെ ലക്ഷ്യമിട്ടു വിയുടെ കളിത്താമരയിതളുകൾ കൊത്തുന്ന സൂക്ഷ്മസൂക്ഷ്മമായ പ്രവൃത്തിയിലേർപ്പെട്ടിരുന്നപ്പോൾ അച്ഛൻ നേരെ മുകളിലിരുന്നു വീളുളികൊണ്ടു മോന്തായത്തിനുള്ള ആണി ചീവുകയായിരുന്നു:

"ഊന്നു കൈയറിയാതെ,-
യറിയാതെയാണുളി-
നേൻഞാൻ മകന്റെ
മേലതുപോയി വീഴൊല്ലേ
കണ്ണിലുച്ചുഞാൻ മിഴിക്കുമ്പോ—
ഴേയ്ക്കുമ്പോ കണ്ടു
കണ്ണിലക്കഴുത്തറേറാ
ന്നെൻമകൻ പിടയുന്നു!"

കൈപ്പിഴ തന്നിയ ഗ്രഹപ്പിഴ വാർദ്ധക്യത്തിൽ ഊന്നുവടിയായിത്തീരേണ്ട മകൻ അപമൃത്യുവിനിരയായി. കൈപ്പിഴയല്ലതെന്ന് ആരെത്രപറഞ്ഞാലും വിശ്വസിക്കുമോ? ഒരുപ്പനിതു ചെയ്യാൻ കഴിയുമോ എന്നാണു പെരുന്തച്ചൻ ചോദിക്കുന്നത്. എങ്കിലും അബോധമനസ്സിലെ അപരാധചിന്ത ഹൃദയത്തിൽ ഒരു കുത്താണിതാച്ചു പ്രതീതിയുളവാക്കുന്നു. നാനിയുടെ വാക്കുകളാൽ മനസ്സാന്നിദ്ധ്യം കൈവരുന്നതോടെ പെരുന്തച്ചന്റെ മനോരാജ്യപതനം പര്യവസാനിക്കുന്നു.

വൈലോപ്പിള്ളി ഈ ദുരന്തകഥ പ്രപഞ്ചനം ചെയ്യുന്നതു് ആ തച്ചന്റെ മകനിലൂടെയാണ്. അപമൃത്യുവിനിരയായതിനാൽ ഗതികിട്ടാപ്രേതമായി മാറിയ മകന്റെ ആത്മാവ് അച്ഛനെന്തു ശ്രുഷിക്കാൻ സാധിച്ചതിൽ ചരിതാർത്ഥതയടയുന്നു. 'കരളിൽക്കരളുന്ന ചിന്തയാലച്ഛൻ പായിലുരുളുംനേരം വീശിനുറക്കുവാൻ' മകന്റെ ആത്മാവുണ്ടുണ്ട്. പക്ഷേ, സ്വപ്നത്തിലും വിമൽച്ചുണ്ടി അച്ഛനു കററപ്പെടുന്ന സൂണെയെ മകനറക്കാൻ സാധിക്കുമോ? ഹൃദയത്തിലെ ഉഗ്രമായ വ്രണമായി ആ രാമ്പ ശേഷിക്കുന്നു. ആ ദുഃഖസ്മൃതിക്കു കാരണമായ ദുരന്തോദന്തത്തിലേയ്ക്കു കവി ചോദ്യിക്കുന്നു. കൈപ്പിഴയറിയാത്ത കൈ പഴുതിലെപ്പററി നാട്ടുകാർ പഴിചൊല്ലി.

"പറയാമവർക്കെന്തും,
എങ്ങനെ ഞാനാകിത്തത്ത
പെരുതാം വത്സലയുടെ—
യാരറിഞ്ഞിരിക്കുന്നു?
ആരുണ്ടിരിക്കുന്നതാ
പ്രതിമയെപ്പഴു-
ററോരുടെകൈ വിരുതിനെ,
പ്രാവെങ്ങോ, പരുന്തെങ്ങോ?

ജനങ്ങളുടെ അർത്ഥഗർഭായ സൂചനകളുടെ ആവർത്തനംമൂലം അച്ഛൻ സ്വയം പ്രത്യായനത്തിലൂടെ അവരുടെ ആരോപണം വാസ്തവമാണെന്നു വിശ്വസിച്ചുപോകുന്നു.

അച്ഛനും മകനും രമിച്ചിരുന്ന ശില്പവിദ്യയുടെ സ്വർഗ്ഗലോകത്തിൽ വിഹരിച്ചിരുന്ന നല്ല നാളുകളെ മകൻ അനുസ്മരിക്കുന്നു. നാട്ടുകാർ മകനെ അഭിനന്ദിക്കുമ്പോഴൊക്കെ പഞ്ചിൽ പഴുക്കുന്നതെന്നു കരുതിയാണത്രേ അച്ഛൻ മിണ്ടാതിരുന്നതു്. എങ്കിലും, അച്ഛന് നിസ്സഹായനെന്ന വിളി കേൾക്കണമായിരുന്നു. എന്തൊരു യശോലോഭം! ആ കീർത്തികേട്ടുകം കലാകാരനു് ഇഷ്ടനുജനെപ്പോലും ആത്മസുഹൃത്തായിട്ടില്ലെന്ന നഗ്നസത്യത്തോളം എത്തിച്ചേർന്നിരുന്നു. അച്ഛൻ പറയാറുണ്ടത്രേ:

"തലയാ ചതൻ ചോദ്യ—
തൻചോദ്യമുളക്കുന്നു
പലനാൾ പിന്നിലുവരും—
കൊച്ചുകൊമ്പന്മാർക്കുള്ളം
തൻചുവടൊപ്പം തുടം—
വനുവേ, നേതാവിനെ
വഞ്ചനയ്ക്കുലകത്തി
മറിച്ചു മുന്നേറുവാൻ."

അച്ഛൻ അമൂല്യമായ കലാശില്പങ്ങളുടെ നിർമ്മാണത്തിൽ ഊറാം കൊണ്ടപ്പോൾ മകൻ മനുഷ്യോപയോഗിയായ യന്ത്രങ്ങൾ രചിക്കുന്നതിൽ കൗതുകം പൂണ്ടു. പാലത്തിന്മേൽ ഘടിപ്പിച്ച വാവുകളുടെ ഏററവുമുട്ടൽ, നാട്ടുകാരെക്കൊണ്ടു് മകൻ തന്നെയെല്ലാ മന്ത്രം പറയിച്ചു.

ആനപ്പന്തൽ പുതുക്കിപ്പണിയുന്ന കാര്യം മകനോടു ലോചിക്കാൻ തമ്പുരാൻ കല്പിച്ചതു് മകനു് അഭിമാനകരമായിത്തോന്നി. ആ ഗ്രഹപ്പിഴയ്ക്കു് വിധി തക്കശിക്ഷയും നല്കി അച്ഛന്റെ കൈപ്പിഴ മകന്റെ ജീവനപഹരിച്ചു. ഹൃദയത്തിലെ വെറുപ്പ് പ്രവൃത്തിയിലും കഴുപ്പ്

സൃഷ്ടിച്ചുവെന്നു് മനശ്ശാസ്ത്രജ്ഞനായ മനുഷ്യൻ വ്യാഖ്യാനിച്ചു.

വെട്ടിയെന്നതോ ചോകം,
എൻ നാവുമധുരിപ്പ
നട്ടകൈയല്ലോ ചെയ്തു,
ഞാനന്ധ ഗ്ഹിതനായ്,
ഹാ, നണ, ഞാനെങ്ങനെ-
യത്രയു ചെറുതായി-
ക്കാണുമച്ഛനെ, യെന്നെ-
യത്രമേൽ വലുതായും.

അച്ഛൻ 'പാതിപണിത ശില്പം' പോലെ, വേലയ്ക്കിറങ്ങാതെ വീട്ടിലിരുപ്പായി. അദ്ദേഹത്തിന്റെ കണ്ണിനുതേകാൻ വേണ്ടി തനിക്കു പ്രത്യക്ഷപ്പെടാൻ സാധിക്കുന്നില്ലല്ലോ എന്ന വിഷാദമാണു മകനുള്ളതു്, അതു സാധിച്ചാൽ. തന്റെ കഴുത്തു തപ്പിനോക്കി മകൻ മരിച്ചിട്ടില്ലല്ലോ എന്ന ആഹ്ലാദത്തിരപ്പിൽ അച്ഛൻ ഹൃദയം പൊട്ടി മരിച്ചേക്കുമോ എന്ന ശങ്കയും മകനുണ്ടു്. പിന്നെ ഒരു സമാധാനമേയുള്ളു. അച്ഛൻ കത്തിച്ച പന്തത്തിൽ നിന്നു കൈത്തിരി പകർന്നെടുത്തു് നൂറായിരം ശിഷ്യന്മാർ ഈ നാടിന്റെ ശില്പം പണിയുമ്പോൾ ആ കൊട്ടുമുറിയുടെ ശബ്ദം ഭൂമിയ്ക്കു രോമാഞ്ചമരുളും.

ഏതേവൃത്തയുടെ അപഗ്രഥനമെന്ന നിലയിൽ ഈ രണ്ടു കവിതകളും അനുവാചകഹൃദയങ്ങളെ സമാകർഷിക്കുന്നു. ഒരാഴിത്പരമായ അന്യസ്യ ദുഃഖത്തെ തകർത്തുകളഞ്ഞ ദാരുണദൃശ്യമാണു് ഉപരുന്തച്ചന്റെ കഥയിൽ നാം കാണുന്നതു്. തച്ചനോ അച്ഛനോ വലുതെന്ന ചോദ്യത്തിനു് ആ കഥാപാത്രങ്ങളോ കവികളോ വ്യക്തമായ മറുപടി നല്കുന്നില്ല. വായനക്കാരന്റെ നിതാന്തചിന്തനത്തിനിക്കാര്യം വിട്ടുകിട്ടുന്നു. ജി. യുടെ കവിത സാരള്യംകൊണ്ടും സന്ദർഭത്തിനു ചേരിയ അന്തരീക്ഷസൃഷ്ടികൊണ്ടും മുന്നിട്ടുനില്ക്കുന്നു. ഒരാശാരിയുടെ ദൃഷ്ടിയിലൂടെ ലോകത്തെ നോക്കിക്കാണുന്നതിൽ—സ്വയം ആശാരിയായി മാറുന്നതിൽ കവി കൈവരിച്ചിട്ടുള്ള വിജയം നിസ്തുലമാണു്. 'കരിവീട്ടിതൻ കാതൽ കടഞ്ഞുകഴിച്ച വന്തരി ക്കുകളുടെ പോലുള്ള വിണ്ണും' 'പൂതലിച്ചുപോയ തടി'യും മററും ഉദാഹരണങ്ങൾ. കൈത്തഴക്കമുള്ള ശില്പിയല്ലേ ഒരുമോ മരാശാരി? എന്ന വഴിയിലൂടെ കഥാരൂപം കണ്ടെത്തിയ ഒരു ക്രാന്തദർശിയെ നമുക്കു ദർശിക്കാം.

വൈലോപ്പിള്ളിയുടെ കവിത കഥാവസ്തുവിന്റെ കാര്യത്തിൽ "ഉപരുന്തച്ച"നെ അനുപദം അനുസരിക്കുന്നു! മകന്റെ വീക്ഷണത്തിലൂടെ, കൂടുതൽ മനശ്ശാസ്ത്രപരമായി ആ ദുരന്തത്തെ അപഗ്രഥിക്കുന്നുവെന്നതാണു് തച്ചന്റെ മകന്റെ പ്രത്യേകത. അച്ഛന്റെയും മകന്റെയും സ്വഭാവത്തിലുള്ള പ്രത്യേകതകൾ കണ്ടെത്താനും കവിയ്ക്കു കഴിഞ്ഞിരിക്കുന്നു. അച്ഛന്റെ യശോലോഭം, ദിവ്യശില്പരചനാകൗതുകം എന്നിവയും മകന്റെ അഭിമാനം, മനുഷ്യോപകാരവാഞ്ഛ എന്നിവയും ദൃഷ്ടാന്തങ്ങളായി പറയാം. ഉൾക്കാഴ്ച കൂടിയ കവിയുടെ കണ്ണുകൾ, പെരുന്തച്ചൻ മുകദുഃഖത്തിന്റെ പ്രിയതുപത്തെ, അമ്മ ഗർഭസ്ഥശിശുവിനെയെന്ന പോലെ ചുമക്കുന്നതും മുറുക്കിത്തുപ്പുന്നതിൽ ചോരകാണുന്നതും നിരീക്ഷിക്കുന്നു. ജന്തുശാസ്ത്രജ്ഞനായ കവി, പ്രകൃതിദൃശ്യങ്ങൾ പകർത്താനുള്ള സന്ദർഭങ്ങളും പ്രയോജനപ്പെടുത്തിയിട്ടുണ്ടു്. ഇതിലെയസ്സംബന്ധിച്ചിടത്തോളം ജി. യുടേതിനോടും സമമോ കേമമോ അല്ല വൈലോപ്പിള്ളിയുടെ രചനയെന്നും എടുത്തുപറയണം.

"കൃതികൾ മനുഷ്യകഥാനുഗായികൾ" എന്നു് മഹാകവി കുമാരനാശാൻ പണ്ടേ പറഞ്ഞുവച്ചു. അപരാധബോധം കൊണ്ടു് വിപ്പുമുട്ടുന്ന രണ്ടു മനുഷ്യാത്മാക്കളുടെ മനസ്സിനെ അപഗ്രഥിക്കുന്ന ഈ രണ്ടു് കവിതകളും തൽക്കർത്താക്കൾക്കു ചരിതാർത്ഥ്യം നല്കിയിട്ടുണ്ടാവാം. ഐതിഹ്യങ്ങളിലൂടെ ജനങ്ങൾ താലോലിച്ചുപോരുന്ന പെരുന്തച്ചനെയും തച്ചന്റെ മകനെയും കൂടുതൽ അടുത്തുനിന്നു നോക്കിക്കാണുവാൻ രണ്ടു കവിതകളും നമ്മെ സഹായിക്കുന്നുവെന്നു് ചുരുക്കത്തിൽ പറയാം.

—o—

സമകാലീനമലയാളസാഹിത്യത്തിലെ ഏററവും വലിയ ശബ്ദമായിത്തീരുന്ന പ്രസിദ്ധീകരണം

മലയാളനാട്

വാർഷികവിശേഷാൽപ്രതി

1972

ഉടൻ പ്രസിദ്ധീകരിക്കുന്നു!

പേജ് 300

വില 5 ക.

ഇരുപത്തിയൊൻപതു്

ഫിലിംരംഗത്തിലെ പ്രമുഖർ വളരെക്കാലമായി പ്രതീക്ഷിച്ചിരുന്ന ആ സംഭവം നടന്നു. ശൈലജ ജയപാലനെ വിവാഹം ചെയ്തു. ഇരുവരുടെയും ആഗ്രഹം വെച്ചു്.

ദിനപത്രങ്ങൾ വധൂവരന്മാരുടെ ചിത്രങ്ങൾ പ്രസിദ്ധംചെയ്യാൻ മുഴുവൻ പേജുകൾ ചെലവാക്കി.

സാധാരണക്കാരായ സിനിമാപ്രേമികൾക്കു നിരാശ തോന്നി. അവരുടെ "ഡ്രീംഗേൾ" വിവാഹിതയായതുകൊണ്ടല്ല; അവൾ സിനിമയോടു വിട പറഞ്ഞേക്കാമെന്നുള്ളതുകൊണ്ടല്ല, വേണ്ടത്ര ഗോസിപ്പ് കിട്ടാത്തതുകൊണ്ടു്

ശൈലജയ്ക്കിങ്ങനെയൊരു റൊമാൻസ് ഉണ്ടെന്നു് എന്തുകൊണ്ടു സിനിമാവാരികകൾ നേരത്തേ അച്ചടിച്ചുവിട്ടില്ല? തങ്ങൾ വഞ്ചിക്കപ്പെടുവെന്നു് അവർക്കു

നോവൽ

തോന്നി. ആ പരാതിയെ നേരിടുന്നതിനോണം വാരികകൾ എഴുതി: ഈ റൊമാൻസ് സിനിമാലോകത്തിലെ ഏറ്റവും ഭദ്രമായി സൂക്ഷിക്കപ്പെട്ട രഹസ്യമാണെന്നു പറയാം. ജയപാലനെന്ന പേരുപോലും ക്ഷണക്കത്തുകിട്ടിയതിനുശേഷമേ അറിയാനിടയായതു്.

വിവാഹത്തിനൊരുക്കുമ്പോൾ ശൈലജ അഞ്ജനയെ വിളിച്ചുവരുത്തുകയുണ്ടായി. മാണിക്കത്തിന്റെ മരണത്തെക്കുറിച്ചോർക്കുമ്പോൾ ഴുന്നു കന്നതെട്ടലിൽ നിന്നു അഞ്ജന വിമുക്തയായിരുന്നില്ല. ശൈലജ ഒന്നുമ്പിച്ചോരു സ്വായാഹ്നം സന്തോഷകരമായി ചെലവിടാനാകുമോ എന്ന ശങ്കയോടെയാണു് അവൾ ആ വലിയ ബംഗ്ലാവിലെത്തിയതു്. ഡ്രോയിംഗ് റൂമിൽ ശൈലജ കാത്തുനിന്നിരുന്നു. അഞ്ജനയെക്കണ്ടപ്പോൾ അവളുടെ കണ്ണുകൾ വിടർന്നു. ഒരു കുസൃതിച്ചിരിയോടെ അവൾ അഞ്ജനയെ അടക്കിപ്പിടിച്ചു ശങ്കാരിത്തുള്ളു തലനീട്ടി നോക്കി ശൈലജയുടെ ആലിംഗനത്തിൽനിന്നും രക്ഷപ്രാപിക്കാനായി അഞ്ജന കടഞ്ഞപ്പോൾ ശൈലജ അവളുടെ കവിളിൽ ഉമ്മവച്ചു.

"അതാ, തള്ളു!" അഞ്ജന പിറുപിറുത്തു.

"തള്ളയ്ക്കുള്ളതറിയാം" ശൈലജ ചിരിച്ചു.

സ്വർണ്ണവർണ്ണമുള്ള കർട്ടനുകൾക്കിടയിലൂടെ സായാഹ്നസൂര്യന്റെ ബലംകുറഞ്ഞ കിരണങ്ങൾ ഡ്രോയിംഗ്റൂമിൽ കടന്നുവന്നു.

"ഇന്നു നീ പോകണ്ട." ശൈലജ മന്ത്രിച്ചു.



"ഇന്ന് വിടെ താമസിക്കാനോ?"

"അതെ. ഇനി നിന്നെ എനിക്കു കിട്ടുകയില്ല."

"അതെന്താ?"

"ഞാൻ കല്യാണം കഴിക്കാൻ പോകുന്നു. ഞാൻ മദ്രാസിനോടു സലാം പറയാൻപോകുന്നു."

"ആരോ?"

"ഹും"

"അഞ്ജനയുടെ അരക്കെട്ടിൽ കൈ വച്ചുകൊണ്ടു ശൈലജ ശങ്കാരിത്തള്ളയെ നോക്കി ഡിന്നറിനു് എന്തെല്ലാം വേണമെന്നു നിർദ്ദേശിച്ചു. 'മെനു' എന്താവണമെന്നതിനെപ്പററി തള്ളയ്ക്കും ചില ഉപദേശങ്ങളുണ്ടായിരുന്നു. ഒടുവിൽ തള്ള പറഞ്ഞ വിഭവങ്ങൾ മതിയെന്നു ശൈലജ സമ്മതിച്ചു. തള്ളയ്ക്കു സന്തോഷമായി. "എൻ കഴുത്തയ്ക്കു നടിക്കത്താൻ തെരിയും, ശമയ്ക്കത്തെരിയാതു്" എന്നു പറഞ്ഞുകൊണ്ടു തള്ള അപ്രത്യക്ഷയായി.

അഞ്ജനയെ ശൈലജ കിടക്കറയിലേക്കു ക്ഷണിച്ചു.

"നിനക്കെന്താണൊരു നാണം?" ശൈലജ ചോദിച്ചു.

"നാമിങ്ങനെ കൂട്ടിമുട്ടുമ്പോൾ... എനിക്ക്... നാണമാകുന്നു."

"പോടീ!"

കട്ടിലിന്റെയരികിലിട്ടിരുന്ന ക്യാബിനററിൽനിന്നും ശൈലജ ഒരു കുപ്പിയും രണ്ടു ഗ്ലാസുകളും പുറത്തെടുത്തു.

"റെഡ്വൈൻ... നമുക്കു ശകലം കഴിക്കാം."

"ഇപ്പൊഴോ?"

"ഉം... ബി എ സ്കോർട്ട്!"

മലയാററൂർ രാമകൃഷ്ണൻ

തൊട്ടുതലയിലിരുന്നുകൊണ്ടു് അവർ വൈൻ കഴിച്ചു. അല്പം കഴിഞ്ഞപ്പോൾ അഞ്ജനയ്ക്കു സുഖപ്രദമായ നേരിയ ലഹരി അനുഭവപ്പെട്ടു. ഇതു വൈൻതന്നെയോ? അതോ കൂട്ടത്തിൽ കലർത്തുള്ളതെന്തെങ്കിലും ഇതിൽ ചേർത്തിട്ടുണ്ടോ?

"നീ എന്റെ മർത്താവിനെപ്പററി ഒന്നും ചോദിക്കാത്തതെന്താ?"

"പറയൂ...സുന്ദരനാണോ?"

"ഉം...സുന്ദരൻ. മാത്രമല്ല എന്നെക്കാൾ ചെറുപ്പവുമാണു്."

"സ്വദേശിയെക്കാളും സുന്ദരനാണോ?"

"തീർച്ചയായും...ജയപാലൻ സിനിമയിൽ കടന്നിരുന്നെങ്കിൽ നമ്മുടെ എല്ലാ ഹീറോകളും കുത്തുപാളയെടുത്തുപോയേനെ." ശൈലജ വൈൻ കുപ്പിയിലെ അവശേഷിച്ചതുള്ളികൾ ഗ്ലാസുകളിൽ പകർന്നുകൊണ്ടു് ഊറിച്ചിരിച്ചു. അവൾ തുടർന്നു. "ജയപാലൻ വലിയ പണക്കാരനാണു്. എത്രയെക്കർ സ്വകാര്യവനങ്ങളും എസ്റ്റേറ്റുകളുമുണ്ടെന്നു് ഇനിയും കണക്കാക്കിയിട്ടില്ലത്രേ."

"നീ ഭാഗ്യവതിയാണു്." അഞ്ജന അനുമോദിച്ചു. "നിന്റെ വിവാഹം ഇത്രവേഗം നടക്കുമെന്നു് ഞാനറിഞ്ഞിരുന്നില്ല...ചിലതൊക്കെ കേട്ടിരുന്നെങ്കിലും."

"ജയപാലനെപ്പററി?"

"ഉം."

"അഞ്ജനേ, ഇങ്ങനെയൊരു വിവാഹം നടക്കുന്നതു് ഭാഗ്യമാണോ? എനിക്കറിഞ്ഞുകൂടാ. ഒരു നേട്ടമാണെന്നു് വേണെങ്കിൽ പറഞ്ഞോളൂ എനിക്കൊരു നല്ല ഭാര്യയായിരിക്കാൻ പററുമോ? എനിക്കെന്റെ കലാജീവിതത്തോടു് യാത്ര പറയാനാകുമോ? ജയപാലനൊരു കാര്യം നിർബന്ധമാണു്. കല്ല്യാണം കഴിഞ്ഞാലുടൻ ഞാൻ അഭിനയം നിറുത്തണം. കൊള്ളാമോ?"

"നീ സമ്മതിച്ചോ?"

"സമ്മതിച്ചു."

"അപ്പോൾ പകുതി തീർന്ന ചിത്രങ്ങൾ?"

"മിക്കവാറും ചിത്രങ്ങൾ പൂർത്തിയായി കഴിഞ്ഞു. രണ്ടും മൂന്നും കാൾഷീററുമാത്രം കഴിഞ്ഞ പടങ്ങളിൽ നിന്നെല്ലാം ഞാൻ പിൻവാങ്ങുന്നു. പ്രൊഡ്യൂസർമാർക്കു് ജയപാലൻ നഷ്ടപരിഹാരം കൊടുക്കും...നിനക്കു് താല്പര്യമുള്ള ഒരു കാര്യം ഞാൻ പറയട്ടെ?"

"എന്താ?"

"നീ അങ്ങനെ ചോദിച്ചാൽ ഞാൻ പറയുകയില്ല."

"പിന്നെ???"

ചിരിച്ചുകൊണ്ടു് ശൈലജ എഴുന്നേററു ഒരു കാമുകനെപ്പോലെ അവൾ പെരുമാറി. അഞ്ജനയെ കട്ടിലിൽ ചരിച്ചുകിടത്തിക്കൊണ്ടു് ശൈലജ തുടരെ ഉമ്മവച്ചു.

"പറയൂ." അഞ്ജനയ്ക്കു് കാര്യമറിയാൻ തിടുക്കമായി.

"എന്റെ സിംഹാസനത്തിൽ നീ ഇരിക്കാൻ പോകുന്നു. നീയാണു് നീ മലയാളത്തിലെ ടോപ്പ്സ്റ്റാർ തുടങ്ങിക്കഴിഞ്ഞിരിക്കുന്ന അഞ്ചു പടങ്ങളിൽ എനിക്കു് പകരം നീയാണഭിനയിക്കാൻ പോകുന്നതു്. അറിഞ്ഞോ?"

ഒരുകുടുംബത്തിലെ വേനൽക്കാലം

19 പേരിനെ ചൊല്ലി
മുപ്പതുവർഷമായി മറെറാരാൾ
സൗകര്യത്തിനിട്ടപേരുമായി-
ഞാൻ കഴിയുന്നു.
ഈ പേർ ചീത്തയാക്കരുതെന്നവർ
ഉപദേശിക്കുമ്പോൾ അതിന്റെ-
അർത്ഥരാഹിത്യ
മോർത്തു പൊട്ടിച്ചിരിക്കയല്ലാതെ
മറെറന്താണു ഞാൻ ചെയ്യേണ്ടതു്!
എന്റെ ശരീരത്തിലെ രോമ രന്ധ്ര-
ങ്ങളും പേരില്ലാത്ത ജീവിതങ്ങൾ-
ജീവിച്ചു
തീർക്കുമ്പോൾ, അവയുടെ ജീവിതങ്ങളി-
ലൂടെ ഞാനും ഒരു ജീവിതം അനുഭവിച്ചു
തീർക്കുമ്പോൾ, ഭോഗതാപത്തിൽ
എന്നെ പേർചൊല്ലിയോമനിക്കാൻ-
മെനക്കെടാതെ
ആശ്ലേഷിക്കുമാത്രം ചെയ്യുന്ന
മനുഷ്യനെക്കാത്തു ഞാൻ കിടക്കുന്നു-
മുറിയിലേക്കു്,
പഴയ പുസ്തകങ്ങളും പൗരണിക
കൗതുകങ്ങളുംതേടി ഞാൻ നടക്കുന്നു-
പൊടിനിറഞ്ഞ
സായാഹ്ന വീഥികളിലേക്കു്,
ഈ പേരു്, ഒരു വെറും മനോഹര-
ശബ്ദം, എന്തിനു കടന്നുവരണം?
എന്തിനായി ഈ ശബ്ദം, ഞാനറി-
ക്കാതെ എന്റെ ശിരസ്സിൽ പ്രതിഷ്ഠിച്ച
ഘനവസ്തു,
എന്നിൽ ഞാൻമാത്രം ജ്വലിച്ചുതീരു-
മ്പോൾ ഞാനോർക്കണം? ഒരു ഉത്തരീയം
പോലെ ഈ പേരേററി എന്റെ
കൈകാലുകൾ ഞാൻ തളർത്തണം?

20. സൈറൺ മുഴങ്ങുന്നു
നിഴലിന്റെ ഘനരഹിതമായ
ലാഘവത്വംപോലെ അവൻ വന്നു.
രാത്രിയിൽ ഇരുട്ടിന്റെ
ഇരുട്ടിൽ. കാമനതന്നിറഞ്ഞ ഒരു
ഭാഷയിൽ അവൻ പ്രേമമന്ത്രണങ്ങൾ
ചൊരിഞ്ഞപ്പോൾ, കഷ്ടം, എനിക്കതു
മനസ്സിലാക്കാനാവാതെ പോയി,
കാക്കകളുടെ കരച്ചിലിനോടൊപ്പം
പ്രഭാതം ഉയരുന്നു.
ഭോഗലഹരിയടങ്ങാത്ത ശരീരം വീണ്ടും
ഏകാന്തതയറിയുന്നു.
വരൂ, നമുക്കു തടാകത്തിലേക്കു്പോകാം.
അവൻ പറഞ്ഞു. കഴിഞ്ഞരാത്രിയുടെ
ഉച്ഛിഷ്ടങ്ങൾ തേടി അവൾ സ്വശരീര-
ത്തിലേക്കു നോക്കി. ആർക്കുമൊന്നും
കണ്ടെത്താനായില്ല. മുഖം
കഴുകിയിരുന്നു. മുടി കോതി-
മിനുക്കിയിരുന്നു. ശരീരം
മറെറാരു സാരിയിൽ മൂടി
പൊതിഞ്ഞിരുന്നു.
നീയെന്താണിത്ര വിളർത്തിരിക്കുന്നതു്?
അവൻ ചോദിച്ചു
അധരങ്ങളിൽ പുരട്ടിയ
ചായം രക്തം വലിച്ചെടുത്തതുകൊ-
ണ്ടാവാം, അവൾ പറഞ്ഞു. തെരുവിൽ
മുഴങ്ങിയ സൈറണിൽ അവന്റെ
ചിരിയുടെ നാരുകൾ ഉദാസീനമായി
കുരുങ്ങിക്കിടന്നു.
നിന്നോടൊത്തു സമയംകഴിക്കാനെന്തു-
സുഖമാണു്, പിന്നെ അവൻ പറഞ്ഞു.
പക്ഷേ, നീ മറെറാരുവനെ
സ്നേഹിക്കുന്നുണ്ടല്ലോ, കുറെക്കൂടി
സൗന്ദര്യമുള്ള ഒരു
ചെറുപ്പക്കാരനെ ഏകപക്ഷീയമായ
ഈ പ്രേമത്തിലെ നായകൻ സൗന്ദര്യവും
യുവത്വവുമില്ലാത്ത ഒരു വെറും
തല്ലിപ്പൊളിമാത്രം, മുഖത്തു പൂപോലെ
അനായാസ
മായി ധരിക്കുന്ന പുഞ്ചിരിയോടെ

മാധവിക്കുട്ടി

അവൾ ചോദിച്ചു, നിനക്കെന്താണു
വേണ്ടതു്?
അവിടെ തടാകത്തിൽ കുളിക്കാ-
നൊരുങ്ങിനിന്ന ഒരു പെൺകുട്ടി
വസ്ത്രങ്ങൾ
അഴിച്ചുമാററി നിരുത്സാഹത്തോടെ
മാറിടത്തേക്കു വെള്ളംതളിച്ചു. പഴയ
പീരങ്കിത്തിണ്ടിൽ ഒരു പല്ലിക്കു്മേലെ
കാക്കകളുടെ കരച്ചിൽ.
നിറഞ്ഞൊഴുകുന്ന
വെയിൽ എവിടെയും.
ആ പഴയ തിണ്ടിനുമുമ്പിൽ നീ
കിടക്കുന്നതിനിയിൽ ഒരു ചിത്രം
ഞാനെടുക്കട്ടെ?
അവൻ ചോദിച്ചു. സമ്മതസൂചകമായി
അവൾ തലയാട്ടി. കിടക്കേണ്ടവിധം
പറയൂ, മുഖത്തു് ചിരിവരുത്തേണ്ട
സമയവും.
അവൾ കണ്ണുകളടച്ചു. കൺപോളകൾ-
ക്കകത്തു് ആസക്തിയില്ലാതെ,
മാർദ്ദവമില്ലാതെ വെയിൽ
നിറിക്കത്തുന്നു. വേദനിപ്പിച്ചുമാത്രം
വഴിപ്പെടുന്ന
ഈ സ്നേഹത്തെക്കുറിച്ചു പിന്നെയും
ആലംബമില്ലാതെ ഓർത്തുപോവുന്നു.

—†—

"നീ സത്യമാണോ പറയുന്നതു്?"
"കോൺട്രാക്ററുകളുമായി പ്രൊഡ്യൂ
സർമാർ വരുമ്പോൾ എന്നെ ഓർത്തോളൂ."
"ഇതെങ്ങനെ സാധിച്ചു?"
"എന്റെ സ്വാധീനം കൊണ്ടു മാത്രമ
ല്ല. ശൗരിരാജിന്റെ പേരും ഞാനുപ
യോഗിച്ചു. നിനക്കിന്നൊരു പുതിയ
സ്റ്റാററസുണ്ടു്... ശൗരിരാജിന്റെ കീ
പ്പ്."
"ഞാനി ഉപകാരം മറക്കുകയില്ല" അ
ഞ്ജന ശൈലജയുടെ കരവലയത്തിൽ
പെട്ടുകൊണ്ടു് സംസാരിച്ചു.
"ഉണ്ണിക്കുന്നില്ലേ? എ. സി. ഇടാൻ മറ
ന്നു."
ശൈലജ എയർ കണ്ടീഷനറിന്റെ
സ്വിച്ചിട്ടു. കള്ളച്ചിരിയോടെ അവൾ
വാർഡ്റോബിലേക്കു് നീങ്ങി. വസ്ത്ര
ങ്ങൾക്കിടയിൽ അവൾ തിരഞ്ഞു. രണ്ടു്
"ഹോട്ട്പാൻറ്സ്"മായാണു് ശൈല
ജ കിടക്കയിലേക്കു മടങ്ങിയതു്.
"നോക്കൂ."
അവർ സാരികളുപേക്ഷിച്ചു; ഹോട്ട്
പാൻറ്സ് ധരിച്ചുകൊണ്ടു് കിടക്കയിൽ
മലർന്നുകിടന്നു.
"ബാക്കിയുണ്ടോ?" അഞ്ജന ചോദിച്ചു.
"എന്തു്?"
"വൈൻ,"
"നീ ചോദിക്കുമെന്നെനിക്കറിയാം.
ഞാൻ ഒരു ബോട്ടിലുംകൂടി കരുതിയിട്ടു
ണ്ടു്." ശൈലജ കിടക്കയിലുമുണ്ടു; സൈ
ഡ്ക്യാബിനററിനടുത്തെത്തി. കിടന്നു
കൊണ്ടുതന്നെ അവൾ ക്യാബിനററ് തുറ
ന്നു. മറെറാരു കുപ്പിയെടുത്തു.
ഒരു വലിയ അളവൊഴിച്ചുകൊടുത്തിട്ടു
ശൈലജ പറഞ്ഞു. "കഴിക്കു നിന്റെ
നാണം മാറട്ടെ."
അഞ്ജനയ്ക്കു പുതിയൊരു ജീവനുണ്ടാ
യി. അവൾ ശൈലജയെ തഴുകിക്കൊ
ണ്ടു് ഒരു പൂച്ചയെപ്പോലെ മുട്ടുകയും മുര
ളുകയും ചെയ്തു.
ഓരോന്നു സംസാരിച്ചുകൊണ്ടു് അവർ
കെട്ടിപ്പിടിച്ചു കിടന്നു.
നീ ഒരു നല്ല ബംഗ്ലാവിലേക്കു താമസം
മാററണം—ശൈലജ പറഞ്ഞു. നീ പ്ര
ശസ്തയായ താരമാകാൻ പോവുകയാണു്.
ഒന്നു ചെയ്യു ഞാൻ മദ്രാസ് വിട്ടുമ്പോൾ
ഈ ബംഗ്ലാവ് വിലയ്ക്കെടുത്തോളൂ.
(ശേഷം 53-ൽ)

അരണ്യപർവ്വം

കെ.എൽ. മോഹനവർമ്മ

പതിനൊന്ന്

സ്ഥലംമാററം പ്രതീക്ഷിച്ചിരുന്നതാണ്. ആഗ്രഹിച്ചതുമാണ്. അതിനു വേണ്ടി ശ്രമിച്ചതുമാണ്. എങ്കിലും ഓർഡർ കൈയിൽ കിട്ടിയപ്പോൾ ശ്രീധരന് എന്തോ തെററുചെയ്തതുപോലെ ഒരു തോന്നൽ.

അമ്പതുശതമാനം ദൂരെയാണ് വർക്കസ്റ്റേഷൻ. ഫാമിലിയെ കൊണ്ടുപോകാൻ പററിയ സ്ഥലമല്ല. ശനിയാഴ്ച വൈകിട്ട് വരാം. തിങ്കളാഴ്ച കാലത്ത് പോയാൽമതി.

രമയുടെ കരച്ചിൽ നിർവികാരനായി നേരിടണം.

തനിച്ച്, ഒറ്റയ്ക്ക് ഇവിടെ കഴിയാൻ വയ്യ എന്നു പറഞ്ഞു കരയുമ്പോൾ സാന്ത്വനപ്പെടുത്തണം. 'അമ്മയുടെ പിള്ളേ ഞാനല്ല പറയുന്നത്; ഇവിടെ കിടക്കാൻ; അവൾ കരയും.

സമാധാനിപ്പിക്കണം.

"നീ വിഷമിക്കരുത്. എല്ലാ ശനിയാഴ്ചയും ഞാൻ വരും."

മൽഹോത്രയുടെ കാലുപിടിച്ചിട്ടാണ് താൽക്കാലികമായിട്ടാണെങ്കിലും ഈ സ്ഥലംമാററം ശരിയാക്കിയതെന്ന വാസ്തവം ഒരു രഹസ്യമായിരുന്നു. മൽഹോത്ര ചോദിക്കുകകൂടി ചെയ്തു.

"നിങ്ങൾ സൈററിൽ പോകുമ്പോൾ നിങ്ങളുടെ ഫാമിലി...?"

ഒരു കൊച്ചുകുട്ടിയെപ്പോലെ നിഷ്കളങ്കത കാട്ടി പറഞ്ഞു:

"തെററിദ്ധരിക്കരുത്, ഞങ്ങൾ സാമ്പത്തികമായി വളരെ ഹാർഡ് അപ്പ് ആണ്. അതുകൊണ്ട് സാമ്പത്തികനില മെച്ചമാകുന്നതുവരെ കുറച്ചു ക്ലേശങ്ങൾ സഹിക്കാൻ അവളും തയാറാണ്."

മാത്യൂസിനെ വിവരം അറിയിച്ചപ്പോൾ അയാൾ ഉത്തരമൊന്നും പറഞ്ഞില്ല വീട്ടിലേക്കു വിളിച്ചുകൊണ്ടുപോയി.

മുറിക്കകത്ത് പത്രങ്ങളും, പുസ്തകങ്ങളും, ബീഡിക്കുററികളും ചിന്നിച്ചിതറി കിടന്നിരുന്നു. കററുകയാനായി ശ്രീധരൻ ജന്നൽപ്പാളികൾ തുറന്നു.

മാത്യൂസ് ഗ്ലാസ്സുകളെടുക്കുന്ന ശബ്ദം തിരിഞ്ഞപ്പോൾ, ചോദ്യം കേട്ടു:

"നിനക്കു വേണോ?"

ശ്രീധരൻ നിഷേധാർത്ഥത്തിൽ തലകുലുക്കി.

മാത്യൂസ് ചിരിച്ചു.

"നിനക്കു വട്ടാണ്."

ശ്രീധരനും ചിരിച്ചു.

"എങ്കിലെന്തു നന്നായിരുന്നേനേം എന്നു ചിലപ്പോൾ തോന്നാറുണ്ട്."

"ഇന്നാ. ഇത്രേയുള്ളൂ."

കട്ടിയുള്ള നീളൻ ഗ്ലാസിൽ നാലു വിരൽക്കിടന്നു. വെള്ളമൊഴിച്ച് ഗ്ലാസ് നിറച്ചു. മൊത്തിക്കൊണ്ടിരിക്കുമ്പോൾ മാത്യൂസ് ചോദിച്ചു.

"നീയെന്തിനാ ഈ ട്രാൻസ്ഫർ വാങ്ങിയതു? നിന്റെ ഭാര്യയെക്കുറിച്ച് നീ ചിന്തിച്ചില്ലേ?"

ശ്രീധരൻ ഒരു നിമിഷം ആലോചിച്ചു. കള്ളം പറയണോ? അതാണ് നല്ലതു്, സത്യം പറയാൻ തുടങ്ങിയാൽ അതിനൊരന്ത്യമില്ല. പൂർണ്ണമായി മനസ്സിലാകാത്ത സത്യത്തെക്കാൾ ഭേദം, അസത്യമാണ്.

"ഞാൻ ട്രാൻസ്ഫർ വാങ്ങിയതല്ല. ഇന്ന് പെട്ടെന്ന് ഓർഡർ വന്നപ്പോൾ പരിഭ്രമിച്ചുപോയി. ആ പരിഭ്രമം, ഇതാ, ഇപ്പോഴും തീർന്നിട്ടില്ല."

മാത്യൂസിന്റെ ഗ്ലാസ് കാലിയായിരുന്നു.

"നിനക്കു ബീഡി വേണോ?"

"വേണ്ട."

മാത്യൂസ് ഒന്നും സംസാരിക്കുന്നില്ല. നിശ്ശബ്ദത കൂടുതൽ വാചാലമാകുന്നതായി ശ്രീധരൻ തോന്നി. അതാണ് അസഹനീയം. ശ്രീധരൻ ചോദിച്ചു:

"എന്താകണാന്നും മിണ്ടാത്തതു്?"

"മൽഹോത്ര എന്നോടു് മിനിഞ്ഞാന്നത്തെന്നെ പറഞ്ഞിരുന്നു; നീ അയാളുടെ അടുത്ത സംഗതി. അതുകൊണ്ട് ഞാൻ ഒരുണ്ടാകുമ്പോൾ ചോദിച്ച ചോദ്യത്തിനുത്തരം തന്നാൽ മതി."

പെട്ടെന്ന് ഉയർന്ന വികാരം ദേഷ്യമായിരുന്നു. ആരാണിയാൾ? രഹസ്യങ്ങളെല്ലാം അറിഞ്ഞിട്ട് ചോദ്യം ചെയ്യാൻ ഇയാൾക്കെന്തധികാരം? പക്ഷേ, മാത്യൂസിന്റെ നേരെ ദുഷ്ടികളുയർത്തിയപ്പോൾ എതിരിടാൻ ശക്തി തോന്നുന്നില്ല.

"എന്തായിരുന്നു ചോദ്യം?"

"രമയുടെ കാര്യം നീ ചിന്തിച്ചില്ലേയെന്ന്? നീ പൈസയുണ്ടാക്കാനാണ് പോകുന്നതെന്ന് മൽഹോത്രയോടു് പറഞ്ഞു. രമയ്ക്ക് ഇഷ്ടമാണെന്നും. എനിക്കതു വിശ്വസിക്കാൻ പററുന്നില്ല."

ഗ്ലാസിലെ അവസാനത്തുള്ളിയും അകത്തുചെന്നപ്പോൾ തലയ്ക്കുള്ളിൽ ഒരു ലാഘവം തോന്നി. ആരെ ഭയപ്പെടണം? എന്തിനു് ഭയപ്പെടണം?

"രമയുടെ കാര്യം മാത്രമേ ഞാൻ ചിന്തിച്ചിട്ടുള്ളൂ.

"എനിക്കു മനസ്സിലാകുന്നില്ല."

"എനിക്കപ്പോലും ശരിക്ക് മനസ്സിലായിട്ടില്ല. പക്ഷേ, ഒന്നറിയാം. ഞാൻ ഇപ്പോൾ അവസാനത്തെ ഒരു ഭാരം നടത്തുകയാണ്"; രമയ്ക്കുവേണ്ടി. [illegible]

(ശേഷം 51-ൽ)

സാഹിത്യവും കാലികഭൗതികയാഥാർത്ഥ്യങ്ങളും

സാഹിത്യത്തെക്കുറിച്ച് എഴുതുമ്പോഴും പറയുമ്പോഴും കാലഘട്ടത്തിന്റെ സാമൂഹ്യവും രാഷ്ട്രീയവും മതപരവും ഭാഷാപരവുമായ പശ്ചാത്തലം ഞാൻ പരാമർശിക്കാറുണ്ട്. എന്റെ പല സുഹൃത്തുക്കളും എന്നോട് ഇക്കാര്യത്തിൽ, പ്രത്യേകിച്ച് സാമൂഹ്യ-രാഷ്ട്രീയ പശ്ചാത്തലം വിശദീകരിക്കുന്ന കാര്യത്തിൽ, വിയോജിപ്പ് പ്രകടിപ്പിച്ചിട്ടുമുണ്ട്. മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നമാണ് എന്നും എഴുത്തുകാരന്റെ മൗലിക പ്രശ്നമെന്നും സമകാലിനരാഷ്ട്രീയ-സാമൂഹ്യപശ്ചാത്തലത്തിന് സാഹിത്യത്തിൽ യാതൊരു സ്ഥാനവും ഇല്ലെന്നും അവർ അഭിപ്രായപ്പെടുന്നു.

സാഹിത്യത്തിന്റെ പ്രശ്നം മനുഷ്യാസ്തിത്വത്തിന്റെ പ്രശ്നംതന്നെയാണ്. ഏതുകാലത്തും ഏതു എഴുത്തുകാരനെയും ഉലയ്ക്കുന്ന, ചൂളയിലിട്ട് അവന്റെ ആത്മാവിനെ ഉരുക്കുന്ന അവനെ ചുട്ടുചാരമാക്കി, ആയിരത്തിൽ നിന്ന് സൃഷ്ടികർത്താവായി അവനെ ഉണർത്തി ഉയർത്തുന്ന മൗലികചൈതന്യം അവന്റെ നിലനില്പിന്റെ ദുഃഖംതന്നെ, സംശയമില്ല. ജനിച്ചവന്റെ ജന്മത്തിന്റെ തീവ്രവേദന ഒരു പ്രത്യേകതരമുറയുടെയോ ഒരു പ്രത്യേകസമൂഹത്തിന്റെയോ മാത്രം പ്രശ്നമല്ല; അതു് നിതാന്തമാണ്. സർവ്വവ്യാപകമാണ്. ഒസാഫോക്ലീസിന്റെ ദുഃഖംതന്നെ ബെക്കററിന്റെയും ദുഃഖം. വാല്മീകിയുടെ വേദനതന്നെ താരാശങ്കർ ബാനർജിയുടെയും വേദന. സൃഷ്ടിയുടെ വേദന എല്ലാക്കാലത്തെയും എല്ലാ നല്ല എഴുത്തുകാരനും അനുഭവിക്കുന്ന ഒന്നാണ്. ഇങ്ങനെ നോക്കുമ്പോൾ സാഹിത്യസൃഷ്ടിയുടെ മൗലിക പ്രശ്നവുമായി സമകാലീന രാഷ്ട്രീയ സാമൂഹ്യാവസ്ഥയ്ക്കു ബന്ധമൊന്നുമില്ല എന്നു സമ്മതിക്കേണ്ടിവരും.

പക്ഷേ, എഴുത്തുകാരൻ മനുഷ്യനാണ്. അവൻ ജനതയിൽ ദുഃഖം അനുഭവിക്കുന്നവനും യഥാർത്ഥത്തിൽ ഏകാകിയും എപ്പോഴും ഒററപ്പെട്ടവനും അപരിചിതനും ആണെങ്കിൽ കൂടി, അവൻ ഈ ലോകത്ത് ജീവിക്കുന്നു, അവൻ കാപ്പികുടിക്കുന്നു. ഊണുകഴിക്കുന്നു; യാത്ര ചെയ്യുന്നു. ഉപോകുന്ന വഴിക്ക് ഒരു ബസ്സുപകടത്തിൽ പെടുന്നു. മുറിവേല്ക്കുന്നു. മുറിവേററിട്ടെങ്കിൽ മുറിവേററവരെ സഹായിക്കുന്നു. തണുപ്പേർ തമ്മിലുള്ള വഴക്കിലിടപെടുന്നു, അവരെ പിടിച്ചുമാററുന്നു. പിച്ചക്കൊടുക്കുന്നു. വൃഥചരിക്കുന്നു. അങ്ങനെ പലതും ചെയ്യുന്നു. ഇങ്ങനെ ഓരോന്നും ചെയ്യുമ്പോൾ അവൻ ഓരോ പുതിയ അനുഭവം നേടിയെടുക്കുകയാണ്. അനുഭവിക്കുകയും തന്നെ അവന്റെ ഉള്ളിൽ അനേകം നൂതനചിത്രങ്ങൾ ആലേഖനം ചെയ്യപ്പെടുന്നു. അവൻ മനപ്പൂർവ്വം കുറിച്ചു വയ്ക്കുണ്ടതില്ല. മനപ്പൂർവ്വം അനുഭവം അന്വേഷിച്ചു നടക്കേണ്ടതില്ല. അനുഭവചിത്രങ്ങൾ അവന്റെ ഉള്ളിൽ പതിയുന്നു. ഈ ഈ അനുഭവചിത്രങ്ങളിൽ പലതും വിസ്മൃതിക്കപ്പെടുന്നുവെങ്കിലും പലതും വിസ്മൃതിക്കപ്പെടുന്നില്ല. പലതും ഒരു അജ്ഞാത സ്വാംശീകരണ പ്രക്രിയയിൽ അവന്റെ അംശമായി തീരുന്നു. അവൻ ഒരു എഴുത്തുകാരനാണെങ്കിൽ, എന്നെങ്കിലും, കാലങ്ങൾക്കുശേഷം അവനെഴുതുമ്പോൾ ഏതെങ്കിലും ഒരു ചിത്രം അവൻ അവതരിപ്പിക്കുന്ന ഉള്ളിൽ കിടക്കുന്ന ഈ പഴകിയ അവ്യക്തഛായാചിത്രങ്ങൾ മിഴിവോടെ, തികവോടെ അവന്റെ പേനത്തുമ്പത്ത് ഇറങ്ങുന്നില്ലേ? സന്ദർഭങ്ങളുടെ വിശദാംശങ്ങളിലെത്തുമ്പോൾ ഈ പ്രതിരൂപങ്ങൾ വിശദാംശവിവരണങ്ങളുടെ കാര്യത്തിൽ അവന്റെ സഹായത്തിനെത്തുന്നു.

എഴുത്തുകാരൻ സമൂഹത്തിൽ ജീവിക്കുന്നു. നിലവിലുള്ള സാമൂഹ്യ-സാമ്പത്തിക ചുററുപാടുകളുടെ സമ്മർദ്ദം അനുഭവിക്കുന്നു. സംഘർഷങ്ങൾക്ക് വിധേയനാവുമ്പോഴും ദൃക്സാക്ഷിയാകിലും ആയിരിക്കുന്നു. ചുററിലുള്ള ജീവിതം ചുററിലുള്ള ചലനങ്ങൾ അവനിൽ സ്വാധീനം ചെലുത്തുന്നില്ല എന്നു പറയാൻ ആർക്കും സാദ്ധ്യമല്ല. അവൻ എഴുത്തുകാരനാണെങ്കിലും അല്ലെങ്കിലും ഭൗതിക സാഹചര്യം അവനെ സ്വാധീനിക്കുന്നു. അവൻ ജീവിക്കുന്ന ചുററുപാടുകൾ അവന്റെ മനസ്സിന്റെ രൂപവല്ക്കരണത്തിൽ സാരമായ പങ്കുവഹിക്കുന്നു. ഒരുവന്റെ മാനസികസംസ്കാരണം ഒരു വലിയ പരിധിവരെ സമകാലീനസാഹചര്യങ്ങളിൽ കൂടി അധിഷ്ഠിതമാണ്. ഒരുവേള പാരമ്പര്യത്തിനുള്ളിലേക്കോ

ളും ഒരുന്ന സ്ഥാനം കാലികഭൗതികയാഥാർത്ഥ്യങ്ങൾക്കും ഉണ്ടെന്നുവേണം പറയാൻ. അങ്ങനെ സംസ്കരിക്കപ്പെട്ട മനസ്സിന്റെ ഉടമസ്ഥൻ ഒരു എഴുത്തുകാരനാണെങ്കിൽ അയാളുടെ മനസ്സിൽ നിന്നാണല്ലോ അയാളുടെ സൃഷ്ടിയുടെ പിറവിയുക്കുക, അപ്പോൾ ആ മനസ്സിന്റെ സ്വഭാവത്തിന്റെ അംശങ്ങൾ അയാളുടെ കലാസൃഷ്ടിയിലും ഉണ്ടാവാതെ വയ്യ. ചില വിശദാംശങ്ങൾ ചിത്രീകരിക്കുമ്പോൾ പലപ്പോഴും ചുററിലും കാണുന്ന ഭൗതിക സാഹചര്യങ്ങളുടെ ചിത്രങ്ങൾ അയാളുടെ രചനകളിൽ കടന്നുകൂടുന്നു. ഇതു സ്വാഭാവികമാണ്. അങ്ങനെ ഭൗതികസാഹചര്യങ്ങൾക്ക് കലാസൃഷ്ടി പ്രാധാന്യം അംഗീകരിക്കുകയും ഉള്ളതിലേറെയാക്കി പെരുപ്പിച്ചു കാട്ടാൻ ശ്രമിക്കാതിരിക്കുകയും ചെയ്താൽ വഴക്കോ വക്കാണവും ഇല്ലാതാവും. സാമൂഹ്യസാഹചര്യങ്ങൾക്ക് ഉള്ള പ്രാധാന്യം അംഗീകരിച്ചുകൊടുക്കുകതന്നെ സൃഷ്ടിക്കു നിദാനം മനുഷ്യന്റെ നിസ്സഹായവേദനയുടെ പ്രതിധ്വനിയാണെന്ന യാഥാർത്ഥ്യത്തിന് ഒരു കോട്ടവും തട്ടുന്നില്ല.

ആരും വഴക്കുവയ്ക്കുണ്ട. ഉള്ളതു് ഉള്ളതു പോലെ പറഞ്ഞാൽ മതി; തർക്കം വേണ്ടല്ലോ.

—,—

പയ്യന്നൂർ കർമ്മകഥ



പിറ്റേന്നു തമ്പുരാന് ഒരുപാട് ഫയലുകൾ നോക്കാനുണ്ടായിരുന്നു. സാമ്രാജ്യസ്ഥാനത്തുനിന്നു പെട്ടികൾ, പെട്ടികളായിട്ടാണ് കടലാസ്സുകൾ വന്നതു്. അതിനുമുമ്പു വന്നവ വേറെയുമുണ്ടായിരുന്നു. തുടരെ വിളയാടി കടലാസ്സുകൾ നീങ്ങാത്തതുമൂലം ഭരണയന്ത്രം ഭാരം വഹിച്ചു് കുന്തുകയറുന്നില്ലെന്നു് ദിവാന്റെ സൂചനയും ഒരു കറിപ്പിലുണ്ടായിരുന്നു.

വേനല്ലാലവസതിയിലെ വാസം ഇനി നാലുവാരംകൂടിയുണ്ടു്. അതിനിടയ്ക്കു ഭരണത്തെ സാരമായി ബാധിക്കത്തക്കവിധത്തിൽ ഒന്നും ചെയ്യേണ്ടെന്നു് തിരുമനസ്സു കൊണ്ടു തീരുമാനിച്ചു. ഫയലുകളിൽ അവിടുത്തേക്കു വലിയ താല്പര്യം മുന്നമുണ്ടായിരുന്നില്ല. മറ്റുവിധത്തിൽ ഭരണം സുഗമമായി നടത്തുന്നതിലായിരുന്നു വിശ്വാസം. എന്നിരുന്നാലും കടലാസുകൾ വന്നുകൂടി കുമിഞ്ഞിരിക്കുന്ന നിലയ്ക്കു്, കളിയും ഉറക്കവും പ്രാതലും കഴിഞ്ഞു്, അല്പനേരത്തിനു മുമ്പു് അവ പർപ്പടകമാക്കി കളയാമെന്നു് അവിടുന്നു തീരുമാനിച്ചു.

പ്രാതൽ കഴിഞ്ഞപ്പോളാണു് മട്ടൊന്നു മാറിയതു്. ഏറിവരുന്ന വൈശാഖത്തിന്റെ വെയിലിനെതിരെ തിരുമനസ്സിലെ കണ്ണുകൾ താനേ അടഞ്ഞുതുടങ്ങി. ഏതോ ഒരു താസിൽദാരെ ഡിപ്യൂട്ടി കുലക്ടരായി ഉദ്യോഗക്കയറ്റം നല്കുന്നതിനു ശുപാർശചെയ്തുകൊണ്ടുള്ള ഫയൽ നോക്കാമ്പോളാണു് ഇതു സംഭവിച്ചതു്. എന്നാൽ തല്ക്കാലം അവൻ അവിടെ നില്ക്കട്ടെ എന്നു തീരുമാനിച്ചു. പ്രമോഷൻ സ്റ്റേ ചെയ്തു് ഫയൽ അടച്ചുവെച്ചു. രണ്ടാമതൊന്നു നോക്കിയില്ല, ചെറുതായൊന്നു റങ്ങി അല്പനേരത്തു കഴിഞ്ഞു ഇരസ്സപ്പണി തുടരാമെന്നുവെച്ചു. വീണ്ടും ഉറക്കം വരികയാണെങ്കിൽ നാളെ. അല്ലെങ്കിൽ അതിനടുത്ത ദിവസം. ദിനരാത്രങ്ങൾക്കാണോ പഞ്ചം? തലേന്നത്തെ ശേഷിപ്പുദാഹം, ചങ്കുവിന്റെ അലച്ചിലും, ലില്ലയുടെ കളകൂജനവും അവിടുത്തെ കാതിൽ കിന്നരം മുഴങ്ങുകയായിരുന്നു.

എന്നാൽ നമുക്കു് പള്ളിക്കുറുപ്പിനു പ്രവേശിക്കുകതന്നെ എന്നു സ്വയം പറഞ്ഞു് അവിടുന്നു് എഴുന്നേറ്റു. അപ്പോൾ മുഖത്തിനു കുറുകേ ഒരപരാധബോധവുമായി അതാ നില്ക്കുന്നു സമ്പ്രതി പയ്യനവർകൾ.

വിശേഷിച്ചു്?—അവിടുന്നു് അല്പം നിരസത്തോടെ ചോദിച്ചു.

അടിയൻ: കല്ലിച്ചു് ക്ഷമിക്കണം. അഗ്രഹമായി നടത്തുന്നതിലായിരുന്നു വിശ്വാസം. എന്നിരുന്നാലും കടലാസുകൾ വന്നുകൂടി കുമിഞ്ഞിരിക്കുന്ന നിലയ്ക്കു്, കളിയും ഉറക്കവും പ്രാതലും കഴിഞ്ഞു്, അല്പനേരത്തിനു മുമ്പു് അവ പർപ്പടകമാക്കി കളയാമെന്നു് അവിടുന്നു തീരുമാനിച്ചു.

ചുമ്മാതെ ഒന്നു കാണാൻ വന്നതാണു്. ഇനി ഒരു കാര്യം കൂടിയുണ്ടു്. അതിനിടയ്ക്കു ഭരണത്തെ സാരമായി ബാധിക്കത്തക്കവിധത്തിൽ ഒന്നും ചെയ്യേണ്ടെന്നു് തിരുമനസ്സു കൊണ്ടു തീരുമാനിച്ചു. ഫയലുകളിൽ അവിടുത്തേക്കു വലിയ താല്പര്യം മുന്നമുണ്ടായിരുന്നില്ല. മറ്റുവിധത്തിൽ ഭരണം സുഗമമായി നടത്തുന്നതിലായിരുന്നു വിശ്വാസം. എന്നിരുന്നാലും കടലാസുകൾ വന്നുകൂടി കുമിഞ്ഞിരിക്കുന്ന നിലയ്ക്കു്, കളിയും ഉറക്കവും പ്രാതലും കഴിഞ്ഞു്, അല്പനേരത്തിനു മുമ്പു് അവ പർപ്പടകമാക്കി കളയാമെന്നു് അവിടുന്നു തീരുമാനിച്ചു.

പ്രാതൽ കഴിഞ്ഞപ്പോളാണു് മട്ടൊന്നു മാറിയതു്. ഏറിവരുന്ന വൈശാഖത്തിന്റെ വെയിലിനെതിരെ തിരുമനസ്സിലെ കണ്ണുകൾ താനേ അടഞ്ഞുതുടങ്ങി. ഏതോ ഒരു താസിൽദാരെ ഡിപ്യൂട്ടി കുലക്ടരായി ഉദ്യോഗക്കയറ്റം നല്കുന്നതിനു ശുപാർശചെയ്തുകൊണ്ടുള്ള ഫയൽ നോക്കാമ്പോളാണു് ഇതു സംഭവിച്ചതു്. എന്നാൽ തല്ക്കാലം അവൻ അവിടെ നില്ക്കട്ടെ എന്നു തീരുമാനിച്ചു. പ്രമോഷൻ സ്റ്റേ ചെയ്തു് ഫയൽ അടച്ചുവെച്ചു. രണ്ടാമതൊന്നു നോക്കിയില്ല, ചെറുതായൊന്നു റങ്ങി അല്പനേരത്തു കഴിഞ്ഞു ഇരസ്സപ്പണി തുടരാമെന്നുവെച്ചു. വീണ്ടും ഉറക്കം വരികയാണെങ്കിൽ നാളെ. അല്ലെങ്കിൽ അതിനടുത്ത ദിവസം. ദിനരാത്രങ്ങൾക്കാണോ പഞ്ചം? തലേന്നത്തെ ശേഷിപ്പുദാഹം, ചങ്കുവിന്റെ അലച്ചിലും, ലില്ലയുടെ കളകൂജനവും അവിടുത്തെ കാതിൽ കിന്നരം മുഴങ്ങുകയായിരുന്നു.

എന്നാൽ നമുക്കു് പള്ളിക്കുറുപ്പിനു പ്രവേശിക്കുകതന്നെ എന്നു സ്വയം പറഞ്ഞു് അവിടുന്നു് എഴുന്നേറ്റു. അപ്പോൾ മുഖത്തിനു കുറുകേ ഒരപരാധബോധവുമായി അതാ നില്ക്കുന്നു സമ്പ്രതി പയ്യനവർകൾ.

വിശേഷിച്ചു്?—അവിടുന്നു് അല്പം നിരസത്തോടെ ചോദിച്ചു.

അടിയൻ: കല്ലിച്ചു് ക്ഷമിക്കണം. അ

ന്നേ. തേൻതുള്ളിമനയ്ക്കലെ നമ്പൂതിരിമാർ എന്നും രാജസ്ഥാനത്തെ വിശ്വസ്തന്മാരായി വർത്തിച്ചുവന്നിട്ടുള്ളവരാണു്. ഇവർ സോമയാജികളും, ഹാജികളും, അഗ്നിഹോത്രികളുമാണു്. മമ്പാടുകളെ നവദ്വാരവും ചൊത്തി, ശ്വാസം മുട്ടിച്ചു് കൊന്നുകൊന്നു് എത്രയോ യാഗങ്ങൾ നടത്തിയവരാണു്. മറ്റുള്ള വേളിയും സർവ്വത്ര സംബന്ധവും ഒരു തപ്തസംഹിതയായി അംഗീകരിച്ചുപോരുന്നവരാണു്.

വർഗ്ഗത്തെ നാം വെറുക്കുന്നു—മഹാരാജാവു പറഞ്ഞു.

ഇവിടുത്തേക്കു ചരിത്രമറിയാവുന്നതുകൊണ്ടു വന്നുഭവിക്കുന്ന വികാരമാണതു്.

ശരിയായിരിക്കാം. നാമിപ്പോൾ എന്തു വേണം?

തിരുമനസ്സുകൊണ്ടു് അച്ചുതനന്ദനെ കാണണമെന്നുതന്നെ അടിയൻ എളിമയായി ബോധിപ്പിക്കുന്നതു്

ശരി. അയാൾ പ്രവേശിക്കട്ടെ.

കൂടെ കൂട്ടിൻമുക്കു് വൈദികൻ കൂടിയുണ്ടു്.

അയാൾക്കും നമ്മെ കാണണോ?

തിരുവുള്ളക്കേടില്ലെങ്കിൽ—

നമുക്കു തിരുവുള്ളക്കേടുണ്ടു്—തിരുമനസ്സുകൊണ്ടു കല്ലിച്ചു—അച്ചുതാനന്ദൻ മാത്രം നമ്മെ മുഖം കാണിച്ചാൽ മതി.

പയ്യൻ വീൻവാങ്ങി. അച്ചുതാനന്ദൻ കോണികയറിവരുന്ന ശബ്ദം തിരുമനസ്സുകൊണ്ടു് കേട്ടു. പെട്ടെന്നു് അവിടുന്നു് ഒരു തീരുമാനമെടുത്തു. ഇവനെ നാം ഇരുത്തുകയില്ല. അവൻ അച്ചുതാനന്ദനല്ല. ചിന്മയാനന്ദനായാലും നമുക്കേതുമില്ല. നീചനെ നിവൃത്തിക്കുന്നെ നാം സംസാരിക്കുന്നതാകുന്നു.

വെളുത്തു വല്ലതായി, അറുപതുകൾ കഴിഞ്ഞ അച്ചുതാനന്ദനവർകൾ. സുപരിചിതനെന്നതിനു ചേംബറിലേയ്ക്കു കടന്നുവന്നു. അന്നേരം ഒരു സിഗരറ്റിനു പുകയുതിക്കൊണ്ടു ചതയം തിരുനാൾ അവിടെ ഉലാത്തുകയായിരുന്നു.

ഉണ്ണിയെ നാം ഇതുവരെ കണ്ടിട്ടില്ല—ഒരു ചിരിയോടെ അച്ചുതൻ പറഞ്ഞു—ക്ഷാൾ ധാരാളം കേട്ടിട്ടുണ്ടെന്നർത്ഥം.

വ്യക്തിപരമായി, കാരണവരുടെ നിലയിലാണു് ഡയലോഗ്, തിരുമനസ്സു

വി. കെ. എൻ.

ഭൂവരാഹം

കൊണ്ടു വിചാരിച്ചു. അവിടുന്നു പറഞ്ഞു:

ശരിയാണു്. നാം തമ്മിൽ ഇതുവരെ കണ്ടിട്ടില്ല.

എന്നാൽ എനിക്കു് ഇശ്ശി പരിചയമാണു്. കണ്ടുമുട്ടിയിരിക്കുന്നു. കാണുമ്പോഴൊക്കെ അമ്മതമ്പുരാട്ടി ഉണ്ണിയെക്കുറിച്ചു് പറയാറുണ്ടു്.

തിരുമനസ്സുകൊണ്ടു് ഒന്നും പറഞ്ഞില്ല. നമ്പൂരി കസേരയിലേക്കു ചതയം തിരുനാളിന്റെ മുഖത്തേക്കും മാറിമാറി നോക്കി. ഇരിക്കാൻ പറയുകയേ വേണ്ടു, നാം തമ്പുരാൻ എന്ന ഭാവത്തിൽ. തിരുമനസ്സുകൊണ്ടു് അതു മനസ്സിലാക്കി. അവിടുന്നു നടത്തം തുടർന്നു. രാജാവു് രാജാവും പ്രജ പ്രജയും താനായെന്നു് അവിടുന്നു് അനായാസമാണു് ഗ്രഹിച്ചു. ഇരിക്കാൻ പറഞ്ഞാലല്ലാതെ അച്ചുതൻ തന്റെ മു

ബിൽ ഇരിക്കുകയില്ല. എന്നാൽ തനുണ്ടോ അച്ചുവിനോടു പറയുക?

നമ്പൂരി എഴുന്നുള്ളിച്ചു:

കഴിഞ്ഞ തവണ കോലോത്തു വന്നപ്പോൾ ഉണ്ണിയെ കണ്ടില്ല. ശീലക്കു പോയിരിക്കയാണെന്നു അമ്മതമ്പുരാട്ടി പറഞ്ഞു.

ശരിയായിരിക്കണം

എന്നാൽ അരിയിട്ടുവാഴ്ചയ്ക്കു്, ഉണ്ണിയുടെ സിംഹാസനാരോഹണത്തിനു്, നാം ഹാജരുണ്ടായിരുന്നു.

സന്തോഷം.

ഉണ്ണി നമ്മെ കണ്ടോ?

കാണുകില്ല. അക്കാലം നമ്മുടെ ഗോചരത്തിലെ മൈനസ് ടൈ ആയിരുന്നു.

അതു പിടികിട്ടാത്തപ്പോൾ അച്ചുതൻ ചോദിച്ചു:

എന്തേ കുട്ടിമുക്കിനു കാണണമെന്നു വെച്ചതു്?

ആ തിരുമനസ്സെടുത്ത നിമിഷത്തിൽ തോന്നിയതു് അങ്ങനെയാണു്.

അൾ വൈരികനാണെന്നറിയില്ലേ?

പയ്യൻ തന്നെ ധരിപ്പിച്ചിട്ടുണ്ട്.

കൂട്ടിൻമുക്കിന് ഒന്നു മുഖം കാണുകയേ വേണ്ടു: വിരോധമുണ്ടോ?

ഉണ്ട്. നമ്മുടെ മുഖത്തിനിപ്പോൾ സൌകര്യമില്ല.

രാജൻ അല്പം അസാമാന്യൻതന്നെ എന്നു ധരിച്ചതായി അച്ചുതാനന്ദന്റെ മുഖം വിളിച്ചറിയിച്ചു.

അനുനയത്തിലായി അടുത്ത അഭ്യാസം.

ഉണ്ണിക്ക്പ്പോൾ ഇതുപതു കഴിഞ്ഞോ? എന്നാണ് പുറന്നാൾ?

കാര്യമാത്രപ്രസക്തമായി തിരുമനസ്സു കൊണ്ടു പറഞ്ഞു:

കൊട്ടാരം ജ്യോത്സ്യനോടു ചോദിക്കേണ്ടുന്ന കാര്യമാണതു്.

എന്നാലിനി വിഷയത്തിലേക്കു പ്രവേശിക്കുകതന്നെ എന്നുറച്ചുകൊണ്ട് അച്ചുതാനന്ദൻ പറഞ്ഞു:

ഇന്നവന്റെ കഥകളിയുടെ കാര്യം, ഉണ്ണീ—

ഉലാത്തുന്നതിനിടയിൽ പെട്ടെന്നു തിരിഞ്ഞു തിരുമനസ്സുകൊണ്ടു പറഞ്ഞു:

ഉണ്ണീ എന്നു സംബോധന ചെയ്യുന്നതിൽ നാം അസന്തുഷ്ടനല്ല. അമ്മാമ്പുരാട്ടിക്കും സഹോദരി ഗായത്രീദേവിക്കും മാത്രം അവകാശമുള്ള മട്ടാണ് ആ കേൾവി—വിളി, ചെല്ലുവിളി.

അതു നാം ധരിക്കുകയുണ്ടായില്ല.

എന്നാൽ ഇപ്പോൾ ധരിച്ചുകൊള്ളുക:

ക്ഷ—അച്ചുതാനന്ദൻ പറഞ്ഞു—ഇന്നലത്തെ കഥകളിക്രമം പന്തിയായില്ല എന്നു പലയാളെ വയ്യ:

ഏതുമട്ടിലും അപന്തിയായെന്നു് നമ്പൂരി പറയുന്നതു്?

ദുരോദയനവധം ആദ്യം വേണ്ടിയിരുന്നുവോ?

വേണ്ടിയിരുന്നു

അവതാരം പോരായിരുന്നോ?

പോരായിരുന്നു.

നോമിന്നു മനസ്സിലായില്ല.

ലളിതസൌഭഗമാണ് സംഗതി തിരുമനസ്സുകൊണ്ടു പറഞ്ഞു—കുചേലന്റെ അല്പ്പാണ്ടം നമുക്ക് ആദ്യം കേൾക്കേണ്ടിയിരുന്നതു്. അതുകൊണ്ടു വധത്തിനു മുൻഗണന കൊടുത്തു

അപ്പക്ഷ നന്നായി.

എന്നുതന്നെയാണു നമുക്കും തോന്നിയതു്.

അല്ല, നളചരിതവും ഭേഷായി.

ഓഹോ!

അല്ലാ ബാലിവിജയവും പഴിക്കുപഴിയും പഴിക്കുപഴി കേമം തന്നെയായിരുന്നുവോ. പ്രേംനസീറിന്റെ രാവണൻ ഇമ്പി.

ശബ്ദം നാം കേട്ടു:

എന്നാൽ പഴിക്കുപഴിയെക്കുറിച്ച് അസാരം ഒരു ഭിന്നാഭിപ്രായക്കുറിപ്പ്. കഥകളിയേക്കാൾ കൂടുതൽ അതൊരു നാടകമല്ലേ?

ആണോ?

എന്താ തമ്പുരാന്റെ അഭിപ്രായം?

ഈവക കാര്യങ്ങളിൽ നമുക്ക് ഇറന്ന മനസ്സാണുള്ളതു്. കേൾപ്പോരും കേൾവിയുമനുസരിച്ചാണ് അഭിപ്രായം രൂപിതമാവുക.

പതം വന്ന അച്ചുതാനന്ദൻ പറഞ്ഞു.

അതു നാം ധരിക്കുകയുണ്ടായില്ല.

നാടകം എവിടെ അവസാനിക്കുന്നു, കഥകളി തുടങ്ങുന്നു എന്നതിനെ ആശ്രയിച്ചിരിക്കുന്നു സമസ്ത ദൃശ്യകലാകോലാഹലവും—തിരുമനസ്സുകൊണ്ടു കല്പിച്ചു.

നിലത്തെങ്കിലും കത്തിക്കുന്നോട്ടെ എന്നായി തന്റുള്ളി നമ്പൂതിരി. ആഘാതം അത്ര ഗംഭീരം.

പ്രസ്തുത അഭ്യർത്ഥനയിൽ ഒരു യിപ്പ് കല്പിക്കുന്നതിനുമുമ്പ് തിരുമനസ്സുകൊണ്ടു അരുളിച്ചെയ്തു:

വന്ന കാര്യം പറയൂ.

അസാരം പറയാനുണ്ടെന്നായി അച്ചുതാനന്ദൻ. ച്ചാൽ, വിലപ്പെട്ടിനഥദർശനംവേണമെന്നു തോന്നി. അതു സാധിച്ചു. ഇന്നലെയും ഇന്നുമായി മേടത്തിലേയും ഇടവത്തിലേയും കളിതൊഴൽ. കഴലുത്തു് മുതലായവ കഴിച്ചു.

അതെങ്ങനെ? — തിരുമനസ്സുകൊണ്ടു് ചോദിച്ചു.

ച്ചാൽ, ടോ മുപ്പത്തൊന്നിന് ഇന്നലേയും എടവം ഒന്നിന് ഇന്നുമായി രണ്ടു മാസത്തെ സേവ നടത്തി.

ചതയംദിനം ളിനു ചിരിക്കാതിരിക്കാൻ കഴിഞ്ഞില്ല. ചതയമായതുകൊണ്ടല്ല ചിരിച്ചതു്. പുരുഷട്ടാതിയായിരുന്നെങ്കിലും അദ്ദേഹം ചിരിക്കുമായിരുന്നു.

വരമോഴിപോലത്തെ വാമൊഴിയിൽ അവിടുന്നു കല്പിച്ചരുളി.

സുന്ദരമായ ദേവവന്ദനം, അല്ലേ?

ഹേയ്, അതല്ല.

പടച്ചവനെ പററിക്കുന്ന ഈ ഇടപാടു നമുക്കു രസിച്ചു. ഗുരുവായൂരപ്പ് ഇഹ്ഗുമെന്റ് ഭക്തരിടയിൽ ഇതാണത്രെ പതിവ്.

ഹേയ്, പററിക്കൽ അശേഷമില്ലെന്നർത്ഥം. മാസത്തൊഴൽ മുടക്കുന്നില്ല എന്നു വെച്ചാൽ മതി

നമ്പൂരി മുടക്കിയാലും നമുക്കൊന്നുമില്ല—തിരുമനസ്സുകൊണ്ടു കല്പിച്ചരുളി. ശേഷം പറയൂ.

ച്ചാൽ—അച്ചുതാൻ പറഞ്ഞു— നാട്ടുനടപ്പിതികളേയും ത്രസമ്പ്രദായങ്ങളേയും കുറിച്ചാണ് ഇനി പറയാനുള്ളതു്.

വേഗം വേണം—അവിടുന്നു കല്പിച്ചു—നമുക്കു വേറെ പണിയുണ്ട്.

നമ്പൂരി തത്രപ്പെടുകയായി പറഞ്ഞു:

ദേവദർശനത്തിനു വരുമ്പോൾ പൊററയിലാണു ക്യാമ്പ്. പതിവിനു വിപരീതമായി അതിന്നലെ തരമായില്ല. തേൻതുള്ളിയിലെ കാണക്കാടിയാനാരാണു പൊററക്കാർ എന്നോർക്കണം:

ചതയം തിരുനാൾ അച്ചുതാനന്ദനെ എതിർവിസ്താരം ചെയ്തു.

പൊററയിൽക്യാമ്പ് എന്നു പറയുമ്പോൾ രാത്രികലാപരിപാടികളും എന്നു കൂടി അർത്ഥമുണ്ടോ?

വേറൊന്നുമല്ല അർത്ഥം, എന്നർത്ഥം.

ലീലയിൽ ഏർപ്പെടുന്ന പ്രജകളേവ?

ശങ്കരന്റെ അനന്തിരവൾ.

പേരു്?

പ്രസന്ന.

ആറാം ഇളമുറയുടെ സംബന്ധമോ?

അല്ലെന്നർത്ഥം. ഇളമുറയുടെ ജ്യേഷ്ഠത്തിയാണ് ഈ സാധനം. മച്ചി. ഇശ്ശി സംബന്ധക്കാർ വന്നിട്ടുണ്ട്. ഒരാളും ഒട്ടിനിന്നിട്ടില്ല വന്നുപോയുംകൊണ്ടുമേ ഇരിക്കുന്നു.

(ഇതൊരു പുതിയ വിജ്ഞാനമാണല്ലോ.)

എന്നിട്ട്?

അവളുടേയും ഇളയവളുടെ ഇളയവൾ ലീല്ലി പുഷ്പിണിയായിട്ടുണ്ടെന്ന് ഇന്നലെ സ്ഥലത്തു വന്നപ്പോളാണ് വിവരം കിട്ടിയതു്. പ്രാപിക്കാൻ ശ്രമിച്ചു. അവളും കാരണവരും നമ്മെ നിഷേധിച്ചു. അപമാനം?

തിരുമനസ്സിന്റെ നാസാരന്ധ്രങ്ങൾ വീർത്തുകയായിരുന്നു.

പിന്നെന്തുണ്ടായി?

വേറേയും പൊററയിലെ ഇളമുറക്കാർ ചില ജഡ്ജികളും മററുമായവർ നമ്മെ അവഹേളിച്ചുഉണ്ടിയിരിക്കുന്നു. അവരുടെ കാണം കഴിപ്പിക്കാനാണ് നാം തിരുമാനിച്ചിട്ടുള്ളതു്.

വളരെ നല്ലതു്—ചതയം തിരുനാൾ പറഞ്ഞു. വേറെ വല്ലതും പറയാനുണ്ടോ?

ഇല്ല. ഇതു പോരേ?

മതി—അവിടുന്ന് ഒന്നു കരച്ചു. സമ്പ്രതി പയ്യൻ മുറിയിൽ കടന്നുവന്നു.

നമ്മുടെ അടുത്ത പരിപാടി എന്തു്?—തിരുമനസ്സുകൊണ്ടു ചോദിച്ചു്

കല്പിച്ചു്, അതുതന്നെ.

എന്നാൽ നമ്പൂരി ഇപ്പോൾ ശ്രദ്ധിക്കുവ. അദ്ദേഹം പറഞ്ഞു:

പയ്യൻ ചൂണ്ടിയ വിരലിന്റെ ഭാഗം നോക്കി അച്ചുതാനന്ദൻ നിഷ്കർഷിച്ചു:

മദ്ധ്യാഹ്നഭക്ഷണത്തിന് എഴുന്നള്ളത്തിനുമുമ്പ് അവിടുന്ന് സമ്പ്രതിയോടു കല്പിച്ചു:

തേൻതുള്ളിയുടെ വക ശ്രീയുടെ കാര്യത്തിൽ പൊററക്കാരുമായി നടക്കുന്ന വികാസപരിണാമങ്ങളെക്കുറിച്ച് ദിവാൻ പേഷ്കാർ നിന്നും നമുക്ക് ഒരു റിപ്പോർട്ടു വേണം. ഇരുപത്തിനാലുമണിക്കൂറിനകം.

— 0 —

കാലൻകോഴിയുടെമുട്ട

മാതയിൽ അരവിന്ദ്

ഇടനാഴിയിൽ ഉച്ച നാളികേരമുറികളിൽ കത്തുന്ന തിരികൾക്കു മദ്ധ്യേ കൊടിപുതച്ച മൃതദേഹം. പിണ്ഡനിവേദ്യമുള്ള കിടപ്പ്. ഉറക്കത്തിൽ സ്വപ്നം കാണുന്നപോലെ അർദ്ധപുഞ്ചിരിയോടെ. അന്ത്യനിദ്ര.

എന്റെ മകൻ...

ഉമ്മറക്കോലായിൽ ചവിട്ടുപടിയ്ക്കു മേലെ കാൽവെച്ച്, മുക്കിന് ആശ്രയവുമായി ചുണ്ടാണിവിരലും പെരുവിരലും ചേർത്ത്, സമാധിയിൽ അച്ഛൻ. കാൽക്കീഴിൽനിന്നും പുറപ്പെട്ട ദേഹമാസകലം പടർന്നു, വിറ.

വടക്കിന്നകത്തിൽ കണ്ണീരുമുടിയ മുഖവുമായി ഭാര്യ. മകന്റെ രണ്ടാമത്തെ. മടിയിൽ അന്ത്യസ്ഥാനം കണ്ടെത്തി പ്രജ്ഞ കൈവെടിഞ്ഞ ഭാര്യാസോദരി. മകന്റെ ഭാര്യ.

വിശാലം. ഈ ഏട്ടൻ...ഈ അച്ഛൻ... രണ്ടുഭർതൃബന്ധങ്ങൾ. വഴിഞ്ഞൊഴുകേണ്ട സ്നേഹം. പക്ഷേ, ഹൃദയത്തിന്റെ അടിത്തട്ടിൽനിന്നും വരിവച്ചുവന്നതു് വിഷസ്രോതസ്സ്.

പടിപ്പുരയിൽ എട്ടുപൊട്ടും തിരിയാത്ത മകന്റെ മക്കൾ. പിഞ്ചോമനകൾ. നഷ്ടപ്രേമമുള്ളതിനേക്കാൾ പ്രത്യേകതരത്തിൽ ചുളിപ്പോവുന്ന അച്ഛൻ.

മരണം ജീവിതത്തിൽനിന്നുള്ള മടക്കമാണെന്ന് ആരെക്കിടപ്പുകളെ അറിയുന്നോ?

ശൈത്യകാലം. തണുത്ത കരത്താൽ കുലുക്കപ്പെട്ടതുകൊണ്ട് ഇലകൊഴിഞ്ഞ പൂവരച്ചു് നഷ്ടവസന്തങ്ങളുടെ ഓർമ്മയിൽ മഞ്ഞുപാളികൾ കൊഴുത്ത ബാഷ്പകണങ്ങളായി കൺമുന്നിൽ. തരിശായ കൊമ്പുകൾ ചുള്ളികളായ വിരലുകൾ വിടർത്തി ആലംബനത്തിനായി കൈ കാട്ടി.

എന്റെ പ്രതീകം...

അങ്ങനെയെല്ലാം ചെയ്തിട്ട് ഈ വൈകിയവേളയിൽ എന്തിനീ മുതലക്കണ്ണീർ...?

മകനേ, ചോദിക്കുന്നോ? ചോദിച്ചു കൂട്ടി...

മരിച്ചവരുടെ ആത്മാക്കളേ, കുററപ്പെടുത്തു കൂരമ്പുകൾ ഏറിയു. ശരശയനം തന്നെ

കഴിഞ്ഞ രാത്രി പ്രാണന്റെ നെയ്ത്തിരി സ്വയം ഊതിക്കെടുത്തിയ മകൻ് ചുററിലുമുള്ള ജീവിതങ്ങളിലെ പ്രകാശവലയം അണഞ്ഞു. മാംഗല്യസൂത്രം നഷ്ടപ്പെട്ട യുവതി. അച്ഛൻ സാങ്കല്പികചിത്രമായി മാറിയ രണ്ടു പിഞ്ചുകുട്ടികൾ. അശരണകുടുംബം.

എല്ലാററിനും കൂടി ഒരേയൊരു കാരണക്കാരൻ അച്ഛനെന്ന വിഷജന്തു.

മാപ്പില്ല മകനേ, അച്ഛന് മാപ്പില്ല—

ആദ്യകാലങ്ങളിൽ മകനെന്നുവച്ചാൽ ജീവനായിരുന്നു. കണ്ണിലെ കൃഷ്ണമണി. വർഷങ്ങളുടെ മുന്നേററത്തിൽ വലുതായി ഒരാണായപ്പോൾ കണ്ണിലെ കരട്.

ഒരോരോ തോന്നലുകൾ. കഷ്ടകാലം തെളിച്ചു ഊടുവഴിയിലൂടെ നടന്ന്, ബീഭത്സനിഴലുകൾ തോരണം ചാർത്തിയ ഇടുങ്ങവഴി.

തെരിക്കലേഷൻകടത്തുകടന്ന് ജീവിതത്തിന്റെ നാലും കൂട്ടുന്ന വഴിയിൽ പകച്ചുനിന്ന മകൻ പ്രീതിഭാജനമായിരുന്നു. പഠിപ്പിക്കണം എന്ന അദമ്യമോഹം. അച്ഛന്റെ ആഗ്രഹത്തെ തൃപ്തിപ്പെടുത്തി കനിസംഭവമായി മകൻ. മനസ്സ് കലങ്ങി. കാലുഷ്യം അടിഭാഗത്തു് "മട്ടു്" പോലെ കിടന്നു.

നീയും നിന്റെ വഴിയും വിചിത്രം.

നായക്ക് കരുവാനാവാൻ മോഹം. കാർപ്പെന്റേഷൻ ഇൻസ്റ്റിററ്യൂട്ടിൽ സ്റ്റിത്തി ക്ലാസ്സിൽ ചേരണം.

അച്ഛനെ അനുസരിക്കാത്ത മകന്റെ ആഗ്രഹം നടന്നു. അന്നു മനസ്സിലെ ചിത്രത്തിൽ പോറലുവീണുകാണും. കാലത്തിന്റെ കടന്നുപോക്കിൽ കോറലുകൾക്ക് ആഴംവെച്ചു. ചിത്രം പിളർന്നു. രൂപം രണ്ടും നാലും ചതുഷ്കോണക്കഷ്ണങ്ങളായി.

വെറുപ്പിന്റെ പശ്ചാത്തലമൊരുക്കൽ കഴിഞ്ഞു. എന്നായിരുന്നു ബീജാവാപവും ജനനവും?

മകൻ അഞ്ചാംതരത്തിൽ പഠിക്കുവെ പുനർവിവാഹം. വധുവിന് വരനേക്കാൾ പാതിപ്രായം. കാരണവരുടെ മൂത്ത സന്തതി, ഇളയവൾക്ക് പത്രണ്ടുവയസ്സ്. നാലാംതരത്തിൽ വായന. ആൺമക്കൾ വിദേശവാസികൾ. നാലക്കത്തിൽ ശമ്പളം.

തറവാടായ നാലുകെട്ട് ഉപേക്ഷിച്ച് സ്വന്തമായി വാങ്ങിയ പുതയിടത്തിൽ കാണെവർ മാറിത്താമസിച്ച കാലം. പാട്ടക്കാർ കാളവണ്ടികളിൽ പുതിയിടത്തു വന്നു. കളത്തിൽ നെൽക്കൂമ്പാരങ്ങൾ ഉയർത്തി.

കാര്യസ്ഥൻ എന്ന പട്ടം. കൈവെള്ളവഴി പണത്തിന്റെ പ്രവാഹം. ഒന്നുകൾ അണ—പൈയിൽ കാണാൻ പാടി

ച്ചു. കാരണവരുടെ വിശ്വാസം വലിയ വണ്ണക്കേടായി തലയ്ക്കുമുകളിൽ വീണു.

മകൻ മറ്റാക്കാളവണ്ടിയിൽ സ്കൂളിൽ പോയി. ഒപ്പം കാരണവരുടെ ഇളയ മകളും.

മകൻ കൊച്ചുരാഷ്. വിശാലത്തിന്റെ സംശയങ്ങൾക്കുറുതി. വർഷങ്ങളുടെ പഴക്കം പാഠ്യേതരവിഷയങ്ങളിലേക്കുള്ള ശ്രദ്ധയുടെ തിരിച്ചുവിടലിലുള്ള കലാശം. ആത്മബന്ധത്തിന്റെ ആവിർഭാവത്തോടെ ഉന്മത്തരസികപ്രവേശം.

മക്കൾ പരസ്പരം അറിഞ്ഞതല്ല് അവന്റെ അച്ഛനും അവളുടെ അച്ഛനും അറിഞ്ഞില്ല.

വിവാഹാലോചനകളുടെ മധ്യത്തിൽ പ്രതിഷേധസ്വരം ഉയർന്നു. പുതിയ സദിപനവും ദീതിയും. കഴിക്കാത്ത ഭക്ഷണത്തിന്റെ പേരിൽ, മിണ്ടാത്ത സംസാരത്തിന്റെ പേരിൽ കാരണവരുടെ ചിത്തം അലിഞ്ഞു. ഉപവാസമൌനവ്രതാദികളുടെ അവസാനത്തിൽ ആശീർവ്വാദം.

മകനും മാര്യയും പടിപ്പുരയിൽ താമസമാക്കി. മറ്റൊരു കുടുംബം.

അച്ഛന്റെ ശത്രു...!

പകരം സ്ഥിതിഅദ്ധ്യാപകനായി. രണ്ടു ഷർട്ടോണ്ട് അകലേയുള്ള സർക്കാർ സ്കൂളിൽ നിയമനം കിട്ടി. ഞായറാഴ്ച എന്നും അവന്റെ മുഖം കണികണ്ടു.

വിവാഹാനന്തരം മകനോടു സംസാരമുണ്ടായില്ല. മുറിയ്ക്കാതെ നീണ്ടുപോയ അഖണ്ഡമൌനം.

പകയുടെ നെരിപ്പോട്ട് ഹൃദയം. ഉള്ളിൽ ചുട്ടെരിഞ്ഞു. ആവി പൊന്തുന്നു.

പ്രതികാരത്തിന്റെ ജ്വാലിപവ്വതം ഉള്ളിലൊതുക്കി. കരുതുന്ന ചോർന്നുപോവാത്ത ഒരു നിമിഷം! സ്ഫുംഫിംഗത്തിന്റെ സ്ഫോടനമാത്ര. അപ്പോൾ പ്രവൃത്തിയുടെ മണ്ഡലത്തിലേയ്ക്കു കുതിച്ചുചാട്ടം. ആരോടെ ജീവിതത്തിന്ന് അർത്ഥമുണ്ടാവുന്നു.

പ്രാരാബ്ധത്തിന്റെ മൂർദ്ധന്യാവസ്ഥയിൽ കാരണവർ മരിച്ചു. ശേഷക്രിയകൾക്കുശേഷം മക്കൾ തിരിച്ചുപോയി. ഉത്തരത്തു കിടന്നിരുന്ന അയേൺ സെയ്ഫിന്റെ താക്കോൽ മൂത്തമകൻ കൊണ്ടുപോയി. അടുത്ത വരവിൽ ഭാഗം നടക്കും. പരസ്പരം ബന്ധിച്ചിരുന്ന കണ്ണി അറ്റു. ചിന്നിച്ചിതറൽ സംഭവ്യം.

പട്ടക്കാർ പുതിയ കാരണവരുടെ വീട്ടിലേയ്ക്കു വണ്ടികളെത്തിച്ചു. ഇനി ആ വീട്ടു സുഭിക്ഷതയിൽ മുങ്ങും. കളം യുദ്ധവിധവയുടെ ഗർഭപാത്രംമാതിരി ശൂന്യമായി കിടന്നു.

മൂത്തമകൾക്ക് വീട്ട്. ഇളയവൾക്കു പടിപ്പുര: ആൺമക്കൾക്കു തോപ്പ്. ഭാഗത്തിന്റെ മാതൃക. സെയ്ഫിലുള്ളതു് കൃത്യമായി ആളോഹരിവെക്കണം. സെയ്ഫിൽ നിധിയുണ്ടെന്നാണ് സങ്കല്പം. കാരണവരുടെ കാലത്ത് ഒന്നെത്തിനോക്കാൻ കഴിഞ്ഞിട്ടില്ല. ആരെയും അടുപ്പിച്ചിരുന്നില്ല.

ഉദ്യോഗസ്ഥലത്തുനിന്നും ആൺമക്കൾ എത്തി. പകൽ ഭാഗപരിചിന്തനയിൽ മുഴുകി. രാത്രി ഭാര്യാഗൃഹങ്ങളിൽ തങ്ങി.

അമാവാസിയ്ക്കു ശേഷം, ചന്ദ്രലേഖ ഒരു മത്തങ്ങാക്കീറുപോലെ ആകാശച്ചെരുവിൽ കിടന്നു. മുറ്റത്തെ മുവ്വാണ്ടന്റെ നിഴൽക്കത്തിൽ അയേൺസെയ്ഫ് മറഞ്ഞു.

നിശ്ശബ്ദതയുടെ വക്കിൽ ഭീതിദമായി പിടച്ചുനിന്ന കറുത്ത അർദ്ധരാത്രി. വിഫലമനസ്സുമായി പൂട്ടു കുത്തിത്തുറക്കാൻ ശ്രമിച്ചു നിരന്തരശ്രമത്തിന്റെ അവസാനത്തിൽ മൂന്നാംദിവസം പൂട്ടുപൊളിഞ്ഞു. വിലപിടിപ്പുള്ളതായുടെ ഒരു പ്രദർശനശാല. കണ്ണഞ്ചുംകാഴ്ച! സ്വർണ്ണാഭരണനിര. സ്വർണ്ണഉരുപ്പടികളുടെ ഭാരം. എത്രജാതി. എത്രതരം! അപൂർവ്വതരങ്ങൾ അനവധി. കറൻസിനോട്ടുകെട്ടുകൾ.

വിറയ്ക്കുന്ന കയ്യോടെ വാരിക്കൂട്ടി മാണ്ഡമാക്കി. സെയ്ഫ് അടച്ചു.

ഉള്ളിൽ ഉറഞ്ഞുതുള്ളിയിരുന്ന കലിയുടെ കോമരം സ്വാഭാവികതയിലേയ്ക്കു നീങ്ങി. തുള്ളൽ നിന്നു. ചിലമ്പിന്റെ ചിന്നിനാദം മാറ്റൊലിയായി. ഇല്ലാത്ത ശബ്ദം: അവ്യക്തമുഴക്കം. വികലാനുരണനം.

മനസ്സിലുന്ന ബയസ്കോപ്പിലൂടെ ചിത്രങ്ങളുടെ തെന്നിമാറ്റം.

കാരണവരുടെ ആൺമക്കളാകുന്ന കഴുകന്മാർ കൊത്തിപ്പറിയ്ക്കുന്ന മകന്റെ ചിത്രം. ചുവന്ന തൊപ്പികളുടെ, കാക്കിവേഷങ്ങളുടെ നടുവിൽ മകൻ...

പറമ്പിന്റെ പടിഞ്ഞാറെ തലയ്ക്കൽ ഇടിഞ്ഞുകളത്തിന്റെ വക്കത്ത് തലപോയ തെങ്ങിന്റെകടയ്ക്കൽ, കവച്ചുവസ്ത്രക്കൾ കഴിച്ചിട്ടു.

പ്രതികാരം ചെയ്ത ചാരിതാർത്ഥ്യം ഒരു വശത്ത്. മറുവശത്ത് അലിഞ്ഞില്ലാതാവുന്ന ഈർഷ്യം. അനുഭവവേദ്യമാകുമ്പോൾ ആത്മാവിന്റെ ചുണ്ടിൽ വീഴുന്ന മധുരം.

കാരണവരുടെ ആൺമക്കളുടെ ചോരകെക്കിയ കണ്ണുകൾക്കു മുന്നിൽ ചുളുങ്ങിനിയ്ക്കാൻ ശ്രമിച്ചു. വിരക്തിയുടെ സ്വരം കടംവാങ്ങി പറഞ്ഞു:

പരമു മാത്രമേ ആരതുക്കു അവകാശമാത്രമേ ആ പൂട്ട് പൊളിക്കാൻ കഴിയൂ. കരുവ.ൻപണി പഠിച്ചവനാ അവൻ...

കാരണവരുടെ ആൺമക്കൾ ഇരു നഷ്ടപ്പെട്ട സിംഹങ്ങൾ.

"പോലീസ്കേസ്സാവും. ആരായിരുന്നാലും ശരി. ഞങ്ങൾ സ്റ്റേഷനിൽ പരാതി കൊടുക്കാൻ പോവ്വാ..."

പടിപ്പുരയുടെ അടഞ്ഞ വാതിലിന്നപ്പുറത്തിരുന്ന് മകൻ അതു കേട്ടുകാണും. വിധികല്പിതമായ നിസ്സഹായകനിമിഷം മുന്നിൽ. പഴിചാരുന്ന അച്ഛൻ. ചോരയ്ക്കുവേണ്ടി നാക്കുനീട്ടുന്ന അളിയന്മാർ. എതിരായ തെളിവുകൾ.

ഒരിയ്ക്കലും പ്രതീക്ഷിയ്ക്കാത്തതു്. അതു താത്തതു്, സംഭവിച്ചു. വൈരക്കല്ലു വിഴുങ്ങി ജീവിതത്തിനു നിത്യവിരാമമിടുന്ന ബുദ്ധിയ്ക്കുന്യൂനതയിൽ കലാശം.

പരമു. നീ ഉറങ്ങിക്കോളൂ...കുന്നുമറിയാതെ ഉറങ്ങിക്കോളൂ...ഈ ശപിയ്ക്കപ്പെട്ട അച്ഛനു് എന്നുമിനി കാളരാത്രി...

അകായിൽനിന്നും കൂട്ടനിലവിളി ഉയർന്നു. വെളുത്ത വസ്ത്രത്തിൽ മുടിപ്പൊതിഞ്ഞ ജഡം പുറത്തെടുക്കുന്നു. മകൻ വീടുവിട്ടിറങ്ങിപ്പോവുകയാണ്. ഇനി അവൻ വരില്ല!

വിറയ്ക്കുന്ന കാലുകളിൽ തളർന്ന ശരീരഭാരം താങ്ങി അച്ഛൻ എഴുന്നേറ്റുനിന്നു. മൃതദേഹം അടുത്തെത്തിയപ്പോൾ നിയന്ത്രണങ്ങളുടെ കെട്ടുകൾ ഊക്കോടെ ഉലഞ്ഞു.

മൃതശരീരത്തിൽ കെട്ടിപ്പിടിച്ച് അച്ഛൻ വിളിച്ചു.

അച്ഛൻ തോററുമോനേ...അച്ഛൻ എല്ലാം ഏററുപറയാൻ പോണു...കുടുംബത്തിനായി നിയമത്തിനുമുന്നിൽ തലകുനിയ്ക്കാൻ പോണുമോനേ...പോണു...

—o—

ഇപ്പോൾ തിരുവനന്തപുരത്ത് വർഷംതോറും ആൾഇൻഡ്യാ ഫുട്ട്ബോൾ ടൂർണമെന്റ് നടക്കുന്നുണ്ട് അനാരംഭിച്ച വർഷത്തിൽ മൈസൂർ റോവേഴ്സ് എന്ന പേരിൽ ഇവിടെ എത്തിയ കളിക്കാർക്കാണ് ട്രോഫി കിട്ടിയത്. മൈസൂർ റോവേഴ്സിലെ പ്രശസ്തനായ കളിക്കാരൻ സോമണ്ണയായിരുന്നു. പക്ഷേ, എന്തോ സാങ്കേതികമായ കാരണംകൊണ്ട് അദ്ദേഹത്തിന് കളിയിൽ പങ്കെടുക്കാൻ കഴിഞ്ഞില്ല. സോമണ്ണയുടെ കളി കാണണമെന്ന് തിരുവനന്തപുരത്തെ ആളുകൾക്ക് എന്തെന്നില്ലാത്ത ആഗ്രഹം. ബസ്സുകളിലും നാലുംകൂട്ടുന്ന വഴികളിലും പീടികകളിലും എന്നുവേണ്ട എല്ലായിടത്തും സോമണ്ണ, സോമണ്ണ എന്ന പേരേ കേൾക്കാനുള്ളൂ. വല്ലാത്ത "സെൻസേഷൻ"! ആളുകളുടെ ഈ അഭിനിവേശം മനസ്സിലാക്കിയ ഫുട്ട്ബോൾക്കമ്മിററി ഒരു "എക്സിബിഷൻമാച്ച്" നടത്താൻ തീരുമാനിച്ചു. ആൾ ഇൻഡ്യാ ഫോർവേഡ് നമ്പർ ഒൺ സോമണ്ണ അതിൽ തന്റെ വൈദഗ്ദ്ധ്യം മുഴുവൻ കാണിക്കുമെന്ന് കമ്മററി ബഹുജനത്തെ വിദഗ്ദ്ധമായി അറിയിക്കുകയുണ്ടായി. സോമണ്ണ ഉൾപ്പെട്ട മൈസൂർ റോവേഴ്സിനെ എതിർക്കുന്നത് തിരുവനന്തപുരത്തെ "സെലക്ററഡ് ലവൻസ്." വൈകുന്നേരം അഞ്ചേകാലിന് ഫുട്ട്ബോൾമാച്ച് ആരംഭിക്കുന്നു. മുന്നുമണി ആയപ്പോൾത്തന്നെ പാളയത്തെ സ്റ്റേഡിയം ആളുകളെക്കൊണ്ട് നിറഞ്ഞു. മനുഷ്യനെ മരിപ്പിക്കുന്ന കൊടുംവെയിലിൽ ജനലക്ഷങ്ങൾ കാത്തിരിക്കുകയാണ്; ഉത്കണ്ഠയോടെ, നെഞ്ചിടിപ്പോടെ. ഒടുവിൽ ആ സമയവും വന്നെത്തി. രണ്ടു ററീമും ഗ്രൗണ്ടിൽ ഇറങ്ങി സോമണ്ണയോടുള്ള ബഹുമാനം കൊണ്ട് ബഹുജനം ലോക്കൽററീമിനെ പ്രോത്സാഹിപ്പിക്കാൻ പോലും മറന്നു. സുന്ദരനും ദൃഢഗാത്രനുമായ സോമണ്ണയിലാണ് ആളുകളെ ശ്രദ്ധമുഴുവൻ. പക്ഷേ, എന്തു പ്രയോജനം? കൂടെയുള്ള കളിക്കാർ മുറയ്ക്ക് പന്ത് അദ്ദേഹത്തിന് തട്ടിക്കൊടുക്കുന്നുണ്ട്. അതൊക്കെ അദ്ദേഹം നഷ്ടപ്രയോജനമാക്കി. ഗോൾമുഖത്തേക്ക് 'അടിക്കുന്ന പന്ത് ഒന്നുകിൽ ഒരുട്ടാകും; അല്ലെങ്കിൽ പോസ്റ്റിന്റെ മുകളിലൂടെ പോകും. സോമണ്ണയ്ക്ക് കിട്ടുന്ന പന്തുതന്നെ എതിരാളികൾ തട്ടിക്കൊണ്ടുപോകാൻ തുടങ്ങി. "ഇയാളാണോ വലിയ കളിക്കാരൻ!" എന്നായി ആളുകൾ. ഒടുവിൽ അവരുടെ ക്ഷമ നശിച്ചു. അവർ കൂവാൻ തുടങ്ങി. "ഇറങ്ങിപ്പോടാ ഗ്രൗണ്ടിൽനിന്ന്" എന്നൊക്കെയായി ആക്രോശങ്ങൾ. ആറേകാൽ മണിക്കു റഫറിയുടെ നീണ്ട വിസിൽ കേട്ടു. ബഹുജനം സോമണ്ണയെ കൈവയ്ക്കാതിരിക്കാൻവേണ്ടി പോലീസു

എം. കൃഷ്ണൻനായർ

കാർ അദ്ദേഹത്തിനു ചുററും ഒരു വലയം സൃഷ്ടിച്ചു. അങ്ങനെ ഫോർവേഡ് നമ്പർ ഒൺ, രസികൻ പത്രാധിപർ പച്ചക്കളം വാസുപിള്ള പറഞ്ഞതുപോലെ മാംസപിണ്ഡത്തിനു ക്ഷതമേല്ക്കാതെ രക്ഷപ്പെട്ടു. വലിയ പേരിനോടു ബന്ധപ്പെട്ട പ്രവർത്തനങ്ങൾ മഹനീയങ്ങളായിരിക്കണമെന്നാണു സാമാന്യജനതയുടെ സങ്കല്പം. ഇല്ലെങ്കിൽ അവയോടുള്ള എതിർപ്പിന് തീക്ഷ്ണത കൂടും. വലിയ പേരുതന്നെ വേണമെന്നില്ല. പത്വായി നല്ല പോലെ പാടുന്ന പാട്ടുകാരൻ, ഭംഗിയായി കഥയെഴുതുന്ന കഥാകാരൻ ഇവരൊക്കെ മോശമായി പാടുകയോ മോശമായി കഥയെഴുതുകയോ ചെയ്താൽ നമുക്ക് ഒട്ടും തന്നെ ക്ഷമിക്കാൻ സാധിക്കുകയില്ല. ശ്രീ. ഐ. കെ. കെ. എം. നല്ല കഥാകാരനാണെന്നാണു നമ്മുടെയെല്ലാം വിചാരം. അദ്ദേഹത്തിന്റെ ഒരു കഥ താണ നിലവാരത്തിലുള്ളതായി കാണപ്പെട്ടപ്പോൾ ഇതെഴുതുന്നയാളിനു ദേഷ്യംതന്നെ തോന്നി. എംബസിയിൽ ജോലി കിട്ടിപ്പോയ ഒരു കേരളീയവനിത ഒരു സാമ്പ്രദിനെ "കണ്ണുകൾകൊണ്ടു കടുകുവറുത്തു" പാട്ടിലാക്കി. അവൾ വീട്ടിൽ കാലെടുത്തുവയ്ക്കുന്നതെന്ന് അച്ഛൻ വിലക്കി. എങ്കിലും അച്ഛന്റെ സ്വഭാവമറിയാവുന്ന മകൾ കഷ്ടപ്പെട്ടിക്കാരനും നീണ്ട താടിയെല്ലുള്ളവനുമായ ഭർത്താവിനെയും കൂട്ടിക്കൊണ്ടു നാട്ടിലെത്തി. ഇങ്ങനെ ഒരു കഥാസന്ദർഭം സൃഷ്ടിച്ചിട്ട് അതിൽ ഫലിതം

സായിബാബയും മൗദ്സുദ്ദുംം

തിരുകാനാണ് ഐ. കെ. കെ. എന്നിന്റെ ശ്രമം. ആ യത്നത്തിനിടയിൽ അദ്ദേഹം സാമ്പ് കണ്ണുസ് അന്വേഷിച്ചുപോയതും മററും വർണ്ണിക്കുന്നുണ്ട്. തന്റെ സർഗ്ഗാത്മകമായ ഫലിതം നിവേശിപ്പിക്കുന്നതു പ്രയാസമുള്ള കാര്യമാണ്, അതിനു കഴിവില്ലാത്തവർ മൗനം അവലംബിക്കുന്നതാണ് അഭികാമ്യം. "ഇന്നു മനോഹരമായ സിനിമയാണു കാണാൻ പോകാം" എഴാമെടത്തിന്റെ കിളിക്കൊഞ്ചൽ." ഭർത്താവ് അളുകേട്ട സുട്ടിൽ സ്വന്തം ശരീരം പ്രവേശിപ്പിച്ചു സുന്ദരക്കുട്ടനായി തിയേററ്ററിൽ മാറ്റുരയ്ക്കുമെന്നു ചെന്നിരിക്കുമ്പോൾ ബാബുറാവുപട്ടേൽ "ഫിലിമിന്ത്യ"യിൽ എഴുതിയപോലെ മുന്നരൂപ പിഴയും രണ്ടരമണിക്കൂർനേരത്തെ കഠിനതടവും Made in U. S A എന്നു കടലാസ്സിൽ അച്ചടിച്ചിരിക്കുന്നതു കണ്ട് ബ്ളൈഡ് റെയ്സറിൽ തിരുകി ഷേവ് ചെയ്തു തുടങ്ങുമ്പോൾ പ്രാണവേദന; കണ്ണിരൊഴുക്കുന്ന, കവിളാകെ മുറിഞ്ഞു നീറുന്ന. അപ്പോഴാണ് U. S. A. ബോംബെയിലയോ പഞ്ചാബിലയോ സ്ഥാപനമായിരിക്കാമെന്നു നാം ഊഹിക്കുന്നത്. അരയന്നത്തെപ്പോലുള്ള നടത്തം, കാമോദ്ദീപകങ്ങളായ ചലനം, നിതംബം കവിഞ്ഞൊഴുകുന്ന തലമുടി. പിൻഭാഗത്തെ ഈ കാഴ്ചകണ്ടു കൗതുകത്തോടെ നടന്നു മുന്നോറി തിരിഞ്ഞുനോക്കുമ്പോൾ കൂർത്തമുഖം, പുറത്തേയ്ക്കു ചാടിയ പല്ലുകൾ, തടിച്ചുന്തിയ ചുണ്ട്. എന്തൊരു മോഹഭംഗം! ഇതുകൊണ്ടാണ് ആനകൊടുത്താലും ആശ കൊടുക്കരുതെന്നു പണ്ടുള്ളവർ പറഞ്ഞിട്ടുള്ളതു്. ശ്രീ. ഐ. കെ. കെ. എം.! പഴഞ്ചൊല്ല് ഓർമ്മിക്കുക. ആനകൊടുത്താലും ആശ കൊടുക്കരുതു്.

മിക്ക ആളുകൾക്കും ആധ്യാത്മികത്വം വരുന്നതു വയസ്സുകാലത്തായിരിക്കും. അവർ ഉദ്യോഗസ്ഥന്മാരുമായിരിക്കും. ജീവിതം മുഴുവൻ മററുള്ളവനെ വഞ്ചിക്കുക, ദ്രോഹിക്കുക ഇതൊക്കെ പ്രവർത്തിച്ചു ഒടുവിൽ പെൻഷൻപററിക്കഴിഞ്ഞാലുടനെ അധ്യാത്മവാദിയായി മാറും. പിന്നെ വായിക്കുന്നതു മുഴുവൻ രാമകൃഷ്ണപരമഹംസന്റെയും വിവേകാനന്ദന്റെയും കൃതികൾ. ഇക്കൂട്ടരെ ഞാൻ പതിവായി പബ്ളിക് ലൈബ്രറിയിൽവച്ചു കാണാറുണ്ട്. ഡോക്ടർ ദീക്ഷിതസാഹ്നി "ഗീതാസഹസ്രനാമ"ത്തിൽ (മാതൃഭൂമി—ലക്കം 13) അവതരിപ്പിക്കുന്ന വൃദ്ധ ഈ മീതിയിൽ ആധ്യാത്മികതയെ അന്വേഷിച്ചവരല്ല. അവർ വൃക്ഷം വെള്ളം വലിച്ചെടുക്കുന്നതുപോലെ ആധ്യാത്മികത്വം സ്വാഭാവികമായി ഉൾക്കൊണ്ടവരാണ്. അതുകൊണ്ടു മനസ്സിലാക്കാൻ കഴിയാത്തവിധത്തിൽ അച്ചടിച്ച ഏതു ഗ്രന്ഥമെടുത്താലും അതു വായിക്കുന്ന മട്ടിൽ വേദസൂക്തങ്ങളാണ് അവർ ഉച്ചരിക്കുക. ഈ വൃദ്ധയുടെ ചിത്രം ആകർഷകമായ വിധത്തിൽ കഥാകാരൻ വരച്ചിട്ടുണ്ട്. ശ്രീ. വി. ഡി. കൃഷ്ണൻനമ്പ്യാരാണ് ഇക്കഥ തർജ്ജമ ചെയ്തതു്. തർജ്ജമ അനുഗുണമത്രേ.

"ചിത്രശലഭം പനിനീർപ്പൂവിനെ സ്നേഹിക്കുന്നു; പൂവിനു ചുറ്റും ആകർഷം പ്രാവശ്യം ഞങ്ങൾ കറങ്ങുകയാണ് പക്ഷേ. സൗന്ദര്യമുള്ള, ഉദ്ദേശമുള്ള ആ ചിത്രശലഭത്തിനു ചുറ്റും സ്നേഹിക്കുന്ന സൂക്ഷ്മശ്രീ ഭ്രമണംചെയ്യുന്നു—എന്നാൽ പനിനീർപ്പൂ ആരെയാണ് സ്നേഹിക്കുന്നതു"? എനിക്കതു് അറിഞ്ഞേ തീരൂ. പാടുന്ന നൈററിംഗേലിനെയാണോ സ്നേഹിക്കുന്നതു"? അതോ മൂകമായ സാന്ധ്യനക്ഷത്രത്തെയോ. പനിനീർപ്പൂ ആരെ സ്നേഹിക്കുന്നുവെന്നു് എനിക്കറിഞ്ഞുകൂടാ. പക്ഷേ, ഞാൻ നിങ്ങളെല്ലാവരെയും സ്നേഹിക്കുന്നു:—പനിനീർപ്പൂവിനെ, ചിത്രശലഭത്തെ, സൂക്ഷ്മശ്രീയെ, സാന്ധ്യതാരത്തെ, നൈററിംഗേലിനെ." ജർമ്മൻകവി ഹൈൻറിഹ് ഹൈനേയുടെ ഒരു ഭാവഗാനത്തിൻെറ ഒരു ഭാഗമാണിതു്. എന്റെ അവിദഗ്ദ്ധമായ ഗദ്യപരിഭാഷയിൽ നിന്നുപോലും കാവ്യത്തിൻെറ സൗന്ദര്യം ആസ്വദിക്കാം. ഇനി "മലയാളനാട്ടി"ൽ ശ്രീ. എം. ചന്ദ്രശേഖരൻ എഴുതിയ "നദീതീരം" എന്ന ചെറുകഥ വായിച്ചുനോക്കുക നഷ്ടപ്പെട്ട പ്രേമഭാജനത്തെക്കുറിച്ചു് വിചാരിച്ചു് ഒരുവൻ വികാരപരവശനാകുന്ന മട്ടിൽ എഴുതപ്പെട്ടിട്ടുള്ള ആ ചെറുകഥയിൽ ഒരു വികാരവുമില്ലെന്ന പരമാർത്ഥം വായനക്കാർക്കു ബോധപ്പെടും. ഒരു വാക്കു ഭേദപ്പെട്ടു പറഞ്ഞാൽ കണ്ണീരൊഴുക്കുന്ന നിങ്ങളുടെ കാമുകനെപ്പോലെ, ഒരു വാക്കു് സന്തോഷത്തോടെ പറഞ്ഞാൽ പുഞ്ചിരിയുടെ കവിത രചിക്കുന്ന നിങ്ങളുടെ പ്രിയതമയെപ്പോലെ കഥ മററനോട്ടത്തിനു് അനുഭൂതി പകർന്നുതരണം. ചന്ദ്രശേഖരൻെറ കഥയിൽ വ്യർത്ഥങ്ങളായ വാക്കുകളേയുള്ളൂ

എന്നാൽ എൻെറ വായനക്കാർക്കു സാഹിത്യം ജീവിതത്തിൻെറ ഒരു ഭാഗം മാത്രമാണ്. ഞാൻ ഈ ലേഖനമെഴുതുമ്പോൾ, ഇതെഴുതാൻവേണ്ടി വാരികകൾ വായിക്കുമ്പോൾ സാഹിത്യത്തോടു ബന്ധപ്പെടുന്നു. എൻെറ ലേഖനം വായിക്കാൻ സന്മനസ്സു കാണിക്കുന്ന വായനക്കാർ പാഠ്യയനസമയത്തു് സാഹിത്യവുമായി ബന്ധം പുലർത്തുന്നു. എന്നാൽ ചിലരുടെ രീതി അതല്ല. ഒരു ദിവസത്തിൽ ഇരുപത്തിനാലു മണിക്കൂറും അവർ സാഹിത്യം കൈകാര്യം ചെയ്യുന്നവരാണ്. രാത്രിയിൽ ഉറങ്ങിക്കിടക്കുന്ന നമ്മെ അവർ വിളിച്ചുണർത്തുന്നു. മന്ദാരയുടെ പേരിൽ നാം എഴുന്നേററിരിക്കുമ്പോൾ "അപ്പോഴേ ഈ അത്യന്താധുനികരുടെ മട്ടു് നല്ലതിനാണോ? എന്നു ചോദ്യത്തോടെ സംസാരം തുടങ്ങുകയായി. നമുക്കു് അത്യന്താധുനികരോടു് ഒരു വെറുപ്പുമില്ല. ഇഷ്ടമേയുള്ളൂതാനും. അവർ എഴുതുന്നതു നമുക്കു മനസ്സിലാകുന്നില്ല എന്നു മാത്രമേ നമുക്കു പരാതിയുള്ളൂ. എങ്കിലും ഈ രാത്രിബ്രഹ്മന്മാരുടെ പിചാരം അതല്ല. ഇങ്ങനെയുള്ള ചിലരെക്കൊണ്ടു് ഞാൻ വളരെ വിഷമിക്കുകയാണ്. പലരോടും പരുക്കൻമട്ടിൽ പെരുമാറി പറഞ്ഞയച്ചുകഴിഞ്ഞു. ഒരാൾ മാത്രം സാഹിത്യം പുറഞ്ഞു ശല്യപ്പെടുത്തുന്നുണ്ട്. അദ്ദേഹമിപ്പോൾ വാതലിനു തട്ടിയാൽ ഞാൻ എഴുന്നേല്ക്കാറില്ല. കുറങ്ങിക്കൊണ്ടിരിക്കുന്ന ഹനീഫൻെറ കാതടപ്പിക്കുന്ന ശബ്ദം കേട്ടുകേട്ടു് അതറിയാത്ത അവസ്ഥയിലാകുന്നതുപോലെ അദ്ദേഹത്തിൻെറ ശബ്ദം ഞാനിപ്പോൾ കേൾക്കാറില്ല. ഒരുപക്ഷേ, സുജനമര്യാദയുടെ പേരിൽ എഴുന്നേററു് ഇരുന്നുകൊണ്ടു ഞാൻപ്പോലും ഞാൻ, അദ്ദേഹം വാതോരാതെ സംസാരിക്കുന്ന വേളയിൽ സുഖമായി ഉറങ്ങുകയായിരിക്കും. "മലയാളനാട്ടി"ൽ "അമൃതധാര" എന്ന ചെറുകഥ രചയിതാവു ശ്രീ. കെ. അരവിന്ദാക്ഷൻ സാഹിത്യം കൊണ്ടു് മനുഷ്യനെ ബോറടിക്കുന്ന സുഹൃത്താണ്. അദ്ദേഹം വാതോരാതെ സംസാരിക്കുന്നു. ഇതാ സംസാരത്തിൻെറ ഒരു ഭാഗം:—

"ഗ്രാമരക്ഷസ്സിനെ കഴിച്ചുമുടിയ നനവാന്ന മൺകൂനയുടെ കരുന്നന്ന ഗുഹയിൽനിന്നും അകലങ്ങളിലേക്കു് അവിരാമമായി നക്ഷത്രക്കാലുകളെറിഞ്ഞു് ഞാനെൻെറ, ആ നിമിഷത്തെ മടക്കയാത്ര ആരംഭിച്ചു.

ഭ്രമണപഥവേഗങ്ങൾ തെററിച്ചു്. ഭൂമിയുടെ എനിക്കഭിമുഖമല്ലാത്ത അർദ്ധവൃത്തത്തിൻെറ നൃക്ഷത്രസ്സിൽ നിന്നും നനത്ത ഒരു നൂലിലെ എൻെറ ജന്മനക്ഷത്രം ആടിക്കളിച്ചു."

എന്തെങ്കിലും മനസ്സിലായോ? ഇതു തന്നെയാണ് ക്ഷണിക്കാതെ വീട്ടിൽ കയറിയിരുന്നുള്ള "വാചക മടി." വായനക്കാരേ ഞാനുറക്കുന്നു. നിങ്ങൾക്കു ബോറടിക്കുന്നുണ്ടെങ്കിൽ ഒന്നു് ഉറങ്ങിയാലും. അടുത്ത കഥയാവുമ്പോൾ ആരെങ്കിലും നമ്മെ വിളിച്ചുണർത്തും. ഇല്ല. ഉണരാറായിട്ടില്ല. "മലയാളനാട്ടി"ലെ ഇനിയുള്ള രണ്ടു കഥകളും വിരസങ്ങളാണ്, ബാലിശങ്ങളാണ്, തുച്ഛങ്ങളാണ്. ശ്രീ. നൂറനാട്ടു് ഹനീഫിൻെറ "ചോരവാന്ന ഞരമ്പു"കളും ശ്രീമതി സി. കെ. ലില്ലിയുടെ "മുന്നശബ്ദ"ങ്ങളും. മകളെ അപമാനിച്ച യുവാവിനോടു പകരംവീട്ടിയിട്ടു് അച്ഛൻ നില്ക്കുമ്പോൾ ആ യുവാവിൻെറ അപമാനനം പട്ടാളക്കാരുടെ ബലാൽസംഗത്തെക്കാൾ എത്ര നിസ്സാരം എന്നൊരുവൻ വിശദമാക്കിക്കൊടുക്കുന്നതാണ് ഹനീഫിൻെറ കഥ. മകളെ ലാളിക്കാത്ത, അവർക്കു കളിപ്പാട്ടങ്ങൾപോലും വാങ്ങിച്ചു കൊടുക്കാത്ത അച്ഛൻ പൊടുന്നനവേ സ്നേഹപരതന്ത്രനായിപ്പോകുന്നതിനെയാണു ലില്ലി വർണ്ണിക്കുന്നതു്. കഥയുടെ ആരംഭത്തിൽ ഉപഹാസത്തിൻെറ അന്തരീക്ഷം സൃഷ്ടിച്ച ഹനീഫ് പെട്ടെന്നു ശോകത്തിൻെറ മണ്ഡലം സൃഷ്ടിക്കുന്നു. രണ്ടും യോജിക്കുന്നില്ല. അതിനാൽ കഥ അനുവാചകനെ സ്പർശിക്കാൻപോലും അസമർത്ഥമാണ്. പ്രഥമരാത്രിയിൽ മാർയ്യുടെ കപ്പിവളകൾ ഉളവാക്കിയ ശബ്ദത്തിൽ രോഷാകുലനായ ഭർത്താവു കപ്പിവളകളോടു വിരോധം വച്ചുപുലർത്തുന്നു. അയാൾ മകൾക്കു പോലും വള വാങ്ങിക്കൊടുക്കുകയില്ല. എക്സിക്യൂട്ടീവ് കാണാൻപോയ അയാളുടെ മാർയ്യു സ്നേഹക്കൂടുതൽകൊണ്ടു മകൾക്കു വളയും ഒരു മകനു തോക്കും വാങ്ങിക്കൊടുക്കുന്നു. വേറൊരു മകനു വീസിലും. ഗുണ്ടിൻെറയും ശബ്ദം കേട്ടപ്പോൾ കുട്ടികളുടെ അച്ഛൻ കോപിച്ചു. അയാൾ അവയെല്ലാം നശിപ്പിക്കുമെന്നു് അവർക്കു തോന്നി. സംഭവിച്ചതു് അതല്ല. അയാൾ കാരണമൊന്നും കൂടാതെ ആഹ്ളാദിച്ചു കുട്ടികളോടു സ്നേഹം കാണിച്ചു. നിത്യജീവിതത്തിൽ കായങ്കുളംകൊച്ചുണ്ണി കരുത്തുള്ള രാത്രികൊണ്ടു സത്യസന്ധനായി മാറിയെന്നുവരാം. പക്ഷേ, കലയുടെ ലോകത്തിൽ ആ പരിവർത്തനത്തിനുള്ള ഹേതുക്കൾ കാണിക്കണം. ഇല്ലെങ്കിൽ കഥ വിശ്വാസം ജനിപ്പിക്കുകയില്ല. വിശ്വാസമുളവാക്കാത്ത കഥയാണ് ലില്ലിയുടേതു്. സാഹിത്യസൃഷ്ടി മണൽക്കാട്ടിലെ നീരുറവയാണ്; കപ്പിച്ചില്ലുകൾക്കിടയിലെ ഉജ്ജ്വലതന്തുവാണ്.

ഏതു വിഷയവും രാവനയാൽ ആകർഷകമാകും. ബലാത്കാരസംഭോഗം നല്ല വിഷയമല്ലല്ലോ. എങ്കിലും കവിരാവനയതിനെ വർണ്ണോജ്ജ്വലമാക്കുന്നതു നോക്കുക. പോളണ്ടിലെ കവി യാൻ റോസ്സ് വൊറോസ്കിയുടെ ഒരു കവിത:—

"ഞാൻ അവളോടു ചോദിച്ചു:—ഈ കവിതയ്ക്കുവേണ്ടി നീ നഗ്നയായി നില്ക്കുമോ? (അവളുടെ ഇരുണ്ടുചുവന്ന തവിട്ടു നിറമുള്ള തലമുടി ‡ പരിചാരകൻെറ തലമുടിയുടെ മട്ടിൽ മുറിക്കപ്പെട്ടിരുന്നു. അവളുടെ കണ്ണുകൾക്കു കടും നീലനിറം.)

നിൻെറ അമ്മയ്ക്കു് അടുത്തുനില്ക്കാം. ഞാൻ ജോലി തീർത്തതിനുശേഷം. അവൾ നിൻെറ ശരീരത്തിലെ കാരോ കൊച്ചുരോമവും പരിശോധിക്കാം. എല്ലാം കേട്ടുപററാതെ ഇരിക്കുന്നുവെന്നു് ആ വയസ്സിക്കു മനസ്സിലാകും. അവർക്കു സന്തുഷ്ടിയുണ്ടാവുകയും ചെയ്യും.

ഞാൻ നിൻെറ കഴുത്തൊട്ടു തുങ്ങോം. ഒരു ചുംബനത്തിൻെറ ദൂരംകൊണ്ടുപോലും അളക്കപ്പെട്ടിട്ടില്ലാത്ത ഗളനാളം. അപമാനനത്തിൻെറ സൗന്ദര്യമറിയാത്ത കഴുത്തു്. അതുതന്നെയാണ് കല.

അവൾ പറഞ്ഞു:—അങ്ങയ്ക്കാഗ്രഹമുണ്ടെങ്കിൽ ഈ നിശീഥിനി ഞാൻ നല്കാം. അങ്ങു സങ്കല്പിക്കുന്നതെല്ലാം ഈ രാത്രിയിൽ ലഭിക്കും.

അമ്മയ്ക്കിഷ്ടമുള്ള മദ്യശാലയിലേക്കു നമുക്കു് അവരെ അയയ്ക്കാം. എനിക്കു നല്ലപോലെ അറിയാവുന്ന വിഷാദത്തോടെ അവർ കപ്പികൾ നിറയ്ക്കട്ടെ. അവർ എൻെറ യുവത്വമർന്ന ശരീരം നോക്കുമ്പോഴെല്ലാം മരിച്ചുപോയ

(ശേഷം 30-ൽ)

‡ Chestnut hair എന്നു് ഇംഗ്ലീഷ് തർജ്ജമയിൽ.

മുപ്പത്തൊന്നു"

കങ്കാരുവും ചിങ്കാരുവും. കങ്കാരു തള്ള. ചിങ്കാരു മകൻ. രണ്ടുപേരും കാട്ടിൽ പാഞ്ഞുവന്നു.

ഒരു രാത്രി കൊച്ചുചിങ്കാരു തള്ളയോടു പറഞ്ഞു—"അമ്മേ! എക്കു ഒരു കഥ പറഞ്ഞുതാ!"

കങ്കാരു കഥ പറഞ്ഞു—

"മക്കേ ചിങ്കാരു, പണ്ടുപണ്ടു നമ്മുടെ കാട്ടിലു് ഒരു രാശാവുണ്ടായിരുന്നു്. ശിങ്കരാശാവു്. വിശ്വരൂപ പരാക്രമി. രാശാവിനെ എല്ലാക്കും പയമായിരുന്നു്. രാശാവിന്റെ വിളികേട്ടാ മക്കേ മുട്ടുമൊഴിച്ചുപോവും."

"പോ അമ്മാ!"

"നിന്നോടാ മക്കളേ! അതു പഴങ്കഥ! എല്ലാവക്കും അവൻ ചത്താ മതിയെന്നായിരുന്നു്. പക്ഷേങ്കിലു് അവന്റെ അടുത്തു ചെല്ലാമ്പോലും എല്ലാക്കും പേടി. അങ്ങനെയിരിക്കുമ്പം രാശാവിനു വയസ്സായി. ചെമയും പനിയും ശർദ്ദിയുമായി. ഇതു തന്നെ തക്കരമന്നു കണ്ടു രാശാവിനെ കൊല്ലാൻ എല്ലാരുംകൂടി തീരുമാനിച്ചു്. പക്ഷേങ്കിലു് ഒരുത്തൻമാത്രം ഇതിലൊന്നും കൂടിയില്ല."

"അതാരമ്മച്ചീ?"

"ഒരു ചെമന്ന കുറുക്കൻ."

"ങാ. എന്നിട്ടു്?"

"എന്നിട്ടു് എല്ലാരുംകൂടി ശിങ്കത്താനെ കൊല്ലാൻ പോയി. നമ്മളു് മുന്നങ്ങളും പിന്നെ പക്ഷികളും."

"പക്ഷികളെന്തുവെച്ചാ?"

"പക്ഷിയല്ലേടാ മക്കളേ! പക്ഷി. സുന്ദരൻ പക്ഷികളു്. ആകാശത്തിലു് പറന്നു നടക്കണ പക്ഷികളു്."

"ങാ. എന്നിട്ടു്?"

"എന്നിട്ടു പക്ഷികളുടെ പിന്നിലാണു നമ്മളു് പോയതു്. കൊക്കു് അരയന്നം കാക്ക കഴുകൻ അങ്ങനെ ഒരുപാടു പക്ഷികളു്. ഒരു കൈലവൻകൊക്കാണു് നമ്മളെ നയിച്ചതു്. ഒടുക്കം നമ്മളു ജയിച്ചു്. ശിങ്കത്താൻതോറോടി കടലിൽച്ചാടിച്ചത്തു്!"

"ഹോ ഹോന്നു്!" കൊച്ചു ചിങ്കാരു ആർത്തുചിരിച്ചു.

"എന്നിട്ടു്?"

"കൊക്കുകളും കാക്കകളുംകൂടി തമ്മിൽ തല്ലി. കാലു് രണ്ടാക്കി ഇണ്ടാക്കി ഒരിടത്തു കൊക്കുകളു് മരിച്ചു്, മറേറടത്തു കാക്കകളും മരിച്ചു. അങ്ങനെ നമ്മുടെ രാശാക്കന്മാരു് കൊക്കുകളായി."

"അമ്മച്ചീ! കാക്കയ്ക്കും കൊക്കിനുമേ രാശാവാവാൻ ഒക്കെവൊള്ളോ? നമ്മക്കൊക്കുല്ലേ?"

"നമ്മക്കതിനൊള്ള പടിപ്പും വിദ്യാഭ്യാസോം ഒണ്ടോടാ മക്കളേ?"

"അമ്മച്ചീ! ഞാൻ പഠിക്കും. എന്നിട്ടു് രാശാവാവും!"

"എന്റെ മോൻ മിടുക്കനല്ലേ?"

കഥ കേട്ടുറങ്ങിയ ചിങ്കാരു അന്നൊരു സുന്ദരൻ സ്വപ്നംകണ്ടു താൻ രാജാവായി സിംഹാസനത്തിലിരുന്നുകൊണ്ടു് കാട്ടു മരിക്കുന്നതായ സ്വപ്നം.

പിന്നൊരുദിവസം കൂട്ടുകാരോടൊപ്പം കളിക്കാൻപോയ ചിങ്കാരു ഏങ്ങിക്കരഞ്ഞുകൊണ്ടാണു് തിരിച്ചുവന്നതു്.

"എന്തെടാ മക്കളേ?" കങ്കാരു ചോദിച്ചു.

ചിങ്കാരു കരച്ചിൽ നിർത്തി. മിണ്ടിയില്ല. തള്ളയെ രൂക്ഷമായി നോക്കി അവൻ അന്നുവരെ കങ്കാരുവിനെ അങ്ങനെ നോക്കിയിട്ടില്ല. കങ്കാരു വീണ്ടും ചോദിച്ചു—

"പറയടേ മക്കളേ, എന്തൊണ്ടായി?"

"പറയണോ?"

"ഓ. പറയാതെ ഞാനെങ്ങനെയറിയും?"

"പറയ്. ഒരു അറിഞ്ഞൂടേ?"

തള്ള മിണ്ടിയില്ല. ചിങ്കാരു ഇടിവെട്ടുമ്പോലെ ചോദിച്ചു—

"ഏ തള്ളേ! എന്റെ തന്ത ആരു്?"

കങ്കാരു ഞെട്ടിപ്പോയി,

"ങ് പറ! പറയെടീ തള്ളേ!"

കൊച്ചുചിങ്കാരു ഹിമാലയംപോലെ വളരുന്ന കിഴവിക്കങ്കാരുവിനെപ്പിടിച്ചു കുലുക്കി. പക്ഷേ, കങ്കാരു ചിങ്കാരുവിന്റെ തള്ളയാണു്. അവൾ മൃദുഭാവംപൂണ്ടു് ഉറക്കെ ചോദിച്ചു—

"എടാ ചീലേ! നിനക്കതു കേക്കണോടാ? കേക്കാനൊള്ള ഒരെയ്യമൊണ്ടോ?"

"ഒണ്ടു്. പറയെടീ തള്ളേ!"

"നിന്റെ തന്ത —"

മകൻ ചെവി കൂർപ്പിച്ചു. തള്ള പെട്ടെന്നു് എന്തോ കാർത്തു സംയമനം ചെയ്തുകൊണ്ടു മകന്റെ ചെവിയിൽ അവന്റെ തന്തയുടെ പേരു് രഹസ്യമായി പറഞ്ഞു.

അവൻ കാതുരണ്ടും പൊത്തിക്കൊണ്ടു് ഇറങ്ങി ഓടി. തള്ള കുലുങ്ങിയില്ല. പതറിയില്ല.

ഉടനു് അവന്റെ ചെയ്തികൾ അവൾ കേട്ടു. അവൻ കൂട്ടുകാരോടൊത്തുകൂടി ആരെയോ ഒക്കെ പിച്ചിമാന്തിക്കീറിയെന്നു്. ചോരകുടിച്ചു മരിച്ചു കൂത്താടിയെന്നു്.

കങ്കാരു പലരോടും പറഞ്ഞയച്ചു, അവനെ തനിക്കൊന്നു കാണാൻ അതിയായ മോഹമുണ്ടെന്നു്. പക്ഷേ, അവനെ മാത്രം കണ്ടില്ല.

ഒടുവിലൊരു വാർത്തകേട്ടു. അവൻ തന്റെ കൂട്ടുകാരോടു പിണങ്ങി മററന്നു നടക്കുകയാണെന്നു്. കൊള്ളയും കൊലയും നടത്തുകയാണെന്നു്.

കങ്കാരു അവനെത്തേടി കാടായ കാടെല്ലാം അലഞ്ഞു. കണ്ടവരോടൊല്ലാം ചോദിച്ചു. ആർക്കും അവനെപ്പററി യാതൊരു വിവരവുമില്ല.

അവസാനം ഒരുദിവസം സന്ധ്യയ്ക്കു് അവൻ വന്നു. വേച്ചുവേച്ചു നടന്നുകയറിയ അവനെ തള്ള മാടാടന്നച്ചു ചുംബിച്ചു. അവൻ അപേക്ഷിച്ചു—

"അമ്മാ, എനിക്കിനിയും അമ്മയുടെ വയററിലെ സഞ്ചിയിൽ അഭയം തരണം. അഭയം!"

കങ്കാരു അവനുവേണ്ടി തന്റെ ഉദരസഞ്ചി ഇറന്നുകൊടുത്തു. ചിങ്കാരു ആശ്വാസത്തോടെ അതിനുള്ളിൽ പ്രവേശിച്ചു. തള്ള പിൻകാലുകളാൽ സഞ്ചിയെ മെല്ലെ ഇറുക്കിത്തുടങ്ങി. ആശ്ചര്യത്തോടെ

കവിതകൾ

സുകുമാർ

തുറിച്ചുനോക്കിയ ചിങ്കാരുവിന്റെ മുഖം മുൻകാലുകളാൽ സഞ്ചിക്കുള്ളിലേക്കു് അമർത്തിത്താഴ്ത്തിക്കൊണ്ടു കങ്കാരു പറഞ്ഞു—"എന്റെ മോന്നു് അമ്മ അഭയം തന്നിരിക്കുന്നു."

*

മേഘപാടി

സർട്ടിഫിക്കററുമായി പട്ടണത്തിൽ വന്ന അവൻ തെണ്ടിത്തിരിഞ്ഞു വശംകെട്ടു. കൊട്ടിയടച്ച വാതലുകളിൽ അവൻ തലയിട്ടടിച്ചു വിളിച്ചു. ആരും അവനൊരു തൊഴിൽ കൊടുത്തില്ല. കയ്യിലിരുന്ന അവസാനപ്പൈസയും തീർന്നു. ഒരുവററു ചോറുതിന്ന ദിവസമവൻ മറന്നു. തൊണ്ട വിണ്ടു വരണ്ടു. ചെമ്പിച്ച മുടിയും കീറിപ്പറിഞ്ഞ വസ്ത്രവും മലത്തിപ്പിടിച്ച കൈകളുമായി അവൻ അവന്റെ സഹോദരകിടങ്ങളോടു തെണ്ടി. കൃത്യാനുബന്ധമുള്ള കൂമികൾ അവനൊരു പിച്ചക്കാശുപോലും കൊടുത്തില്ല. അപ്പോഴാണു തൊഴിലാളിബഹളമുണ്ടായതു്. എങ്ങുനിന്നോ വെടിപൊട്ടി. അവൻ ചത്തു മലച്ചു വീണു. അവൻ രക്തസാക്ഷിയാ

സാഹിത്യവാർഹലം

(27-ൻനിന്നും തുടർച്ച)

സ്ത്രീയുടെ വിഷാദം അവരുടെ ശരീരത്തിൽനിന്ന് രക്തമായി ഒഴുകുന്നു.

അങ്ങനെ ഞാൻ ആ രാത്രി പ്രദാനം ചെയ്യാം. ആ വേദന നല്കാം. പെൺകുട്ടി ഏതൊരു ക്ഷേത്രത്തിലാണോ ജനിക്കുന്നതു് അതും നല്കാം;

പക്ഷേ, അങ്ങയുടെ കവിതയ്ക്കുവേണ്ടി ഞാൻ വസ്ത്രമഴിച്ചു നില്ക്കയില്ല. പതിനാലുവയസ്സായ ഒരു പെൺകുട്ടിയെ സ്വന്തമാക്കി ബലാൽസംഗം ചെയ്യണമെന്നുണ്ടോ അങ്ങയ്ക്കു്?

ഇനി കുങ്കും വാരികയിൽ തിരുവാതിര എഴുതിയ "ദാഗ്ദ" എന്ന ചെറുകഥയിൽ നിന്ന് ഒരു ഭാഗം ഉദ്ധരിക്കാം, ഒരഭിപ്രായക്കുറിപ്പുമില്ലാതെ

"പല്ലിളിച്ചു. നാക്കു ചുണ്ടിനിടയ്ക്കിട്ടു ഇഴഞ്ഞു. പല്ലുപ്പ് ഒലിച്ചുവന്നു. ഹോർമോണിന്റെ മുക്കളുളുന്ന നാററം. സ്വരി ഉയർന്നു പോങ്ങിപ്പോയി. ബ്രായുടെ എലാസ്റ്റിക് പൊട്ടി. കൂത്തു നവജ്ഞൾതൊലി മാന്തിക്കീറി കറപിടിച്ച പല്ലുകൾ മാറിലേക്കു നീണ്ടുവന്നു. തിമിലകൾ തല്ലിയലറി. ആകാശം മിന്നൽ പൊഴിച്ചു. ദംഷ്ട്രകൾ. ശക്തിയുടെ ആവേശം. അമ്മയുടെവസ്ത്രമില്ലാത്തശരീരം."

ആകെയുള്ള സമ്പാദ്യം കരാട്ടിൻകുട്ടി. അച്ഛനും അമ്മയും അറിയാതെ മകൻ അതിനെ പിടിച്ചുവിററു ആട്ടിൻകുട്ടിയെ കാണാതെ അമ്മ കരഞ്ഞു. അച്ഛൻ മകനെയും കൂട്ടി പ്രശ്നക്കാരന്റെ അടുക്കലെത്തി. അയാൾ വെളിച്ചപ്പാടിനെപ്പോലെ ചാടി ഇരുമ്പുചാട്ടവെട്ടുത്തു് അങ്ങുമിങ്ങും അടിക്കാൻ തുടങ്ങിയപ്പോൾ മകന്റെ മെയ്യും ഇല്ലാതെയായി. അവനങ്ങു സമ്മതിച്ചുകൊടുത്തു ആട്ടിൻകുട്ടിയെ വിററതു് താനാണെന്നു്. ഇതാണു് ചന്ദ്രിക ആഴ്ചപ്പതിപ്പിൽ ശ്രീ. സി. കെ. മുഹമ്മദ് എഴുതിയ "വേരുകൾ" എന്ന കഥയുടെ സാരം. തികച്ചും ഇതൊരു കഥയായില്ല എന്നതു ണ് ന്യൂനത. പ്രതിമ നിർമ്മിക്കേണ്ടയാൾ അതിന്റെ ഒരു കൈ മാത്രം നിർമ്മിച്ചുവച്ചാൽ പ്രതിമാനിർമ്മാതാവു് എന്ന പേരിനു് അർഹനാവുകയില്ലല്ലോ.

കാലമാകുന്ന അന്തരീക്ഷത്തിൽ മുഴുകുന്ന വിമാനമായാൽ? എന്തെല്ലാം കാണാം? പ്രഭാതത്തിന്റെ അരുണിമ, മദ്ധ്യാഹ്നത്തിന്റെ ഔജ്ജ്വല്യം, സായാഹ്നത്തിന്റെ പ്രശാന്തത ജീവിതത്തിന്റെ, ഈ വിവിധദൃശ്യങ്ങളെ മനോഹരമായി ആവിഷ്കരിക്കുന്ന ശ്രീ. നരിക്കുട്ടി മോഹനൻ (ദേശാഭിമാനി വാരികയിലെ) "ഞാനെന്ന കുട്ടി" എന്ന കഥ) ഇയ്യാളുള്ളവന്റെ കൂടെ അച്ഛനമ്മമാരെ ധിക്കരിച്ചു് ഇറങ്ങിപ്പോകുന്ന പെൺകുട്ടിയുടെ കഥ പലതും എഴുതിയിട്ടുണ്ടു്. പക്ഷേ, മോഹനന്റെ ഈ കഥയ്ക്കു് അസുലഭമായ രാമണീയകമുണ്ടു് — എന്നാകട്ടത്താണത്രേ കൊതുക കൂട്ടതലുള്ളതു്. തെററു്. ഇപ്പോൾ തിരുവനന്തപുരത്താണു്; ഈ ബോംബർവിമാനങ്ങളെ വീക്ഷിക്കാനായി എന്റെ വീട്ടിൽ സാമ്പ്രാണിയുടെ പുക ഉയരുന്നു. എന്തൊരു സുഗന്ധം! മോഹനന്റെ കഥയുടെ സൗരഭ്യവുമായി ഇതു് ഒരുമിച്ചു ചേരുന്നു.

X X X

ഡോക്ടർ കെ. ഭാസ്കരൻനായർ മാതൃഭൂമി വിശേഷാൽപ്രതിയിൽ എഴുതിയ "മനസ്സിന്റെ ഉപരിമണ്ഡലം" എന്ന ലേഖനത്തിലേക്കു ഞാൻ മാനുവായനക്കാരുടെ ശ്രദ്ധ സാദരം ക്ഷണിക്കുന്നു. സത്യസായിബാബ കൈനീട്ടി വായുമണ്ഡലത്തെ തടവി വെള്ളലോഹത്തിലുള്ള ഒരു മോതിരം പിടിച്ചെടുത്തു ഡോക്ടർ ഭാസ്കരൻനായർക്കു നല്കി. ബാബയെ കാണാൻ എത്തിയ ഒരു റഷ്യാക്കാരിക്കു് അദ്ദേഹം പ്ലാസ്റ്റിക്കൊണ്ടുള്ള ഫലകം കൊടുത്തു. മോതിരത്തിൽ ബാബയുടെ രൂപവും അഭയഹസ്തവും കൊത്തിയിട്ടുണ്ടു്. ഫലകത്തിൽ സായിബാബ അപ്പോൾ എങ്ങനെയിരുന്നുവോ ആ രീതിയിലുള്ള ചിത്രവും. റഷ്യാക്കാരി അതോടെ ഈശ്വരവിശ്വാസമുള്ളവളായിത്തീർന്നിരിക്കണമെന്നാണു ലേഖകന്റെ വിശ്വാസം. അദ്ദേഹമാകട്ടെ ബാബയുടെ മോതിരമണിഞ്ഞുകൊണ്ടാണു് എപ്പോഴും നടക്കുന്നതു്. "മനസ്സിന്റെ ഉപരിമണ്ഡലം" എന്ന ലേഖനമെഴുതുമ്പോഴും അദ്ദേഹം മോതിരം വിരലിൽ ഇട്ടിട്ടുണ്ടു്. ഈ അത്ഭുതകർമ്മങ്ങളെ വർണ്ണിച്ചതിനുശേഷം ലേഖകൻ അവയുടെ പ്രയോക്താവായ സായിബാബയുടെ അതീത മനുഷ്യത്വത്തെ ഊന്നിപ്പറയുന്നു. എന്നിട്ടു് അദ്ദേഹം പൊടുന്നനവേ ചാടുന്നതു ചൈനയിലേക്കാണു്. മാവോ-സേതുങ് (Mao Tse-tung—ഉച്ചാരണം mou' dzu'doong എന്നു്—എഡ്ഗാർസ്നോയുടെ പുസ്തകത്തിൽനിന്നാണു് ഈ ഉച്ചാരണം ഞാൻ മനസ്സിലാക്കിയതു്) സായിബാബയെപ്പോലെ വേറൊരധ്യാത്മവാദിയാണെന്നു സ്ഥാപിക്കാൻ അദ്ദേഹം ശ്രമിക്കുന്നു. ഡോക്ടർ പറയുന്നു:—"...കവികൾക്കെന്നല്ല ഋഷികൾക്കുപോലും കഴിയാത്ത മഹാകാര്യമാണു് അദ്ദേഹം സാധിച്ചിരിക്കുന്നതു്. ലോകത്തിലേക്കുവെച്ചു് ഏററവുംവലിയ ജനസമൂഹത്തെ തന്റെ നാമം ജപിച്ചു് ആശാപാശമെന്ന ഭവരോഗപീഡയിൽനിന്നു മുക്തമാക്കിയതു മഹാകാര്യമല്ലേ? ഇതു ശാസ്ത്രയുഗമായിരിക്കാം. എന്നാലും അദ്ഭുതങ്ങളുടെ കാവ്യം കഴിഞ്ഞിട്ടില്ല. തീർച്ചയായും ഇല്ല."

ഡോക്ടർ ഭാസ്കരൻനായർ സായിബാബയുടെ അദ്ഭുതകർമ്മങ്ങളെ വാഴ്ത്തിപ്പറയുമ്പോഴെല്ലാം എതിർപ്പുണ്ടായിട്ടുണ്ടു്. എതിർത്തു് ആരെയും വിഴുങ്ങാനൊക്കുകയില്ല. കാരണം സ്നോതാവു് അപ്പോഴൊക്കെ അത്യുക്തിയിൽ വിലയം കൊള്ളും എന്നതുതന്നെ. ഡോക്ടർ ഇനി എപ്പോൾ ലേഖനമെഴുതിയാലും അത്യുക്തി നടത്തും: സത്യത്തിന്റെ മുഖം മൂടുന്ന അത്യുക്തി ഈ ലേഖനത്തിലു ദൃശ്യമാണു്. അതുപോകട്ടെ ലോകായതികന്മാരാണല്ലോ സായിബാബയുടെ അദ്ഭുതകർമ്മങ്ങളെ നിന്ദിക്കുന്നതു്. അവരുടെ വായടയ്ക്കാൻവേണ്ടി ഡോക്ടർ അനുഷ്ഠിക്കുന്ന അദ്ഭുതകർമ്മം നോക്കുക. മാവോ-സേതുങ്ങും അധ്യാത്മവാദിയാണെന്നു സ്ഥാപിക്കുന്നു; അല്ലെങ്കിൽ സ്ഥാപിക്കാൻ യത്നിക്കുന്നു. ബഹുജനത്തിനു സായിബാബയെ അറിയാം; മാവോ-സേതുങ്ങിനെ അറിയാം. അവർ രണ്ടുപേരും സദൃശരാണെന്നു പ്രഖ്യാപിക്കണതു പ്രത്യേകമായ ഉദ്ദേശ്യത്തോടുകൂടിയാണെന്നു സാമാന്യജനത്തു മനസ്സിലാകും. സായിബാബയുടെയും മാവോ-സേതുങ്ങിന്റെയും പ്രവർത്തനങ്ങൾ തികച്ചും വിഭിന്നങ്ങളാണു്. അവയെ താരതമ്യപ്പെടുത്താൻ വയ്യ. രാത്രിയും പകലും, ഹേമന്തവും വസന്തവും, കറുപ്പും വെളുപ്പും എന്നിവപോലെ അവ വിഭിന്നങ്ങൾ: എന്നിട്ടും "ആധ്യാത്മികം" എന്ന വാക്കിന്റെ ഉപരിതലത്തിലെ അർത്ഥമെടുത്തു ഡോക്ടർ ഭാസ്കരൻനായർ അവരെ രണ്ടുപേരെയും സദൃശരാക്കുന്നു. ഇതു ഹേത്വാഭാസചിന്താഗതിയാണു്. Intellectual dishonesty ആണു്. ഈ വഞ്ചന കരുതിക്കൂട്ടിയാണു നിർവഹിക്കപ്പെടുന്നതു്. ആ നിലയിൽ ഡോക്ടർ ഭാസ്കരൻനായരുടെ ലേഖനം ഗർഹണീയമായിരിക്കുന്നു. വിചാരഗതിയിൽ മാത്രമല്ലാ വാവദൂകതയിലും.

X X X

ക്ലൂൾ ആൻറേ പൺകറേ എന്ന ഫ്റഞ്ചു് ഗണിതശാസ്ത്രജ്ഞൻ ഉറക്കത്തിലാണു ഗണിതശാസ്ത്രപരങ്ങളായ പല പ്രശ്നങ്ങൾക്കും ഉത്തരം കണ്ടെത്തിയതെന്നു ഹെർബർട്ടറീഡിന്റെ ഏതോ പുസ്തകത്തിൽനിന്നു ഞാൻ വായിച്ചു മനസ്സിലാക്കിയിട്ടുണ്ടു്. പ്രേമത്തിൽ മുഴുകിയ തരുണി മുകയായി ഇരിക്കുന്നു. പകലിന്റെ വെളിച്ചം കടിച്ചു് ആഹ്ലാദിച്ചു തരുവൃന്ദം രാത്രിയിൽ തലതാഴ്ത്തി നില്ക്കുന്നു. ചിന്ത പ്രശാന്തതയിൽനിന്നേ ഉണ്ടാകൂ. നമ്മുടെ ലേഖകർ പിന്നെന്തിനാണു് ഇങ്ങനെ ബഹളം കൂട്ടുന്നതു്?

യി— അല്ല, രക്തമില്ലാത്ത സാക്ഷിയായി.

രാഷ്ട്രീയകക്ഷികൾ വന്നു. നേതാക്കന്മാർ വന്നു. തങ്ങളുടെ രക്തസാക്ഷിയാണു് അവനെന്നു് അവരിൽ ഓരോരുത്തരും വാദിച്ചു. അവന്റെ ശവശരീരത്തെ അവർ അങ്ങാട്ടുമിങ്ങോട്ടും പിടിച്ചുവലിച്ചു. ഒടുവിൽ കക്ഷിക്കാർ ഒരു തീരുമാനത്തിലെത്തി. അവൻ എല്ലാ കക്ഷിക്കാരുടെയും വകയാണു്. അതിനാൽ എല്ലാവർക്കും അവനെ ഉപയോഗിക്കാം. ആദ്യം ഒരുകൂട്ടർ അവനെ ചുമന്നു വിലാപജാഥയായി നഗരപ്രദക്ഷിണം നടത്തി ഒരിടത്തുകൊണ്ടു് അടക്കി. അതുകഴിഞ്ഞു് രണ്ടാമത്തെ കൂട്ടർ അവിടെനിന്നും അവനെ മാന്തിയെടുത്തു ചുമന്നു നഗരംചുററി വേറൊരിടത്തുകൊണ്ടു് അടക്കി. മൂന്നാമത്തെ കൂട്ടർ അവിടെനിന്നും അവനെ തോണ്ടിയെടുത്തു ചുമന്നുകൊണ്ടു നടന്നിട്ടു മറെറാരിടത്തു കൊണ്ടിട്ടു സംസ്കരിച്ചു. എന്നിട്ടു് ആ ചാരമെടുത്തു നഗരത്തിലെ പൈപ്പുവെള്ളത്തിൽ കലക്കി. കുടിയെടാ കുടി!

—o—

കഥ

ദീർഘചതുരാകൃതിയിൽ, മഞ്ഞ ബോർഡിൽ കറുപ്പക്ഷരത്തിൽ ഏതോ ചെട്ടിയാരുടെ തുണിക്കടയുടെ പരസ്യത്തിന്നപ്പുറത്ത്, പാടത്തേയ്ക്കിറങ്ങിനില്ക്കുന്ന മൂന്നോ നാലോ കടകളുടെ മുറ്റത്തിട്ടിരിക്കുന്ന കൂററൻ മാവിൻതടിക്കഷണങ്ങൾ കീറിവിറകാക്കിക്കൊണ്ടിരിക്കുന്നവന്റെ പുറത്തെ വിയർപ്പുചാലിൽ പ്രകാശം സഞ്ചരിക്കുന്നതു് കാണുന്നുണ്ടു്. ഈ പരിസരത്തിന്ന് ഈ പരിസരത്തു് നില്ക്കുന്നതുള്ള അർഹതയില്ല. അവരളാണും പറഞ്ഞതല്ല. വേദനകൊണ്ടു പറഞ്ഞതാണു്. എന്റെ നന്മയ്ക്കുവേണ്ടി പറഞ്ഞതാണു്; എന്റെ അമ്മയാണവൾ—

ഈ മുറിയിലൂടെ, അല്ല ഈ വീട്ടിലൂടെ നരിച്ചീറുകൾ ഊളിയിട്ടു പറന്നുനക്കേമായിരുന്ന സന്ധ്യയോ, പ്രഭാതമോ, രാത്രിയോ? അറിയില്ല. തെററിദ്ധരിച്ചു് അവർ എന്റെ ചെവിയിൽ പറഞ്ഞു, പലതും. നിലാവു് യൗവനത്തിലേയ്ക്കു കടക്കുമ്പോൾ, അമർഷത്തോടെ കവിളുകൾ ഞാനറിയാതെ ചലിപ്പിച്ചുകൊണ്ടു്, വിളറിയ സ്വപ്നംപോലെ പതന്നുകിടക്കുന്ന പാടത്തിന്റെ അരികിലുള്ള കളത്തിൽ! ഇടുങ്ങിയ പാതയിലൂടെ പാമ്പിനെപ്പോലെ വികൃതമായി നൃത്തം ചെയ്തു് അല്ലെങ്കിൽ കിഴക്കോ കഴുകിപ്പോകുന്നു, ആരും! പിന്നെ ശ്രദ്ധയമായിട്ടൊന്നുമില്ല. കഴുക്കമാത്രം! നിലാവിന്റെ വെള്ളിനിറം, നിലാവിന്റെ തണുപ്പു്. ചന്ദനനിറമുള്ള പാത; ആരുമില്ല. ആകാശമിറങ്ങി നില്ക്കുന്ന ചോക്കു് തനിയെ. തേക്കുകൊട്ട ചന്ദ്രനെ കോരിയെടുക്കാൻ കഴിയാതെ പൊങ്ങിവരുന്നു. ചിതറിയ നിലാവു് കുളങ്ങളിൽ! ബോധമണ്ഡലത്തിലൂടെ, ചെത്തിയാൽ തെറിക്കുന്ന ഐസുപോലെ പുറത്തുചാടി കഴുകുന്നു. ഈ ലഹരി ഈ ലഹരിയുടെ എണ്ണ തീരുന്നവരെ! പത്തിച്ചുരുട്ടി ഉറങ്ങുന്ന മാമ്പയായി ചുരുങ്ങുകിടക്കേണ്ടവളെ!

ആരും ഒന്നും പറയണ്ട, പറഞ്ഞിട്ടു കാര്യമില്ല. നിലാവിന്റെ അപരിചിതമായ നിറത്തിൽ കഴുകുന്ന നിലാവിന്റെ

സംഗീതം. ഇഞ്ചിന്റെ സംഗീതത്തിൽ, അമർഷം വിഷാദമായി മാറുന്നു. നിലാവു് അർദ്ധനാരീശ്വരനാണു്.

എന്തിന്നുവേണ്ടി, ആർക്കുവേണ്ടി; ഒരിക്കലും നിന്നോടു് ഞാൻ പറഞ്ഞില്ല. നിന്നിലേയ്ക്കാഴ്ന്നിറങ്ങുമ്പോൾ ഈ വിഷാദമെനിയ്ക്കു നഷ്ടപ്പെടുന്നുവോ? സത്യത്തിൽ ഞാൻ നിന്നെ ഇഷ്ടപ്പെടുന്നുണ്ടോ, എന്നിയ്ക്കുറിഞ്ഞുകൂടാ. ഞാനെന്നെ വിശ്വസിപ്പിയ്ക്കുന്നു. നിന്റെ കണ്ണുകളുടെമന്ദഹാസം, നിന്റെ കണ്ണുകളുടെ ശാന്തമായ ആകാശത്തിലെ പരിചിതഭാവം! പക്ഷേ, നീ നിയ്ക്കറിയാതെ, കീഴടങ്ങി കീഴടങ്ങിക്കൊണ്ടാണു കീഴടക്കേം. നിന്റെ കണ്ണുകളിൽനിന്നലറിവിളിയ്ക്കുന്ന സിംഹത്തിനെ ഞാൻ കീഴടക്കിയില്ലെങ്കിൽ—നിലാവിന്റെ ചിറകിലുള്ള സ്വപ്നത്തിന്റെ ഗന്ധത്തിൽ—എനിയ്ക്കെന്നെ പരിചയമില്ല.

അതെ, നരിച്ചീറുകൾ, ഊളിയിട്ടു പറക്കുന്നു. അവ അവശേഷിപ്പിച്ച ഗന്ധം. വൃത്തിയാക്കിയിട്ടും വൃത്തിയാകാത്ത മുറ! വട്ടം കറങ്ങി കറങ്ങിപ്പോകുന്ന മനുഷ്യമുഖങ്ങൾ! കോണിപ്പുവട്ടിൽ, ഓവറയുടെ വാതിൽ പിടിച്ചുകൊണ്ടു്, മുററത്തെ മാവിന്റെ ചുവട്ടിലിരിയ്ക്കുന്ന കസേരകളിൽ. കോതിവിരാന്തയ്ക്കു വെറുതെയിരിയ്ക്കുന്ന കിഴവന്മാരെപ്പോലെ തിണ്ണയിലിരുന്നു് നവം മുറിയ്ക്കുന്നവർ. കപ്പിവളകളുടെ ബഹളം കൂട്ടൽ.

'എന്റെ വീടു് മലപ്പുറത്താണു്.'

"മലപ്പുറത്തെവിടെ."

"മലപ്പുറത്തുള്ളവരെ പരിചയമുണ്ടോ?"

"നാട്ടിൽ പോണതാവഴ്ക്കാണല്ലോ!

ആരൊക്കെയോ കോണിക്കയറിപ്പോകുന്നു. ആരൊക്കെയോ കോണിയിറങ്ങിപ്പോകുന്നു; അവസാനിയ്ക്കാത്ത മഴയുടെ ഓർമ്മപ്പേടിയുള്ള തണുപ്പു കൈകൾക്കു്. കോണിച്ചുവട്ടിൽ കൊപ്പിട്ടിപ്പൊളിഞ്ഞ മരസാമാനങ്ങൾ. വിറയ്ക്കുന്നതെന്തിന്നു്?

കാൽവിരലുകൾ സ്വഷ്ടിയ്ക്കുന്ന അർദ്ധവൃത്തത്തിലേയ്ക്കു കണ്ണുകൾ ശ്രദ്ധിയ്ക്കുന്നതെന്തിന്നു്? നോക്കുന്നതു് കാൽചുവട്ടിലേയ്ക്കു് കാണുന്നതു് മറെറന്തോ? ഒരുപക്ഷേ,

"വീട്ടിൽ, വീട്ടിലാരൊക്കെയുണ്ടു്, തഗ്മിണിയുടെ."

അച്ഛൻ, അമ്മ, അനിയന്മാർ, ചേട്ടന്മാർ, ഏടത്തിയുടെ മത്താവു്, പിന്നെ—

പിന്നെ പിന്നെ:—

തറച്ചുനോട്ടം! കതിരസ്സാരിയിൽ ആദ്യത്തെ കാറ്റു നിമിഷങ്ങൾക്കുള്ളിൽ കതിര മനസ്സിലാക്കുന്നു. ഞാനോ യജമാനനോ യോഗ്യനെന്നു്.

സഹതാപത്തിന്റെ ഉള്ളവെയിൽ കണ്ണുകളിൽ. ദീർഘമായി ശ്വസിയ്ക്കുന്ന തിനിടയിൽ.

ശവോക്മരങ്ങൾ കാവൽനില്ക്കുന്ന ചുവന്ന മൈതാനം. മൈതാനത്തിന്റെ അതിർത്തിയിൽ ചെട്ടിയ മതിലിന്നു ചുവടെ പാറക്കൂട്ടങ്ങൾ ഇറങ്ങിയിറങ്ങിപ്പോകുന്നു. അപ്പോൾ സൂര്യൻ കുന്നിൻമുകളിലേയ്ക്കു കയറിവരുന്ന ഒരൈപ്പുകഴലിലൂടെ സഞ്ചരിയ്ക്കുന്നുണ്ടാകും. റോഡ് അവസാനിയ്ക്കുന്നേടത്തു് കെട്ടിടങ്ങൾ! കൊട്ടാരത്തിന്റെ അവശിഷ്ടങ്ങൾ.

ചുമലിൽ പുസ്തകംവെച്ചു, സാരിയുടെ അടിവശം മടിക്കുത്തോളം പൊക്കിപ്പിടിച്ചു് പള്ളിക്കു കയറിപ്പോയി. പുസ്തകങ്ങൾക്കു മീതെ വിനസ് പെൻസിലിന്റെ പെട്ടി. അർദ്ധവൃത്തത്തിന്റെ അർത്ഥം?

പിന്നെ, പിന്നൊഴിക്കൽ! തകർന്നിരിഞ്ഞോട്ടെ! വേഗത! ഇതാണു നിമിഷങ്ങൾ. എനിക്കു നിയാവണം. നിന്റെ കണ്ണുകളിൽ, മന്ദഹാസമായി തുടിയ്ക്കുന്ന ലഹരിയായി മാറുന്ന വേഗതയിലൂടെ ഞാനെന്നെ മറക്കട്ടെ. ഒരിക്കൽ ഒരുതവണ ലഹരിയിലേയ്ക്കു യാത്രചെയ്യുമ്പോൾ ഞാൻ, നിന്റെ സഹയാത്രികൻ! എന്റെ ഹൃദയം നിങ്ങളുടെ ഗിററാറിന്റെ

കരുണാകരൻ

കമ്പികൾ തകർക്കുന്ന നാദത്തിന്റെ കാൽക്കൽ! എല്ലാം നിങ്ങളെടുത്തോളൂ; ഈ നമ്പിങ്ങൾ വിട്ടുതരിക. അടയ്ക്കാ എനിക്കു നൃത്തമറിയില്ല. നൃത്തം ചെയ്യുന്ന ഹൃദയം ശരീരത്തിലൊതുങ്ങുന്നില്ല. വേഗം. എല്ലാം തകർന്നിടിഞ്ഞോട്ടെ. നമുക്കീ നാദം. നമ്മുടെ സ്വന്തം!

യാത്രയുടെ ഒടുവിൽ, നിറമങ്ങിയ രൂപം വിഷാദം പ്രകടിപ്പിക്കുന്ന ശവപ്പെട്ടിമരങ്ങളുടെ ചുവട്ടിൽ അരമതിലിൽ തനിയെ ഒഴിഞ്ഞു നീണ്ടുനീണ്ടുപോയ വരാന്തകൾ. പൂട്ടിയിട്ട മുറികളിൽ ശബ്ദങ്ങളുടെ മാത്രം ഏതോ ഉച്ചവെയിലിന്റെ ഗന്ധം മെപോലെ മയങ്ങിക്കിടക്കുന്നു. ശബ്ദങ്ങളുടെ പിന്നാലെ, ശബ്ദത്തിന്റെ തോടിനുള്ളിൽ മറഞ്ഞിരിക്കുന്ന നിശ്ശബ്ദതയോടുപൊട്ടിച്ചു പുറത്തുചാടുമ്പോൾ, അപരിചിതവും, അപൂർവ്വതയുമായ വിഷാദത്തിന്റെ പൂ! ശബ്ദം നിറഞ്ഞ നിശ്ശബ്ദതയായിരുന്നല്ലോ, നീ!

എന്നോ! അലസമായ ക്രൂരമായ ദവളിച്ചത്തിന്റെ പരിമിതികൾ! പരിമിതികൾപ്പുറത്തു് കാവുചാലിലൂടെ ഒഴുകുന്ന കറുത്ത ജലം. ഇരുട്ടിന്റെ കസ്തൂരി, ഒരിക്കൽ കടന്നുപോകുമ്പോൾ ആശയോടെ മുഖത്തുനോക്കി, മററാരോ കീഴടങ്ങിനില്ക്കുമ്പോൾ നിങ്ങൾ എന്തിനു നോക്കുന്നു.

നീണ്ടുനീണ്ടു നീണ്ടുപോകുന്ന പിറുപിറുപ്പുകൾ, "സ്നേഹൊന്നും വേണ്ട, ഞ്ഞ്ൻെറ തടി കണ്ടോ?" ഇരുട്ടിന്റെ പിറുപിറുപ്പുകൾ. "തടി പണയം വെച്ചാ ഇവിടെ വന്നു ചാരി നിക്കണ്ട്." ക്രൂരമായ വെളിച്ചം, അകലെ ഇരുട്ടിന്റെ പരിമിതികൾക്കപ്പുറത്ത്, ക്രൂരത പതുങ്ങിയിരിക്കുന്ന അലസമായ വെളിച്ചം പരന്നുകിടക്കുന്നു. ബിന്ദുക്കളായി.

ഞരമ്പുകളിലൂടെ ഒഴുകുന്ന കറുത്ത രക്തം! ഒരിക്കൽ ഒരുതവണ ഈ ഞരമ്പുകളിൽനിന്നെന്നെ സ്വതന്ത്രനാക്കൂ. വലിഞ്ഞുമുറുകിയ ഞരമ്പുകൾ, പൊട്ടിപ്പോയെങ്കിൽ പോട്ടെ.

വീണ്ടും, പതിവുപോലെ പുഴയിലെ ബിന്ദുവായപ്പോൾ, ബിന്ദു പിറുപിറുത്തു. ഞാൻ നിന്നെ ഇഷ്ടപ്പെടുന്നു. എന്റെ സഹോദരി, എന്റെ സഹോദരി, നീ എന്റെ എല്ലാമാണ്; നിന്നെക്കുറിച്ചോർക്കുമ്പോൾ ഞാൻ ഓർക്കുന്നു. "മുറുക്കി ചുവപ്പിച്ച പെൺകിടാവേ—" ആ ഓർമ്മയുടെ ഓർമ്മ എന്നെ സ്വസ്ഥനാക്കുന്നു.

സന്ധ്യകഴിക്കുന്ന ദീപം! രാത്രി! തീവണ്ടിമുറിയിലെ പഞ്ചായത്തുവിളക്കിന്റെ ചുട്ടിൽ, നിഴലിൽ, അകലെ ഒററ വെളിച്ചത്തിന്റെ നക്ഷത്രം!

ഒരുപക്ഷേ, പിന്നീടൊരിക്കൽ—

"നോക്കൂ, അകലെ ഒററപ്പെട്ട വെളിച്ചങ്ങൾ. കവിത—"

"കവിത. വല്ല പെണ്ണും ചമ്മന്തി അരയ്ക്കുമ്പോൾ ജനലിൽ വെച്ച ചിമ്മിനി വെളക്കാകാതിരിക്കും."

വാഴയിലകളിലൂടെ ഒഴുകുന്ന നിലാവിന്റെ ശബ്ദം!

അകത്ത, നരിച്ചീറുകൾ മൂളിയിട്ടു പറക്കുന്നതിന്റെ ഇരട്ട! ആകാശംപോലെ എല്ലായിടത്തും നീ തന്നെ. നീ സൃഷ്ടിക്കുന്ന നിഴലിൽ നില്ക്കുമ്പോൾ ഞാൻ എന്നെ മയപ്പെടുത്തുന്നു. നീ ആകാശമാണ്. ആകാശം എന്നൊന്നില്ല. പക്ഷേ, നീ ആകാശമാണ്. നിനക്കു നക്ഷത്രകോടി കണ്ണുകളുണ്ട്. നീ എല്ലാം കാണുന്നു. നിന്റെ കിങ്കരന്മാർ, നിന്റെ ചാരന്മാർ ഭൂമിയിലെല്ലായിടത്തും, എന്റെ ചലനങ്ങളെ സംശയദൃഷ്ടിയോടെ സൂക്ഷിച്ചുകൊണ്ടു ജീവിക്കുന്നു.

മുറിയിൽ കാല്പെട്ടി. ചതുരഅഴികളിലൂടെ മടിച്ചു മടിച്ചു കടക്കുന്ന വെളിച്ചം. ഒരുവശത്തുനിന്നു നോക്കിയാൽ ശ്രീകൃഷ്ണൻ. നടുവിൽനിന്നു നോക്കിയാൽ സരസ്വതി, മറുവശത്തുനിന്നു നോക്കിയാൽ ഗുരുവായൂരപ്പൻ. തുറക്കുമ്പോഴും അടയ്ക്കുമ്പോഴും അലറുന്ന വാതിലുകൾ. ഞാൻ നിന്നെ കാത്തിരിക്കുമോ? അതോ നീ എന്നെ കാത്തിരിക്കുമോ?

നിന്റെ ശരീരത്തിന്റെ എല്ലാ മൃദുലതകളോടെ, നിന്റെ ശരീരത്തിന്റെ എല്ലാ ആഡംബരങ്ങളോടെ, നിമിഷങ്ങളുടെ വർഷങ്ങൾക്കുശേഷം, ഞാൻ അപരിചിതനായി, അമയാത്രിയെപ്പോലെ വരുന്നു. നീ എഴുന്നേൽക്കുമ്പോൾ, ഞാൻ അത്ഭുതത്തോടെ ആമയായി നില്ക്കുകയായിരിക്കും.

ഏയ് നോക്കൂ, എന്റെ കണ്ണുകളിലേക്ക്. എനിക്കാരുമില്ല. എനിക്കാരുമില്ല. ഞാൻ തനിച്ചാണ്. ഞാൻ തനിച്ചായിരുന്നു.

എന്റെ കുട്ടി സുരക്ഷിതത്വത്തിനു വേണ്ടിയാണു ഞാൻ കാത്തിരുന്നതു്. പക്ഷേ, എന്റെ മോനേ മോനത്തയുണ്ട്, ആകാശത്തിൽ പരുന്തുകൾ വട്ടംചുററി പറക്കുമ്പോൾ, ഞാൻ എന്റെ ചിറകിന്നടിയിൽ നിന്നു ഒളിപ്പിക്കും. നിനക്കു ഞാൻ പുതുജീവൻ നല്കും. എനിക്കതിനു കഴിയും, ഞാൻ കാലവുമായി ബന്ധ

മലയാളനാട്ട് വാരിക

വരിസംഖ്യ

(എക്സൈസ് ഡ്യൂട്ടിയടക്കം)

ഇൻഡ്യയിൽ-

ഒരുവർഷത്തേയ്ക്കു്	21-00
ആറുമാസത്തേയ്ക്കു്	10-50
ഒററപ്രതി	00-37

മാനേജർ,
മലയാളനാട്ട്, കൊല്ലം.

യൌവ്വനത്തിന്റെ താക്കോൽ

മനുഷ്യശരീരത്തെ ഒരു നാഴികമണിയോടു് ഉപമിക്കാം. കൃത്യമായി താക്കോൽ കൊടുക്കാതിരുന്നാൽ നാഴികമണി നടക്കുകയില്ല. ശരീരത്തിലെ നാഡീവ്യൂഹത്തിന്നു് ഉജ്ജീവനം ലഭിച്ചില്ലെങ്കിൽ പ്രവർത്തനമാന്ദ്യം സംഭവിക്കുന്നു.

അകാലത്തിൽ വാർദ്ധക്യം വലിഞ്ഞു കയറുന്നു. നാഴികമണിക്കു് താക്കോൽ കൊടുത്തു പ്രവർത്തനക്ഷമമാക്കുന്നതുപോലെ, കരിംകുരങ്ങു രസായനം മനുഷ്യശരീരത്തിലെ ജീവകശക്തിയെ വളർത്തി, നാഡികളെ വിജൃംഭിപ്പിച്ചു് യൗവ്വനം നിലനിർത്തുന്നു. അതു് യുവത്വത്തിന്റെ താക്കോലാകുന്നു.

ശരീരം തടിപ്പിക്കും. ബലം വളർത്തും. ആയുസ്സ് ദീർഘിപ്പിക്കും. ഓജസ്സ് പ്രദാനംചെയ്യും. ശരീരത്തിന്നു സംഭവിച്ച കേടുപാടുകൾ തീർക്കും. ക്ഷയം, കാസം, ഏങ്ങൽ, വാതം ഇവ ശമിപ്പിക്കും. പ്രസവരക്ഷയ്ക്കു വിശേഷം. 450 ഗ്രാം ടിൻ 9 ക. മാത്രം. പാക്കിങ്ങും തപാൽ ചിലവും വേറെ. ശാസ്ത്രവിധിയനുസരിച്ചു കൃത്യമായി സംസ്കരിച്ചിട്ടുള്ള എല്ലാ ആയുർവ്വേദഔഷധങ്ങൾക്കും, വിദഗ്ദ്ധമായ വൈദ്യോപദേശത്തിന്നും സമീപിക്കുവിൻ! രോഗവിവരക്കുറിപ്പുകൾക്കു ചികിത്സ നിശ്ചയിച്ചു് ഔഷധം വി. പി. ആയി എത്തിച്ചുകൊടുക്കുന്നതാണ്.

സ്വതന്ത്ര ഫാർമസി (Regd.) H. O. ചാലക്കുടി

P. B. No. 4
PHONE: 44

കേരളം

ബ്രാഞ്ചുകൾ:-നാഗർകോവിൽ, മാർത്താണ്ഡം, നെയ്യാററിൻകര, കാട്ടാക്കട, തിരുവനന്തപുരം (Phone: 2877), വർക്കല(Phone: 56), കൊല്ലം, കൊച്ചിറ, മാവേലിക്കര, പട്ടണം(കോട്ടയം), ആലപ്പുഴ, എറണാകുളം, ആലുവാ, അങ്കമാലി & തൃശ്ശൂർ.

ത്തപ്പെടാത്ത ഉള്ളുക്കോഴിയായിരിക്കുന്നേരത്തോളം!

എനിക്കു നിന്റെ അകിട്ടിൽകിടന്നു കാലു ഉടച്ചു് ആത്മനിലവിളിക്കണം. എനിക്കു നിന്റെ അകിട്ടിൽകിടന്നു കാലിലെ തള്ളവിരലു കടിക്കണം. എനിക്കു നീ അമ്പിളിമാമനെ കാട്ടി ചോറു വാരിത്തരണം, തരില്ലേ?

എന്റെ കുട്ടി, എന്റെ ഓമനയായ കുട്ടി, നിന്റെ നിഷ്ഠുരത ഞാനിഷ്ടപ്പെടുന്നില്ല. എങ്കിലും ഞാനെത്ര ശ്രമിച്ചാലും എനിക്കു നിന്നെ വെറുക്കാൻ കഴിയില്ല പക്ഷേ—

വരകളുടേയും, നിറങ്ങളുടേയും അപ്പുറത്തു്. ബോധത്തിലേയ്ക്കുള്ള യാത്രയുടെ മദ്ധ്യേ, ഒരുപക്ഷേ അറിവില്ലായ്മയുടെ ശേഷം, മരച്ചുവട്ടു് ഈയുച്ചയ്ക്കു്—

മണലിലൂടെ ഇഴഞ്ഞുകയറിച്ചെന്നപ്പോൾ അവളകത്തായിരുന്നു. കടന്നുപൊയ്ക്കൊണ്ടിരുന്ന മുഖങ്ങളിൽനിന്നു വ്യത്യസ്തമായ മുഖത്തിനുവേണ്ടി അന്വേഷിച്ചു.

നട്ടുച്ചയുടെ ഉഷ്ണവുമുഴുവൻ വലിച്ചെടുത്ത മണൽക്കാടു്. ഉച്ചയുറക്കത്തിലേയ്ക്കാണ്ടുപോകുമ്പോൾ, അവ്യക്തമായ തലച്ചോറിൽ കരയുന്ന കാക്കകളെപ്പോലെ കെട്ടിടങ്ങൾ; മഞ്ഞച്ചായം പൂശിയ കെട്ടിടങ്ങൾ! മണൽക്കാടിന്നതിർത്തിയിൽ ശവോക്മരങ്ങൾ.

വാതിലിലെ തിരശ്ശീല നീക്കി രണ്ടു പരിചിതമുഖങ്ങൾ എത്തിനോക്കി. തിരശ്ശീല വീണ്ടും കൂടിച്ചേർന്നപ്പോൾ ഓളങ്ങൾ.

എന്റെ ഉരച്ച കാലൊച്ചകൾ നിന്റെ ഹൃദയസ്പന്ദനമായി മാറുമ്പോൾ—

നിന്റെ ഉറച്ച കാലൊച്ചകൾ എന്റെ ഹൃദയസ്പന്ദനമായി മാറുമ്പോൾ—

റേഡിയോ സ്റ്റെതസ്കോപ്പുകൾ ഷെൽഫിൽ മടുക്കിവെച്ച പത്രങ്ങൾ; ജനലിനപ്പുറത്തു് ആകാശം ഇറങ്ങിനില്ക്കുന്ന കണ്ണുകൾ.

ഈ ചുമൽകുസരയിലിരിക്കുന്നതു്, ഞാനല്ല, എന്റെ പ്രതിമയാണു്; അപരിചിതനായ ഏതോ കഥാപാത്രമാണു്. ഈ നട്ടുച്ചയുടെ ഉഷ്ണം മന്ദതയിലേക്കു യാത്രചെയ്യുന്നതെന്നിലൂടെയല്ല.

ഒടുവിൽ വന്നു, കഴുകിവന്നു. നിന്നെക്കുറിച്ചു പരിചയമില്ലേ? നാം നൂററാണ്ടുകളായി പരിചയമുണ്ടു്.

എത്രയോ വർഷങ്ങൾക്കുശേഷം; ഒരു പക്ഷേ, മുറ തെററിയ ആത്മവം സൃഷ്ടിച്ച തലവേദനകൊണ്ടു് അസ്വസ്ഥയായിരിക്കുമ്പോൾ പൊട്ടിത്തെറിച്ചു—

"ദയവുചെയ്തു്, എന്നെ കാണാൻവേണ്ടി നിങ്ങളിവിടെ വരരുതു്. എനിക്കു നിങ്ങളെ കാണണംന്നുല്ല."

ഈ കെട്ടിടങ്ങളോടു്, ഈ പുൽമേടുകളോടു്, ഈ മനുഷ്യപ്രാണികളോടു്, ഇവിടുത്തെ മനുഷ്യരോടു്, മൃഗങ്ങളോടു്—

അമിനയും കഴിഞ്ഞു ഗ്രീൻറൂമിലേക്കു മടങ്ങിയപ്പോൾ സഹനടികൾ അമിതമായ നാണംകൊണ്ടു മുഖിക്കാണും. ഏയ് നിങ്ങളുടെ ശപത വഗ്ദിസെന്നോ, രാമനെന്നോ ചാത്തനെന്നോ, നാരായണനെന്നോ, ശങ്കരൻകുട്ടിയെന്നോ; കൊസ്തി കുട്ടിയെന്നോ ശ്രീനിവാസനെന്നോ; കേശവൻകുട്ടിയെന്നോ, രാഘവൻനായരെന്നോ ആവാം. വളരെ കുറച്ചുപേർക്കു മാത്രമേ പേരിന്റെ ആവശ്യമുള്ളു. നിങ്ങളായാലും; നിങ്ങളുടെ തറച്ചുനോക്കലിൽ എന്റെ മുഖത്തെഴുതിയിരിക്കുന്ന അക്ഷരമില്ലാത്ത ഗ്രന്ഥം നിങ്ങൾക്കു മനസ്സിലാകുമോ എന്നു ഞാൻ ഭയപ്പെടുന്നു. എന്റെ ഭയം അസ്ഥാനത്താകാം; എന്നാലും—

—o—

നല്ല പത്രലേഖകനാകാൻ പരിശീലനം തപാലിൽ മലയാളത്തിൽ

INSTITUTE OF JOURNALISM
Alleppey-1 (Kerala)

മിസിസ് ബ്രാൻഡസ് എന്ന വൃദ്ധ

ലക്ഷ്മി

വർഷങ്ങൾക്കുമുമ്പു് അമേരിക്കയിലെ ഒരു പട്ടണത്തിൽ ഞാനും എന്റെ ഭർത്താവും വീടന്വേഷിച്ചു നടക്കുമ്പോൾ വീട്ടുടമസ്ഥൻ ഒരു ബോർഡു ചൂണ്ടിക്കാണിച്ചുകൊണ്ടു പറഞ്ഞു: "ഞങ്ങൾക്കു "കുട്ടികൾ ഇല്ലെങ്കിൽ അയാളുടെ ഇരുപതു് 'അപ്പാർട്ടുമെന്റു'കൾ ഉള്ള കെട്ടിടത്തിലെ ഒരു 'അപ്പാർട്ടുമെന്റു്' ഞങ്ങൾക്കു് വാടകയ്ക്കു തരാമെന്നു്." അന്നു് അമേരിക്കൻസമൂഹത്തെക്കുറിച്ചു് വലിയതോതിലറിവൊന്നുമില്ലായിരുന്ന എനിക്കു് "കുട്ടികളെ താമസിപ്പിക്കുകയില്ല" എന്ന ആ ബോർഡു കണ്ടപ്പോൾ അത്ഭുതം തോന്നി. അന്വേഷിച്ചപ്പോൾ അവിടെ എന്തോരം വൃദ്ധജനങ്ങൾ താമസിക്കുന്നുണ്ടെന്നും അവർക്കാർക്കും കുട്ടികളെ ഇഷ്ടമേല്ലെന്നും ഉത്തരം ബോർഡുകൾ പല വാടകക്കെട്ടിടങ്ങളിലുമുണ്ടെന്നും അയാൾ വിശദമാക്കി. കേരളത്തിലെ നാട്ടിൻപുറത്തു ജനിച്ചുവളർന്ന എനിക്കു് കുട്ടികളെ വെറുക്കുന്ന വൃദ്ധജനങ്ങളെക്കുറിച്ചു് അന്നു് യാതൊരറിവുമില്ലായിരുന്നു. എന്റെ നാട്ടിൽ എനിക്കറിയാവുന്ന വീടുകളിലെല്ലാം വൃദ്ധരാണു് കുട്ടികളെ കൂടുതൽ ഇഷ്ടപ്പെടുന്നതും വാത്സല്യിക്കുന്നതും. ഏതായാലും കുട്ടികൾ ഇല്ലായിരുന്ന ഞങ്ങൾക്കു് അവിടെ താമസസൗകര്യം കിട്ടി.

താമസമാക്കി ഒരുമാസത്തിനകം മററു താമസക്കാരെക്കുറിച്ചു് ഒരു നല്ല വിവരണം വീട്ടുടമസ്ഥന്റെ ഭാര്യ എനിക്കു നൽകി. വിവാഹമോചിതർ, മക്കൾ വേണ്ടാത്ത ദമ്പതികൾ, മാതാപിതാക്കളോടൊപ്പം സ്വന്തം വീട്ടിൽ താമസിക്കാനിഷ്ടപ്പെടാതെ സ്വാതന്ത്ര്യംതേടിവന്നു താമസിക്കുന്ന യുവതികൾ, ബന്ധുക്കളെ വെറുത്തും ബന്ധുക്കളാൽ പരിവർജ്ജിക്കപ്പെട്ടും താമസിക്കുന്ന വൃദ്ധർ, ഇങ്ങനെ പലവകപ്പിൽ പെട്ടവരും അവിടെ ഉണ്ടായിരുന്നു. അങ്ങനെയിരിക്കുമ്പോൾ ഞാൻ 'മിസിസ്സ്' ബ്രാൻഡസ്'നെക്കുറിച്ചു് ആദ്യമായി കേട്ടതു്. എൺപതുവയസ്സു കഴിഞ്ഞ ഒരു വൃദ്ധയാണവർ. അവരുടെ മകൻ മൂന്നുമാസത്തിനുമുമ്പു് അവരെ അവിടെക്കൊണ്ടാക്കി. പിന്നീടു് തിരിഞ്ഞുനോക്കിയിട്ടേ ഇല്ല. വൃദ്ധയാണെങ്കിൽ ആരോടും ഇടപെടാറില്ല. നല്ല വസ്ത്രം ധരിക്കാറില്ല. മുറിക്കു പുറത്തിറങ്ങുകതന്നെ അപൂർവ്വം.

ഞങ്ങൾ താമസിച്ച കെട്ടിടത്തിന്റെ മുൻവശത്തുള്ള പാർക്കിൽ ഉച്ചക്കശേഷം ചാരുകസേരിച്ചു മോടിയായി ഉടുത്തൊരുങ്ങിയ നാലഞ്ചു വൃദ്ധകൾ എന്നുമിരുന്നു സംസാരിക്കുന്നതു കാണാമായിരുന്നു. അപൂർവ്വമായി, ഇസ്പിരിയിടാത്ത മുഷിഞ്ഞവേഷങ്ങളിൽ മററൊരു വൃദ്ധ ഒററയ്ക്കു് അകലെ ഒരു ബഞ്ചിൽ കുറച്ചുസമയം മാത്രം ഇരിക്കും. അവർതന്നെയായിരുന്നു 'മിസിസ്സ്' ബ്രാൻഡസ്'. മററു വൃദ്ധകളേക്കാൾ അവർ എന്റെ ശ്രദ്ധയെ ആകർഷിച്ചു. മററു വൃദ്ധകൾ കണ്ടാലുടൻ ആഹ്ലാദം പ്രകടിപ്പിച്ചു് ലോഹ്യം പറയുമ്പോൾ മിസിസ്സ് ബ്രാൻഡസ്' എന്നെ കണ്ടമട്ടേ വരുത്തിക്കാണിച്ചിട്ടില്ല. ഒരു ദിവസം ഞാൻ സാധാരണനിലയിൽ അഭിവാദനം ചെയ്തുകൊണ്ടു് അവരോടൊരു സംഭാഷണത്തിനാരംഭമിട്ടു. വൃദ്ധയുടെ മുഖത്തു് കുറച്ചാശ്ചര്യസ്വസ്ഥത ഉണ്ടായെങ്കിലും അടുത്തനിമിഷത്തിൽ മടിച്ചുകൂടാതെ സംസാരിച്ചുതുടങ്ങി. അതിനുശേഷം കാണുമ്പോഴെല്ലാം സംസാരം ഞാനാരംഭിക്കുകയും അവർ അതിൽ പങ്കെടുക്കുകയും പതിവായി. പിന്നീടൊരിക്കൽ ഞാൻ അവരെ എന്റെ മുറിയിലേക്കു ക്ഷണിച്ചു. അങ്ങനെ മണ്ടാരത്തെ നിലയിലായിരുന്നു താ

മസം. അവർ താഴെയും. അവർക്കു പടികയറാൻ പ്രയാസമുണ്ടെന്നും ഞാൻ അവരുടെ മുറിയിൽ ചെല്ലുന്നതാണു നല്ലതെന്നും അവർ പറഞ്ഞു. അങ്ങനെയാണ് ഒരുദിവസം ഞാൻ മിസിസ്സ് ബ്രാൻഡസിന്റെ മുറിയിൽ പോയതു്.

ഭംഗിയായി പുസ്തകങ്ങൾ അടുക്കിവച്ചിരിക്കുന്ന ഒരു നല്ല ഷെൽഫൊഴിച്ച് മററു് അത്യാവശ്യത്തിനു വേണ്ട വിലകാഞ്ഞ സാധനങ്ങളേ അവരുടെ മുറിയിൽ ഉണ്ടായിരുന്നുള്ളു. എന്നെ കണ്ടയുടൻ ഇരിക്കാൻ പറഞ്ഞിട്ട് അവർ നേരേ പോയി ഷെൽഫിൽനിന്ന് ഭംഗിയായി ബയൻറുചെയ്ത ഒരു വലിയ ബുക്കെടുത്തു തുറന്ന്, ഏതോ പത്രത്തിൽനിന്നും വെട്ടിവെച്ചിട്ടുള്ള രണ്ടു കടലാസ്സുകൾ സൂക്ഷിച്ചെടുത്ത് എന്റെ കൈയിൽ തന്നു. അവ അവർ ചെറുപ്പത്തിൽ എഴുതി പ്രസിദ്ധപ്പെടുത്തിയ രണ്ടു കവിതകളായിരുന്നു. ഞാൻ വായിച്ചപ്പോൾ അവർ അഭിമാനത്തോടെ നോക്കിക്കൊണ്ടിരുന്നു. ഇതുകൾ പ്രകൃതിയിൽ വരുത്തുന്ന മാററവും അവ മനുഷ്യഹൃദയത്തിൽ ഉളവാക്കുന്ന അനുഭൂതിയും ലളിതമായ ഭാഷയിൽ വരച്ചുകാട്ടിയ ഭംഗിയുള്ള വരികൾ. ആകെ രണ്ടു കവിത. പക്ഷേ, ഒരായിരം കവിത രചിച്ച സംതൃപ്തി അവരുടെ മുഖത്തുണ്ടായിരുന്നു. ഞാൻ വായിച്ചുതീർന്നപ്പോൾ അവർ അവരുടെ കൈവശമുള്ള കവിതാസമാഹാരങ്ങളേക്കുറിച്ചും അവ വായിക്കുന്നതിൽ അവർക്കുള്ള അതിയായ താൽപ്പര്യത്തേക്കുറിച്ചും പറഞ്ഞുതുടങ്ങി. അവർ അധികസമയവും പുസ്തകങ്ങളോടൊപ്പമാണു കഴിയുക. പ്രസിദ്ധികേട്ട എല്ലാ ഇംഗ്ലീഷ് കവികളുടെയും കവിതകൾ അവർ ശേഖരിച്ചിട്ടുണ്ട്. ചുററുപാടും കവിത മനസ്സിലാക്കുന്ന ഒരൊററ വ്യക്തിയുമില്ല. സ്വന്തം മക്കൾപോലും അവരുടെ പുസ്തകങ്ങൾ തുറന്നുനോക്കിയിട്ടില്ല. ഇതായിരുന്നു അവരുടെ സംഭാഷണത്തിന്റെ ചുരുക്കം. ഞാൻ യാത്രപറഞ്ഞപ്പോൾ ഒരു പുതിയ ചിത്രമാണ് മിസിസ്സ് ബ്രാൻഡസിനെക്കുറിച്ച് എന്റെ മനസ്സിൽ രൂപംകൊണ്ടതു്.

അതിനുശേഷം പലദിവസവും ഞാൻ അവരുടെ മുറിയിൽ പോയി. അവർ വളരെ ഭംഗിയായി കവിതവായിക്കുമായിരുന്നു. ഒരിക്കൽ അവർ കവിത ചൊല്ലിക്കേൾക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദത്തെക്കുറിച്ചു ഞാൻ സംസാരിച്ചപ്പോൾ അവർ ചിരിച്ചുകൊണ്ടൊരു രഹസ്യം പറഞ്ഞു. പണ്ട്, വർഷങ്ങൾക്കുമുമ്പ് പതിനേഴുവയസ്സുള്ളപ്പോൾ ഒരു ചെറിയ സാഹിത്യസമ്മേളനത്തിൽ അവർ ഒരു കവിത ചൊല്ലി. ആ കവിതയാണ് അന്നവിടെ പ്രാസംഗികനായിരുന്ന മിസ്റ്റർ ബ്രാൻഡസ്സിനെ തന്നിലേയ്ക്കാകർഷിച്ചതു്. അദ്ദേഹവും ഒരു സാഹിത്യകുതുകിയായിരുന്നു. അവർ കവിതചൊല്ലുന്നതു കേൾക്കുമ്പോൾ ഉണ്ടാകുന്ന ആനന്ദം അവാച്യമാണെന്നദ്ദേഹം പറയുമായിരുന്നു. അക്കാര്യം എന്നോടുപറയുമ്പോൾ മിസിസ്സ് ബ്രാൻഡസിന്റെ ചുക്കിച്ചുളിഞ്ഞ മുഖം സന്തോഷംകൊണ്ടു വികസിക്കുന്നുണ്ടായിരുന്നു. അന്നു യാത്ര പറഞ്ഞപ്പോൾ ഞാൻ അവരെക്കുറിച്ചു ചിന്തിക്കുകയായിരുന്നു. തടിച്ചു വയറുന്തി ഭംഗിയില്ലാത്ത വയസ്സായ രൂപം. വികാരശൂന്യമായ മുഖം. കോതി വൃത്തിയാക്കാത്ത മുടി. നിറം മങ്ങിയ വേഷം. മനസ്സുനിറയെ കവിത. അതിനെക്കുറിച്ചു സംസാരിച്ചാൽ ചെവികൊടുക്കാനോ മനസ്സിലാക്കാനോ കഴിവില്ലാത്ത ചുററുപാടു്. എത്ര മഹനീയമായ ചിത്രം!

പിന്നീട് മുടങ്ങാതെ ഞാൻ മിസിസ്സ് ബ്രാൻഡസ്സിനെ കണ്ടുകൊണ്ടിരുന്നു. കാലം കഴിഞ്ഞപ്പോൾ കവിതയും സാഹിത്യവും വിട്ട് അവരുടെ സംഭാഷണം പല വിഷയങ്ങളിലേക്കു തിരിഞ്ഞു, ലോകമഹായുദ്ധങ്ങൾക്കു മുമ്പും പിന്നും ഇതേരീതി എങ്ങനെയായിരുന്നു. എത്രവേഗമാണ് മാററങ്ങൾ സംഭവിച്ചതു്. ജീവിതം പണത്തേതിൽനിന്ന് എത്ര വ്യത്യസ്തമാണ്. സമുദായവും അതിനെ നിയന്ത്രിക്കുന്ന ആദർശങ്ങളും എത്രമാത്രം മാറിയിരിക്കുന്നു. ഇതെല്ലാം സ്വന്തം അനുഭവങ്ങളിലൂടെ അവർ പറയുമ്പോൾ ഒരു മഹത്തായ നോവൽ വായിക്കുന്ന രസത്തോടെ ഞാൻ കേട്ടിരിക്കുമായിരുന്നു. അവരുടെ ചെറുപ്പകാലത്തു സ്ത്രീകൾക്കു സമാധാനമായി ഇരിക്കാനും വെടിപറയുവാനും ഇഷ്ടംപോലെ സമയമുണ്ടായിരുന്നു. അവർ ഉച്ചതിരിയുമ്പോൾ അയൽക്കാരായ സ്ത്രീകളുമൊത്തിരുന്നു ഭംഗിയുള്ള പുക്കൾ തുന്നുകയും, തങ്ങൾതന്നെ ഉണ്ടാക്കിയ പലഹാരങ്ങൾ കഴിക്കുകയും, വിനോദം പറയുകയും, കവിത വായിക്കുകയും, ചെയ്തുമായിരുന്നു. വീട്ടുജോലികൾ സ്ത്രീകൾ തനിയേ ചെയ്തുവന്നു. യന്ത്രങ്ങളൊന്നും സഹായത്തിനില്ലായിരുന്നു. കുട്ടികൾ സംതൃപ്തരായിരുന്നു. ഇന്നെന്താണു ചുററും കാണുക: സഹായത്തിനു വീട്ടുനിറയെ യന്ത്രം. എന്നിട്ടും സ്ത്രീകൾക്കു വിശ്രമിക്കാൻ സമയമില്ല. അന്യോന്യം സംസാരിക്കാനോ രസിച്ചിരിക്കാനോ സമയം കിട്ടുന്നില്ല. ആരും പുക്കൾ തുന്നുകയോ കവിത വായിക്കുകയോ ചെയ്യാറില്ല. ടിൻ തുറക്കാതെ, പാചകപുസ്തകം നോക്കാതെ സ്വന്തമായി സ്വന്തം കൈവിരുതുകളോടെ ഒരു സാധനം ആരും പാചകം ചെയ്യാറില്ല. അതിനും ആർക്കും സമയമില്ല ഇവരെല്ലാം എന്തുചെയ്യുന്നു, എങ്ങനെ ജീവിതം ഈ നിലയിലായിത്തീർന്നു, എന്നാണാരും നിശ്ചയമില്ല. ജീവിതത്തിന്റെ തിരക്കും ബഹളവും പ്രതിഫലിക്കാത്ത മുഖമില്ല. ആരും സംതൃപ്തരല്ല—ഇങ്ങനെ നീണ്ടുപോകും അവരുടെ സംഭാഷണം.

മറെറാരുദിവസം സംസാരം വേറൊരു വഴിക്കായിരിക്കും തിരിയുക. അവരുടെ ചെറുപ്പത്തിൽ വീട്ടിനടുത്തു വിവാഹമോചനം നേടിയ ഒരു സ്ത്രീ ഉണ്ടായിരുന്നു. ആ സ്ത്രീ പോകുമ്പോൾ ആളുകളെല്ലാം അവരെ അത്ഭുതത്തോടെ നോക്കുമായിരുന്നു. ഇന്നാണെങ്കിൽ വിവാഹമോചനം നേടാത്തവരെക്കുറിച്ചാണ് ആളുകൾക്കത്ഭുതം. മക്കൾക്ക് അച്ഛനമ്മമാരോടും അച്ഛനമ്മമാർക്കു മക്കളോടും ഇന്നു കാണുന്ന ബന്ധമല്ല പണ്ടുണ്ടായിരുന്നതു്. ഇന്നു കുട്ടികൾക്കു വീടും മാതാപിതാക്കളും ഉപദ്രവമാണ്. മാതാപിതാക്കൾക്കു കുഞ്ഞുങ്ങൾ ഭാരവും. എല്ലാവർക്കും ആനന്ദിക്കണം, ആനന്ദിക്കാൻവേണ്ടി ഉള്ള തിരക്കിൽപ്പെട്ടു സ്നേഹവും ബന്ധവുമെല്ലാം തൈരിഞ്ഞില്ലാതാകുന്നു...—ഇങ്ങനെ ദിവസവും അവർക്കു സ്വന്തം അനുഭവങ്ങളുടെ കഥപറയാൻ കാണുമായിരുന്നു.

ചില പ്രത്യേക പരിതഃസ്ഥിതികൾ കൊണ്ടു് എനിക്കവരെ ദിവസവും സന്ദർശിക്കാൻ കഴിയാതെയായപ്പോൾ അവർ ഫോണിൽ സംസാരിക്കാൻ തുടങ്ങി. ഇതിനകം ഞങ്ങൾ വളരെ അടുത്തുകഴിഞ്ഞിരുന്നു. ചുററും നടക്കുന്ന സംഭവങ്ങളുക്കുറിച്ചായിരിക്കും ചിലപ്പോൾ സംഭാഷണം. അവിടുത്തെ ഇളയചതു് 'ഒപ്പാർട്ടുമെന്റു'കളിലും പരിസരങ്ങളിലും നടക്കുന്ന എല്ലാ സംഭവങ്ങളും അവർക്കറിയാം "രാവിലെ ഒരു പുതിയ കാറിൽ ആറാംനമ്പറിൽ കുറെ വിരുന്നുകാർ വന്നു. അവിടെ എന്തോ പാർട്ടി നടക്കുന്നതുപോലെ തോന്നുന്നു. പത്താംനമ്പറിൽ കുറെ പുതിയ ഫർണിച്ചർ വന്നിട്ടുണ്ട്. പന്ത്രണ്ടാംനമ്പറിലെ താമസക്കാർ മാറുന്നു. അവരുടെ സാധനങ്ങളെല്ലാം വാനിൽ കയററിയയച്ചു. തലേദിവസം രാത്രി രണ്ടാംനമ്പറിൽ ഏതോ പാർട്ടിയും ബഹളവുമായിരുന്നു. അതുകൊണ്ടു് ഉറങ്ങാൻ സാധിച്ചില്ല. നാലാംനമ്പറിലുള്ളവർ രാവിലെ 5 മണിക്കെഴുന്നേററു റെഡിയോ പോയിരിക്കുന്നു: രാവിലെ അവിടുത്തെ അലാറംകേട്ടുണർന്നുപോയി." ഇങ്ങനെ അവിടെ നടക്കുന്ന എല്ലാ വിശേഷങ്ങളും അവർക്കു പറയാൻ കഴിഞ്ഞു. അതെല്ലാം അവർ എങ്ങനെ അറിയുന്നു എന്നതു് എനിക്കത്ഭുതമായിരുന്നു.

മനസ്സുനിറയെക്കവിതയുമായി പുസ്തകങ്ങളുടെ ലോകത്തു മാത്രം ജീവിക്കുന്ന ഒരു വിശിഷ്ടജീവിയായി ഞാൻ കരുതിയ മിസിസ്സ് ബ്രാൻഡസ് ഇങ്ങനെ സാധാരണക്കാരെപ്പോലെ സംസാരിക്കുന്നതിൽ എനിക്കെന്തോ പൊരുത്തക്കേടു തോന്നി. ഒരിക്കൽ ഞാനതു സൂചിപ്പിച്ചപ്പോൾ അവർ പറഞ്ഞതിങ്ങനെയാണ്. "എന്റെ പുസ്തകങ്ങൾ എന്റെ ജീവനാണ്. എന്റെ മനസ്സിൽ കവിതയുമുണ്ട്. പക്ഷേ, കവിതയും പുസ്തകവുമായി മാത്രം കഴിഞ്ഞുകൂടുക അസാദ്ധ്യമാണ്. മനുഷ്യരില്ലാത്ത ലോകത്തു് ഒരുത്തക്കം ജീവിക്കാൻ പററുകയില്ല. മനുഷ്യരൂപം കാണാൻവേണ്ടി സർവസമയവും ഞാൻ റെഡിവിഷനിൽ നോക്കും. പക്ഷേ, അതുകൊണ്ടു തൃപ്തിവരുന്നില്ല. അങ്ങനെയുള്ള യഥാർത്ഥ മനുഷ്യരെക്കാണാനാണു ഞാൻ പുറത്തേയ്ക്കു നോക്കിനില്ക്കുന്നതു്. ഇളയചതു് 'ഒപ്പാർട്ടുമെൻറിലും' എന്തു നടക്കുന്നെന്നു ഞാൻ സസൂക്ഷ്മം മനസ്സിലാക്കും. ഞാൻ ചിലരെ വെറുക്കും. ചിലരെ ഇഷ്ടപ്പെടും. അവരോടൊക്കെ ജീവിക്കുന്ന അനുഭവം ഞാൻ സ്വയം സൃഷ്ടി

ക്കാൻ ശ്രമിക്കും. അങ്ങനെ എന്റെ ഏകാന്തവാസം കുറച്ചുനേരത്തേയ്ക്കെങ്കിലും മറക്കുന്നു." എനിക്കതുതന്നെ തോന്നി. ഇത്ര ഏകാന്തത അനുഭവിച്ചിട്ടും എന്തുകൊണ്ടു മറ്റുള്ളവരുമായി ഇടപെടുന്നില്ല? എന്തുകൊണ്ടു ബന്ധുക്കളോടൊപ്പം താമസിക്കുന്നില്ല? ഒരിക്കൽ ഞാൻ ഈ ചോദ്യങ്ങൾ അവരോടു ചോദിച്ചു. മററു വൃദ്ധകളെല്ലാം സർവ്വസമയവും മനുഷ്യരിൽ പരദൂഷണം നടത്തും, അല്ലെങ്കിൽ വേഷഭൂഷാദികളെക്കുറിച്ചു സംസാരിക്കും. അതുമല്ലെങ്കിൽ വീട്ടുകാര്യം പറയും. ഇവരുമ്പോൾ മിസിസ്സ് ബ്രാൻഡസിനിഷ്ടമല്ലത്രെ. ബന്ധുക്കളാണെങ്കിൽ മക്കളും മക്കളുടെ മക്കളുമായി പലരുമുണ്ട്. ആർക്കും അവരോടു സ്നേഹമില്ല. ദൈവിവസംപോലും ബന്ധുക്കളോടൊത്തു കഴിയുവാൻ അവർക്കു സാധിക്കുന്നില്ല. മുതിർന്നവരുടെ സ്വാതന്ത്ര്യവും സ്വാർത്ഥതയും അവർക്കു സഹിക്കാൻ കഴിയുന്നില്ല. കുട്ടികളുടെ വികൃതിയും അലച്ചിലും അവരെ ശ്രദ്ധപിടിപ്പിക്കും. സമുദായത്തിന്റെ ഒഴുക്കിൽപ്പെട്ടു് അവരുടെ സഹനശക്തി നശിച്ചുപോയി. അവർക്കിന്നാരോടും സ്നേഹം തോന്നുന്നില്ല. മുന്നൂറാണ്ടിനുമുമ്പുവരെ മകൾ താമസിക്കുന്ന പട്ടണത്തിൽ താമസിച്ചു.

മകൾ കാർ അപകടത്തിൽപ്പെട്ടു മരിച്ചപ്പോൾ മകൾ താമസിക്കുന്ന പട്ടണത്തിലേയ്ക്കു മാറി. ഗവണ്മെന്റിൽനിന്നു ധനസഹായം കിട്ടും. ആരോഗ്യം അനുവദിക്കുന്നിടത്തോളംകാലം മററുള്ളവരുടെ ജീവിക്കും. വയ്യാതാകുമ്പോൾ ഏതെങ്കിലും വൃദ്ധസദനകേന്ദ്രത്തിലേയ്ക്കു മാറും. അവിടെക്കിടന്നു മരിക്കും.—ഇതെല്ലാം പറയുമ്പോൾ അവരുടെ മുഖം വികാരശൂന്യമായിരുന്നു.

പിന്നീടൊരിക്കൽ ഞാൻ മിസിസ്സ് ബ്രാൻഡസിന്റെ മുറിയിൽ ചെന്നപ്പോൾ അവർ ചിരിച്ചുകൊണ്ടു് അവരുടെ കർട്ടനിലെ ഒരു ദ്വാരം എന്നെ ചൂണ്ടിക്കാണിച്ചു "നോക്കൂ, ആ ദ്വാരത്തിൽക്കൂടിയാണു ഞാൻ വെളിയിലേയ്ക്കു നോക്കുന്നതു് കർട്ടൻ മാററി അതുപോലെ നോക്കാനില്ലുന്നതു 'ബാഡ്മാനേഴ്സ്'ക്കു് അതുകൊണ്ടു്, ആരും കാണാതെ നോക്കാൻ ഞാനുണ്ടാക്കിയ ദ്വാരമാണതു്." അവരുടെ വാക്കുകൾകേട്ടു ഞാനത്ഭുതപ്പെട്ടു. ഒരിക്കലും പുറത്തേയ്ക്കു നോക്കി നില്ക്കാത്ത മിസിസ്സ് ബ്രാൻഡസ് വെളിയിൽ നടക്കുന്ന കാര്യങ്ങൾ അറിയുന്നതിന്റെ രഹസ്യം അപ്പോഴാണെനിക്കു മനസ്സിലായതു്.

അന്നു ഞാൻ എന്റെ മുത്തശ്ശിയെ ഓർത്തു മുത്തശ്ശിയും ഒരു മിസിസ്സ് ബ്രാൻഡസായിരുന്നു. വയസ്സായപ്പോൾ ദുഃസ്വഭാവംകൊണ്ടു മുത്തശ്ശിക്കു മക്കളോടൊപ്പം താമസിക്കാൻ കഴിയാതെയായി. എവിടെപ്പോയാലും രണ്ടുമാസത്തിനകം പിണങ്ങി ആളില്ലാത്ത പൂട്ടിയിട്ടിരിക്കുന്ന തറവാട്ടിലെത്തും. അവിടെ മററുള്ളാണധികകാലവും കഴിഞ്ഞതു്. ചിലപ്പോഴൊക്കെ മുത്തശ്ശിയോടൊപ്പം ഞാൻ താമസിച്ചിട്ടുണ്ടു്. പകൽസമയം മുത്തശ്ശി പൂജാമുറിയിലിരുന്നു പുസ്തകം വായിക്കും. ബാക്കിസമയം പടിപ്പുരയിലിരുന്നു വഴിയേ പോകുന്നവരെ കാണുകയും. മിസിസ്സ്. ബ്രാൻഡസ്സിനെപ്പോലെ "മാനേഴ്സൊന്നും നോക്കേണ്ട കാര്യമില്ലാത്തതുകൊണ്ടു് ആളുകളെ നോക്കിയിരിക്കാൻ മുത്തശ്ശിക്കൊരിടമില്ലായിരുന്നു ദ്വാരമുണ്ടാക്കാൻ തറവാട്ടിൽ കർട്ടനുമില്ലായിരുന്നു. മിസിസ്സ്. ബ്രാൻഡസിന്റെ ലോകം ഇരുപതു് "അപ്പാർട്ടുമെന്റു"കളുള്ള ഒരു വാടകക്കെട്ടിടമായിരുന്നു. മുത്തശ്ശിയുടേതാകട്ടെ ഒരു കൊച്ചുഗ്രാമവും ആ ഗ്രാമത്തിലെ വഴിയിൽക്കൂടി മുത്തശ്ശിക്കറിയാവുന്നവരെ സാധാരണയായി യാത്ര ചെയ്തിരുന്നുള്ളു. ചിലർ തിരിഞ്ഞുനോക്കാതെ ലോഹ്യം പറയും. തിരിഞ്ഞുനില്ക്കാത്തവരെ മുത്തശ്ശി വിളിച്ചുനിർത്തും. അവരിൽനിന്നു് ആ ഗ്രാമപ്രദേശത്തെ മുഴുവൻ വാർത്തയും മുത്തശ്ശി മനസ്സിലാക്കും. പടിപ്പുരയിലിരുന്നു യാത്രക്കാരെ ശല്യപ്പെടുത്തുന്നതിൽ എനിക്കു മുത്തശ്ശിയോടു വെറുപ്പുണ്ടായിരുന്നു. മിസിസ്സ് ബ്രാൻഡസിന്റെ വാക്കുകളിൽനിന്നാണു ഞാൻ മുത്തശ്ശിയുടെ ഇരുപ്പിന്റെ അർത്ഥം മനസ്സിലാക്കിയതു് എന്നോടുകൊതിതയായിരുന്നു മുത്തശ്ശിയും അനുഭവിച്ചതു്!

അമേരിക്ക വിട്ടുപിരിയുന്നതിനു രണ്ടുമാസംമുമ്പു് എനിക്കൊരു മകൻ ജനിച്ചു. രണ്ടു

മാസത്തേയ്ക്കു കുട്ടികളില്ലാത്ത ആ കെട്ടിടത്തിൽ താമസിക്കുവാൻ വീട്ടുടമസ്ഥൻ അനുവാദം നൽകി. കുട്ടി കരയുമ്പോഴെല്ലാം താഴെത്താമസിക്കുന്ന വൃദ്ധരെ മാത്രം് എനിക്കു ഭയമായിരുന്നു.

ഞങ്ങൾ ഇന്ത്യയിലേയ്ക്കു മടങ്ങുന്ന കാര്യം ഞാൻ മിസിസ്സ്. ബ്രാൻഡസ്സിനോടു നേരത്തേ പറഞ്ഞിരുന്നു. അവർ ഖേദവും വിഷമം കാണിച്ചില്ല. എന്റെ അവസ്ഥ മറിച്ചായിരുന്നു. ഞാൻ അവർ കവിതചൊല്ലുന്നതു് 'റേറപ്പ്' ചെയ്യാൻ അനുവദം ചോദിച്ചു ചിരിച്ചുകൊണ്ടവരതു നിരസിച്ചു. ഒരു ഫോട്ടോ ഞാൻ ചോദിച്ചു. ഇല്ലെങ്കിൽ ഒരു ഫോട്ടോ എടുക്കാൻ അനുവദിക്കണമെന്നു് ആവശ്യപ്പെട്ടു. ഇതെല്ലാമർത്ഥശൂന്യമാണെന്നും അവരെ സംബന്ധിക്കുന്ന ഒന്നും അവശേഷിക്കാൻ അവർക്കാഗ്രഹമില്ലെന്നും പറഞ്ഞു ചിരിച്ചു് അവർ എല്ലാം നിരസിച്ചു.

അമേരിക്ക വിടുന്നതിന്റെ ഒരുദിവസം ഞാൻ അവരോടു യാത്ര പറഞ്ഞു. അവർ എനിക്കു സ്മാരകസംബന്ധിയായ ഒരു നീലണ്ടു സമ്മാനിച്ചു. അതിൽ അവരുടെ പേരുപോലും എഴുതിയിരുന്നില്ല. ആ മുറിവിട്ടപ്പോൾ എന്തോ നഷ്ടപ്പെട്ട ഒരു തോന്നൽ എനിക്കുണ്ടായി. അവരെ ഒന്നുകൂടി കാണാൻ ഞാനാഗ്രഹിച്ചു.

യാത്രയാകുന്നതിനു രണ്ടുമണിക്കൂറുള്ളപ്പോൾ, എനിക്കൊരു 'ഫോൺകാൾ' വന്നു. ഞാൻ ഫോണെടുക്കാനല്ലം താമസിച്ചു. എടുത്തപ്പോൾ ഊഹിച്ചതുപോലെ മിസ്സിസ്. ബ്രാൻഡസായിരുന്നു വിളിച്ചതു്. കാച്ചുകഴിയുമ്പോൾ ഞങ്ങൾ പോകുമെന്നറിയാമെന്നും അവർ ഒന്നറങ്ങാൻ ഉടുങ്ങുകയാണെന്നും അവസാനമായി യാത്രപറയാനാണു വിളിച്ചതെന്നും അവർ പറഞ്ഞു. ഞാൻ എന്തെങ്കിലും പറയുന്നതിനുമുമ്പു് അവർ ചോദിച്ചു് ഫോണെടുക്കാൻ താമസിച്ചതെന്തെന്നു്.

മകന്റെ വയററിൽ 'ഗ്യാസ്'! ഉണ്ടെന്നും തോളിൽ കിടത്തി മുതുകിൽ തടവുകയാണെന്നും ഞാൻ പറഞ്ഞു. "എന്നെ ആരെങ്കിലും എടുത്തു തോളിൽ കിടത്തി എന്റെ മുതുകൊന്നു തടവിത്തരാൻ ഞാൻ എന്തു കൊതിക്കുന്നെന്നോ" അവർ ചിരി അടക്കിക്കൊണ്ടു പറഞ്ഞു. ഞാൻ പൊട്ടിച്ചിരിച്ചുപോയി. അവരുടെ വയറുന്തിയ തടിച്ച ശരീരം ആരെങ്കിലും തോളിലെടുത്തു കിടത്തുന്നതോർത്തു്. ഞാൻ എന്തെങ്കിലും പറയുന്നതിനു മുമ്പു് ചിരിച്ചുകൊണ്ടവർ "ബൈ, ബൈ" പറഞ്ഞു ഫോൺ താഴെ വച്ചുകഴിഞ്ഞു. എനിക്കു വല്ലാത്ത നിരാശതോന്നി.

ഞങ്ങൾ യാത്രയാകുമ്പോൾ ഞാനവരുടെ മുറിയിലേയ്ക്കു നോക്കി. കർട്ടനിട്ടു മൂടിയ മുറി. പക്ഷേ, അവരുടെ കണ്ണുകൾ കർട്ടന്റെ ദ്വാരത്തിനു പിമ്പിലുണ്ടെന്നു ഞാൻ ബലമായി വിശ്വസിച്ചു. അവർക്കു തീച്ചയായും ആ സമയം ഉറങ്ങാൻ സാധിക്കുകയില്ല. പക്ഷേ, എന്തിനവർ കള്ളം പറഞ്ഞു! യാത്രപറയുന്ന രംഗം അവർ ഇഷ്ടപ്പെടുന്നില്ലായിരിക്കാം.

ഇൻഡ്യയിലെത്തിയതിനുശേഷം ഞാൻ അവർക്കൊരു നീണ്ട കത്തയച്ചു. വിരസവും കാര്യമാത്രപ്രസക്തവുമായ ഒരു മറുപടി എനിക്കു ലഭിച്ചു. അത്തരം കത്തിടപാടു് ഏതാണ്ടൊരുവർഷം നീണ്ടുനിന്നു. പിന്നീടയച്ച ഒരു കത്തിനു വീട്ടുടമസ്ഥന്റെ മറുപടിയാണു വന്നതു്. മിസിസ്സ് ബ്രാൻഡസ് അവിടെ ഇല്ലെന്നും, അസുഖമായി ഏതോ വൃദ്ധജനകേന്ദ്രത്തിലേയ്ക്കു മാറി എന്നും അതിൽ എഴുതിയിരുന്നു. എനിക്കു വളരെ വിഷമം തോന്നി. ഞാൻ അവരുടെ മേൽവിലാസം ലഭിക്കാൻവേണ്ടി ഒരു ശ്രമം നടത്തി. പക്ഷേ, ഒരു ഫലവുമുണ്ടായില്ല. അവർ ഏതോ വൃദ്ധജനകേന്ദ്രത്തിൽ കിടന്നു് അന്ത്യശ്വാസം വലിച്ചുകാണണം. അതോ എവിടെയെങ്കിലും ഇന്നും ജീവിച്ചിരിപ്പുണ്ടോ!

—o—

കഥ

കിങ്ങ്മേക്കർ

നദീറാ ബീവി

ജനറൽബോഡിയോഗമെന്ന മഹാമഹത്തിന്റെ മദ്ധ്യത്തിൽ, രംഗം നിശ്ചലമാക്കി പകച്ചുപോയ ക്ലിയോപാട്രിക്കണ്ണുകൾ രഹസ്യം കൈമാറി. ദൃഷ്കവിളുകൾ വീണ്ടും തുടുത്തു. ലിപ്സ്റ്റിക് ചുണ്ടുകൾ വിറകൊണ്ടു. ഒരു നിമിഷം ക്ലബ്ബ് മുറിയുടെ ജനലുകൾ വനിതാമുഖരമായി. ജനലഴികൾക്ക് രോമാഞ്ചം. കിലുകിലാരവം. പുറത്തേക്കു നയിക്കുന്ന ചവിട്ടുപടികൾക്ക് ഞെട്ടലുണ്ടായി. രാഷ്ട്രീയനേതാവിന്റെ മരണവാർത്ത കേട്ട മന്ത്രിയെപ്പോലെ.

മൈതാനങ്ങൾ നിറഞ്ഞ പട്ടണത്തിലെ, ചരിത്രപ്രസിദ്ധമായ മഹിളാസമാജയോഗത്തിൽനിന്ന് കോപവദനയായി, ചെന്താമരമുഖിയായ ജോയിന്റ് സെക്രട്ടറി പുറത്തിറങ്ങിയതാണ്, ഞെട്ടലിന്റെ പെട്ടെന്നുണ്ടായകാരണം. തയ്യലാൾ പുറത്തിറങ്ങിയപ്പോൾ കാവ്യഭാഷയിൽ, ചവിട്ടുപടികൾ ഞെട്ടിവിറച്ചു, ആലിലപോലെ. സെക്രട്ടറിപോലെ. താമരത്തണ്ടുപോലെ. കിലുകിലാരവം വീണ്ടെടുത്ത താൻമിഴികൾ, ജനലഴികളിൽ തിക്കിത്തിരക്കി, ആ സുന്ദരമായ പോക്ക്, സുന്ദരമായിത്തന്നെ നോക്കി. സാകൂതം. നിർന്നിമേഷം.

അച്ച്-ടു-ഡേറ്റായി വളച്ചുവച്ച് ചെവിക്കുപുറകിൽ ചുവന്ന വലിയ റോസാപ്പൂ ചൂടിയ മുടിക്കെട്ടിൽ വിരലുകളെ നടത്തി. മഹിളകളുടെ സഹസെക്രട്ടറി കലുങ്ങിനടന്നു. നിതംബത്തിന്റെ ഗൂഢചലനം ക്രോധമാത്രയെ വിളംബരപ്പെടുത്തി. ക്രീമും, കലാമിൻ ലോഷനും. പൗഡറും ചേർന്ന് വയോനിർണ്ണയം അസാദ്ധ്യമാക്കിയ മുഖം. അതിപ്പോൾ സത്യമായും ചുവന്നു.

മാടിവിളിക്കാതെതന്നെ, കിതച്ചോടിയെത്തിയ സെക്രട്ടറിയെക്കണ്ട്, ഒട്ടൊന്നു നടന്നും, ഒട്ടൊന്നു നിന്നും തയ്യലാൾ വിരാജിച്ചു. സെക്രട്ടറിയെ ചരിഞ്ഞുനോക്കിയ കടക്കണ്ണിൽ അമ്പിട്ട്; പൊട്ടിത്തെറി, അലറുകടൽ. നിന്നെ സെക്രട്ടറിയാക്കിയ കിങ്ങ്മേക്കറായ ഞാൻ എന്ന ഭാവം. എൻ കണവന്റെ കറൻസിയുള്ള സവ്വസ്വാചാരിയ, എന്റെ മേഴ്സിയിൽ മുക്കി, വേണ്ടപ്പെട്ടവർക്കു വിതരണം ചെയ്തു. ഇപ്പോൾ വൈസ് പ്രസിഡന്റുമായി. ഇനി എന്തുചെയ്യും? "ചെയ്യാൻ വഴികൾ അനവധി. ഹേ, സെക്രട്ടറി, പണം കണ്ടാൽ പിണവും വാപൊളിക്കുമെന്നല്ലേ അദ്ദേഹത്തിന്റെ മതം. തല്ക്കാലം കാറിൽ കയറൂ. അസൂയക്കുട്ടം പോക്കിനില്ക്കുന്നു."

സഹസെക്രട്ടറി ആദ്യം കയറി, സുദർശനം സ്വയം വഹിച്ചു സെക്രട്ടറി പിറകേ. മൈതാനങ്ങൾ നിറഞ്ഞ ചരിത്രപ്രസിദ്ധമായ പട്ടണത്തിന്റെ വിരിമാറിലൂടെയൊഴുകിയ പുതിയ ഷെൻസിൽ നിന്നലയടിച്ച കളമൊഴികൾ പിന്നിട്ട് പട്ടണത്തിൽ മുഴങ്ങി.

"ഞാനെന്തിന് ഈ വെറും ജോയിന്റ്പദം കൊണ്ടുനടക്കുന്നു. എനിക്കെന്താ പ്രസിഡന്റാകരുതോ? സെക്രട്ടറിയാകാൻ എന്താണുതടസ്സം."

"തടസ്സമൊട്ടുമില്ല."

"എന്നാൽ. അതൊക്കെയായാൽ വലിയ പ്രയാസം. ഇവളുമാരുടെ പിറകേ നടക്കണോ? മുഖം നോക്കണം. നിന്നോടെന്തും ഞാനു പറയാം.

"പറയാം."

"അപ്പോൾ ആശുപത്രിയുടെ സിരകളിൽ രക്തമോടിക്കാൻ എനിക്കെവിടെയാണ് സമയം കിട്ടുക. ഞാനല്ലാതാരുണ്ടതിന്."

"ആരുമില്ല"

"ഇപ്പോൾ നീ സെക്രട്ടറി. അതായത് ഞാൻ ആകുന്നപോലെതന്നെ."

"തന്നെ. പക്ഷേ, അവർ ഓരോന്നു മൊഴിയുന്നു."

"അവർ എന്തുമൊഴിയുന്നു."

"ജോയിന്റ് സെക്രട്ടറിയെ ക്ലബ്ബ്വർക്കിനൊന്നും, തക്കിയിട്ടാൽ കാണില്ല. പ്രശസ്താതിഥികൾ വരുമ്പോൾ, ഫോട്ടോയിൽ മുമ്പിൽതന്നെ കാണുകയും ചെയ്യുമെന്ന്."

"പറഞ്ഞിട്ടേ ഈ സൂയക്കുട്ടം, സത്യത്തിൽ പാവങ്ങളാണ്. പ്രചരണകലയുടെ ടെക്നിക്ക് അറിയാത്ത സാധുക്കൾ. ഞാൻ സഹതപിക്കുന്നു. അപ്പോൾ പറഞ്ഞുവന്നതു"

"പ്രസിഡന്റിനെ നമ്മുടെ കഞ്ഞാടാക്കണം."

"നമ്മുടെ കറൻസി കൊണ്ടുതോ പ്രസിഡന്റ്"

"നേരേ കൊത്തില്ല. മറുവഴിയിൽ കൊത്തിക്കണം."

"ഉറപ്പാണോ?"

"ഫൗണ്ട്രഡ്ഡ് ചേർസൻറ്"

"എന്നാൽ എന്ന്."

"സൺഡേ."

"അപ്പോൾ ഞാനിറങ്ങട്ടെ. ശരിക്കെ."

"ശരിക്കെ. ഞായറാഴ്ച നേരത്തേ എത്തിയേക്കണം".

ആശുപത്രിയുടെ കണ്ണിന്റെ കണ്ണായ, കണവനുമൊത്ത് അടുത്തദിനം, ജോയിന്റ് സെക്രട്ടറി പട്ടണം ചുറ്റി, പ്രസിഡന്റിന്റെ ബംഗ്ലാവിൽ കാറുകൊണ്ടുവ

ന്നിട്ടു. പ്രസിഡൻറും ഭർത്താവും, മരുമി ച്ചെത്തി സ്വീകരിക്കാൻ. ആശംസകൾ, സ്നേഹപരിഭവങ്ങൾ, കസ്തൂരിക്കുട്ടികളുടെ വികൃതിവർണ്ണനകൾ. ചർച്ചാവിഷയ ങ്ങൾക്ക് കുറവൊന്നും സംഭവിച്ചില്ല, ചാ യ വന്നു. കേക്ക് വന്നു. ചിപ്സും ബി സ്കറ്റുമെത്തി. അതിൻെറ മുകളിൽ പ്ര ശ്നത്തിൻെറ വക്കിലുമെത്തി. ഞായ റെന്നൊരു ദിനമുണ്ടെങ്കിൽ, അന്ന് സഹ സെക്രട്ടറിയും ഭർത്താവും ചേർന്ന് മഹി ളാസമാജംപ്രസിഡൻറിനും പ്രസിദ്ധ നായ ഭർത്താവിനും ഡിന്നറൊരുക്കുന്നു; കസ്തൂരിക്കുട്ടികൾ സഹിതം നേരത്തേ കാ ലത്തേ എത്തണം. തിക്ഫറൻസ്സടക്കം വേറേയും ചിലർ എത്തിച്ചേരുന്നുണ്ടാകും. സന്തോഷം. നൂറുവട്ടം സമ്മതം. നേര ത്തേകാലത്തേ എത്തുന്നതാകുന്നു.

പ്രസിഡൻറിൻെറ വീട്ടിൽനിന്ന് ബെ ൻസ് പാഞ്ഞത് എസ്റ്റേറ്റ് ഓണറുടെ വീട്ടിലേയ്ക്കാണ്. രംഗം ആവർത്തിക്കു ന്നു. ക്ഷണം നന്ദിയോടെ സ്വീകരിക്ക പ്പെടുന്നു. തിരിച്ച് യാത്രപുറപ്പെട്ടു, ആശു പത്രിയുടെ അരുമസന്താനങ്ങളെ എസ്റ്റേ റ്റ് ഓണറും, ഭാര്യയും, സന്താനങ്ങളും നിരന്നുനിന്ന് ഗാർഡ്-ഓഫ്-ഓണർ നൽകി യാത്രയാക്കുന്നു.

മഹിളാസംഘടനയിലെ മററു പ്രധാന മഹതികളുടെ വീടുകൾ വലംവെച്ചു മട ങ്ങിയെത്തിയ സഹസെക്രട്ടറി ഉദ്യാനവി രുന്നൊരുക്കി. ഞായറാഴ്ചയെന്ന ദിന ത്തിലെ സന്ധ്യ കടന്നുവന്നത് ജോയി ൻറ്സെക്രട്ടറി ദമ്പതിമാരുടെ ഭവനം, നൂറുവാട്ട്സ് ബൾബുകളുടെ വർണ്ണപ്രകാ ശത്തിൽ വെട്ടിത്തിളങ്ങുന്നത് കാണാനാ യിരുന്നു. സ്വർണ്ണവളയണിഞ്ഞ കയ്യു കൾ, സ്വർണ്ണവർണ്ണ ദ്രാവകം അതിഥികൾക്കു പകർന്നു. പൊരിച്ച കോഴികൾ, ആടുന്ന തലകൾ, വർണ്ണരാജികൾ, പൊ ട്ടിച്ചിരികൾ. സർവ്വം ബ്രഹ്മം സർവ്വം ശൂന്യം.

തിരക്കിന്നിടയിൽ നിന്ന് ഉയരിയിറങ്ങു ന്ന സെക്രട്ടറി; മഹിളകളുടെ മുല സന്ദർ ശിച്ചു. അവളുത്തചിരി കാഴ്ചവച്ച ഡാ ക്ടറുടെ ധർമ്മദാരങ്ങളെ കണ്ട് ചേർ മാൻെറ വാമഭാഗത്തിനെ അതുകിലത്തി.

"ഓ, മിസ്സിസ് കുറുപ്പാ, വരൂ. മിസ്സി സ് തോമസ്സെവിടെ. ഇരിക്കൂന്ന്".

എല്ലാവരുമിരുന്നു.

"അപ്പഴേ, നമ്മുടെ ക്ലബ്ബിൻെറ പ്രവർ ത്തനമൊക്കെ ഈയിടയായി വളരെ മോശം. നമുക്കൊന്നുഷാറാക്കണ്ടെ?"

"വേണം" ജഡ്ജിയുടെ ഭാര്യ.

"വേണ്ടതാണ്" മുനിസിപ്പൽചെർമാ ൻെറ ഓമന.

"ഇങ്ങിനെയായാൽ നമ്മളെങ്ങിനെ മു മ്പോട്ടു പോകും നിങ്ങളൊന്നും വേണ്ട പോലെ സഹകരിക്കുന്നില്ല. ഇപ്പോഴു ന്നെ, മോളു, ആ സുഖവരയോണ്ട് വൈസ് പ്രസിഡൻറാക്കിയിരിക്കുന്നു. എന്തൊരു മോശം."

"ഉം...എന്താണ് മോശം. നല്ലവളാ ണല്ലോ അവൾ. ക്ലബ്ബിനുവേണ്ടി ഓടി നടന്നു വർക്കം ചെയ്തിട്ടുണ്ട്" ജഡ്ജിയുടെ ഭാര്യ.

"എന്തു വർക്ക്. അണിഞ്ഞൊരുങ്ങി ചി രിച്ചുമയങ്ങി നടക്കുന്നതാണോ വർക്ക്. ആക്കാ വയ്യാത്തതു്." ജോയിൻറുസെക്ര ട്ടറി.

"ഓ അങ്ങിനെയാണോ."

"പിന്നല്ലാതെ നമുക്കാ മിസ്സിസ്സ് നായ രെ വൈസ്പ്രസിഡൻറാക്കിയാലെന്താ? എനിക്കറിയാം അവരെ നല്ലപോ ലെ. എൻെറ ഒരു സജഷൻ മാത്രമാ ണേ."

"എന്നാലങ്ങനെയാവാം. ഉടനേതന്നെ ഒരു മീററിങ്ങ് വിളിച്ചുകൂട്ടാം." പ്രസി ഡൻറ്.

ജോയിൻറ് സെക്രട്ടറിയുടെ മുഖം വി ജയത്തിൻെറ ഗൂഢസ്മിതത്തിൽ ചിരിയിൽ മറഞ്ഞു.

"ചേർമാൻജി കേഴിയുടെന്താ എന്നു നോക്കിവരാം."

മഹിളകളുടെ മുലയിൽനിന്നു തലയുയർ, പുരുഷമണ്ഡലത്തിൻെറ നടുവിലേയ്ക്കു നട ന്നു. ആശുപത്രിയുടെ സിരാകേന്ദ്രം.

നഗരത്തെ മഹാവിപത്തിൽനിന്നു ര ക്ഷിക്കാനെന്നു കരുതിക്കൂട്ടിയ മഹിളകൾ, നേരത്തെയുള്ള യോഗത്തിനെത്തി. പ്ര സിഡൻറ് വന്നു. സെക്രട്ടറിയെത്തി. അന്നത്തെയിൽ ഗൌരവം വിടാതെ ജോ: സെക്രട്ടറിയുമെത്തി. വില്ലുപോലെ വള ഞ്ഞ മദനാഹരങ്ങളായ മഹിളകളുടെ പു രികക്കൊടികൾ കുനുകുനി വളഞ്ഞു വികൃ തമായി കുഴിഞ്ഞ കണ്ണുകളും, ജോയിൻറ് സെക്രട്ടറിയിലേയ്ക്ക്. പിന്നെ ശ്രീമതി സുരേഖയിലേയ്ക്ക്. സുരേഖ ആദ്യം അമ്പ ന്നേ. പിന്നെ മനോഹരമായി എല്ലാവ രേയും നോക്കി ചിരിച്ചു. തല്ലാലം കളവാക്കികൾ തിളങ്ങി.

യോഗനടപടികൾ തുടങ്ങി. വിളറുന്ന മുഖത്തു ക്ഷണിച്ചുവരുത്തിയ ചിരി, മ ഞ്ഞളിപ്പായി മാറിയ സെക്രട്ടറി സാവ ധാനം എഴുന്നേററു. പ്രൊഫസറുടെ സു ന്ദരിയായ ഭാര്യയുടെ മുഖത്ത് ഒരുനിമി ഷം തങ്ങിയ കണ്ണുകൾ, ജോയ്ൻറ്സെ ക്രട്ടറിയുടെ കണ്ണുകളും കണ്ടു.

"ക്ഷമിക്കണം. ഒരറിയിപ്പ്. കഴിഞ്ഞ ജനറൽബോഡി ശ്രീമതി സുരേഖയെ ക്ലബ്ബിൻെറ വൈസ്പ്രസിഡൻറായി തി രഞ്ഞെടുത്തുവല്ലോ! എന്നാൽ പ്രാദേശി ക പത്രത്തിലേയ്ക്കയച്ച റിപ്പോർട്ടിൽ ശരി യായോ, തെററായോ, ശ്രീമതി സുരേഖ യ്ക്കു പകരം, ശ്രീമതി നായരുടെ പേരാ ണ് ചേർത്തതു. അതിപ്പോൾ നാം തിരു ത്തുന്നു. ശ്രീമതി നായരെ ഏകകണ്ഠമാ യി, ഈ ജനറൽബോഡിയോഗം തിര ഞ്ഞെടുക്കുന്നു; ക്ലബ്ബിൻെറ വൈസ്പ്ര സിഡൻറായി."

ജോ: സെക്രട്ടറി തുടങ്ങിവച്ച കയ്യടി സാവധാനം വ്യാപിച്ച് ഇടവിട്ടു തുടരു ന്നു. ശ്രീമതി സുരേഖയുടെ പാതി കൂമ്പി യടഞ്ഞ മിഴികൾ മിന്നിയതു കണ്ണുനീർ വന്നുമൂടുകയോ ചെയ്തു ചിന്നിട്ട്, മിസ്സിസ് നായരും, ചേർമാൻെറ ഭാര്യയും എല്ലാവ രേയും അടിയ്ച്ചു.

—o—



കാലത്തിന് വിസ്മരിക്കാനാവാത്ത ഇന്നലത്തെ ഒരെഴുത്തുകാരി

സി. സത്യശീലൻ

II

ഇതിനെത്തുടർന്ന്, 1934 മുതൽ 1935 വരെ ഒരുകൊല്ലക്കാലം നീണ്ടുനില്ക്കുന്ന ഒരു പ്രസംഗപര്യടനത്തിനായി, അവർ, അമേരിക്കയിലേയ്ക്കു—സ്വന്തം ജന്മദേശത്തേയ്ക്കു—ക്ഷണിക്കപ്പെട്ടു. ക്രോപ്പുചെയ്ത തലമുടി, പൂക്കളും വള്ളികളും പടരുന്ന, പരുത്ത സിൽക്കുകുപ്പായം, തിളക്കമുള്ള കണ്ണുകൾ, പാകതയും നിഷ്കപടതയും നിഴലിക്കുന്ന മുഖം—ആ രൂപം അമേരിക്കൻ ജനതയെ ആകെ വശീകരിച്ചുകളഞ്ഞു. ചിത്രകലയിലെ നൂതനശൈലികൾ, സാഹിത്യത്തിൽ കാലാനുസൃതമായി വന്നുചേർന്ന പുതിയ പ്രവണതകൾ, ആർട്ടുമ്യൂസിയങ്ങൾ സംഘടിപ്പിക്കേണ്ടതിന്റെ ആവശ്യകത, സർവ്വോപരി സ്വന്തം അനുഭവസമ്പത്ത് ഇവയെപ്പററിയെല്ലാം അവർ അമേരിക്കയിൽ പ്രസംഗിച്ചു. സ്വന്തം ജന്മദേശത്തു് രൂപ്പുകൊല്ലങ്ങൾക്കുശേഷം, ഒരതിഥിയായി കാൽകുത്താനിടയായതു കോരിത്തരിപ്പോടയേ; അവർക്ക് ഓർത്തിക്കാൻ കഴിയുന്നതിനുള്ള അവിടെ ലഭിച്ച സ്വീകരണം അവിസ്മരണീയവുമാണ്. ഹൈസ്കൂളുകളിൽ, തെളിയുകയും മായുകയും ചെയ്യുന്ന നിയോൺവിളക്കുകൾക്കൊണ്ടാണ് അമേരിക്കക്കാർ ജെർട്രൂഡിന്റെ അപദാനങ്ങൾ എഴുതി പ്രദർശിപ്പിച്ചതു്. ന്യൂസ്റീൽക്യാമറകൾ, ക്ലററെ വെട്ടിയ മുടിയുമായി നിൽക്കുന്ന ആ രൂപം പലതവണ ഒപ്പിയെടുത്തു. അഭിമുഖസംഭാഷണങ്ങളുടേയും. സുഹൃത്ത് സമ്മേളനങ്ങളുടെയും ബഹളംമൂലം എത്രയോ രാത്രികൾ ഉറങ്ങാൻപോലും കഴിയാതെ കടന്നുപോയിയെന്ന്, പാരീസിലെത്തിയപ്പോൾ അവരോടിച്ചു പ്രസിഡൻറ് എമ്പോർറസ്വെൽററിന്റെ അതിഥിയായി, വൈററ് ഹൗസിൽ കഴിഞ്ഞുചെന്ന ഒരു സാഹിത്യകാരി; ബഫർഹിൽസിൽ ചാർലിചാപ്ലിനുമായും, ഡാഷയെ ഹാമ്മററുമായും ചർച്ചകൾ നടത്തിയ ഒരു സാഹിത്യകാരി. ഹോളിവുഡ്ഡിലെ ചലച്ചിത്ര മുതലാളിമാരുടെ നടുവിലേയ്ക്കു വിജ്ഞാനത്തിന്റെ ദീപശിഖയുമായി കടന്നുചെന്ന ഒരു സാഹിത്യകാരി. നേരിൽക്കണ്ടപ്പോൾ എല്ലാവരും ചോദിച്ചു: "മാഡം, ഈ പ്രശസ്തി എങ്ങനെ നേടിയെടുത്തു?" മറുപടി, ലളിതവും ആലോചനാമധുരവുമായിരുന്നു. "അതോ, എന്റെ സുഹൃത്വലയം നന്നെ ചെറുതാണ്; കൈവിരലിലോ തുക്കിനിറുത്താവുന്നത്ര ചെറുതു്. അവരുടെ അനുഗ്രഹങ്ങളിലൂടെ, വിമർശനങ്ങളിലൂടെ ഞാൻ വളരുന്നു." (തന്നെ പ്രീണിപ്പിക്കാത്ത ആരാധകരെ കാണുമ്പോൾ രോഷംമൂലം വാലുയർത്തുന്ന നമ്മുടെ 'സാഹിത്യകേസരികൾ' ഈ മറുപടി ഓർക്കുന്നതു നന്ന്.) 1935-ൽ വസന്തം അവസാനിക്കുന്നതിനുമുൻപ് അവർ പാരീസിൽ മടങ്ങിയെത്തി.

മനുഷ്യനെന്ന അവസ്ഥയിൽ പല പോരായ്മകളും സൃഷ്ടിച്ചുകൊണ്ടു രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടു. വെടിയുണ്ടകളുടെയും, പോർവിളികളുടെയും കോലാഹലങ്ങളിൽനിന്നെല്ലാം അകന്ന്, നഗരത്തിനു വെളിയിൽ ഗ്രൂക്സ്സിസ് എന്ന ഗ്രാമത്തിലേയ്ക്കു ജെർട്രൂഡ് താമസം മാററി. തോക്കുകളെയും പീരങ്കികളെയും ഒരുവരി സാഹിത്യമെഴുതി നേരിട്ടുകളയാമെന്ന തെററിദ്ധാരണ വച്ചുപുലർത്താതിരുന്നതിനാൽ, "സാഹിത്യകാരിയും യുദ്ധവും"എന്ന പ്രശ്നം അവരെ അലോസരപ്പെടുത്തുന്നില്ല. മാത്രമല്ല, ആരുടെ തൊറുമുലമാണ് ആ യുദ്ധം ആരംഭിച്ചതു് എന്നു വിധിയെഴുതി പ്രവാചകപദവിയിലേയ്ക്കുയരാനും ജെർട്രൂഡ് മിനക്കെട്ടില്ല. തികച്ചും നിശ്ശബ്ദയായി, തന്റെ ചിത്രശേഖരങ്ങളെയും താലോലിച്ചുകൊണ്ട് അവരവിടെ ജീവിച്ചു. ഒടുവിൽ, അമേരിക്കൻസൈന്യം വന്നു പാരീസിനെ മോചിപ്പിച്ചതോടെ, കൂടുതൽ കണക്കുമായി ജെർട്രൂഡ് നഗരത്തിലേയ്ക്കു് മടങ്ങി. അമേരിക്കൻപടയാളികൾ അവരുടെ വസതിയിലേക്കു് ഇരച്ചുകയറി. ആക്രമിക്കാനായിരുന്നില്ല. ഒന്നു കാണാൻ, സംസാരിക്കാൻ, പരിചയപ്പെടാൻ, കൈയൊപ്പുവാങ്ങി അതു നിധിപോലെ സൂക്ഷിക്കാൻ. യുദ്ധകാലാനന്തരവങ്ങളുടെ പശ്ചാത്തലത്തിൽ, ആയിടെ എഴുതിയ പുസ്തകമാണ് "ഞാൻ കണ്ട യുദ്ധങ്ങൾ." അമേരിക്കൻ ഭടന്മാർക്കു സമർപ്പിച്ചുകൊണ്ടു വെളിച്ചംകണ്ട മററൊരു കൃതിക്കുമുണ്ടു്: 'വില്ലിയും ബ്രൂസിയും.' ഒരമേരിക്കൻ ബോംബർവിമാനത്തിൽ, ജർമ്മനിയിൽ അവർ പര്യടനം നടത്തി. പടയാളികളെ അഭിസംബോധനചെയ്തു പ്രസംഗങ്ങൾ നടത്തി എല്ലാം മനുഷ്യസ്നേഹത്തെപ്പററിയായിരുന്നു, മനുഷ്യനെന്ന അവസ്ഥയുടെ പരിതോവസ്ഥയെപ്പററിയായിരുന്നു. ആ പര്യടനത്തിനിടയിലെ ചില സംഭവങ്ങളെ പുരസ്കരിച്ചു്, ആയിടെ, ലൈഫ്മാസികയിൽ അവരെഴുതിയ ലേഖനപരമ്പര, ഇന്നും, ആക്രമിക്കുന്നവരുടെയും ആക്രമിക്കപ്പെടുന്നവരുടെയും നേർക്കുള്ള ഒരസ്ത്രമായി നിലനിൽക്കുന്നു. ഇത്രയുമായപ്പോഴേയ്ക്കും പത്രാധിപന്മാരും, പ്രസിദ്ധീകരണശാലക്കാരും അവരുടെ വാതിലിൽ തപസ്സാരംഭിച്ചു: "—ഞങ്ങൾക്കെന്തെങ്കിലും എഴുതിത്തരൂ! എഴുതി തരൂ."

പ്രശസ്തിയുടേയും, സമൃദ്ധിയുടേയും മുൾമുനത്തലപ്പിൽവച്ചുതന്നെ, 1946-ജൂലൈ 27-ാം തീയതി ജെർട്രൂഡ്സ്റ്റയ്ൻ അന്ത്യശ്വാസം വലിച്ചു. ക്യാൻസർരോഗത്തിനുള്ള ഒരു ശസ്ത്രക്രിയയെത്തുടർന്നാണ് ആ ദുരന്തം സംഭവിച്ചതു്. അമേരിക്കയിൽ ജനിച്ച്, പാരീസിലെ ജീവിതത്തിലൂടെ ലോകം മുഴുവൻ കീർത്തിപരത്തിയ അവരുടെ ശരീരം, പാരീസിലെ പീയർലാഷെ സെമിത്തേരിയിൽ അടക്കം ചെയ്യപ്പെട്ടു. സ്വയം വളർന്ന്, സ്വയം കണ്ടെത്തിയ, മററുള്ളവരെ വളർത്തിയ, മററുള്ളവരെ കണ്ടെത്തിയ ആ പ്രതിഭയെ, കാലം ഭാവിതലമുറയ്ക്കായി എടുത്തു സൂക്ഷിക്കുന്നു. അവസാനകാലത്തെ രചനകളെല്ലാം—അത്ര അധികമൊന്നുമില്ല; ഏതാനും നാടകങ്ങൾ, ഒരു നോവൽ, കുറെ കവിതകൾ, തിന്നു—യേൽ സർവ്വകലാശാലയ്ക്കു ലഭിച്ചും പാരീസിലെ വസതിയും മററു സ്വത്തുക്കളും ആലീസ് ടോക്ലാസ്സിനു കൊടുക്കാനായിരുന്നു വിൽപ്പത്രം.

ഇപ്പറഞ്ഞതെല്ലാം, നാണയത്തിന്റെ ഒരു വശം മാത്രമേ ആവുന്നുള്ളു. ഒരുകൂട്ടം നിരൂപകർ അവരെ അതിനിശിതമായി വിമർശിച്ചുകാണുന്നുണ്ട്. അവർ, ജെർട്രൂഡിനെതിരായി പ്രയോഗിക്കുന്ന ആയുധങ്ങൾ രണ്ടു മുഖത്തോടുകൂടിയവയാണ്. ഒന്ന്: ആരാധകരുടെ പ്രശംസകളിൽ ആനന്ദം കണ്ടെത്തിയ ഒരു മുന്നാംകിട എഴുത്തുകാരിയാണ് ജെർട്രൂഡ്. രണ്ട്: സ്വന്തം രൂപസുഭഗതയുടെ തണലിൽ ആരാധകരെ മയക്കിനിറുത്തുക എന്നതിൽക്കവിഞ്ഞു് ഒരു കാര്യവും അവർ ചെയ്തിരുന്നില്ല.

ഏതായാലും ഈ വാദഗതികളിൽ എത്രകണ്ടു സത്യമുണ്ടെന്നു തിരിയാൻ മിനക്കെടേണ്ട. കാരണം എത്രയായാലും അതങ്ങനെയൊക്കെയേ ആയിരിക്കുകയുള്ളല്ലോ. പക്ഷേ, ഇന്ന്, അമേരിക്കൻസാഹിത്യവേദികളിൽ, സംഗ്രഹിതകവിതയെപ്പററിയും, അബ്സ്ട്രാക്ട് നാടകപ്രസ്ഥാനത്തെപ്പററിയുമെല്ലാം നടക്കുന്ന ചർച്ചകളിൽ ഏററവും കൂടുതൽ തവണ പരാമർശിക്കപ്പെടുന്നതു ജെർട്രൂഡ്സ്റ്റയ്നിനെയാണ്; ശാപവാക്കുകളിലൂടെയല്ല. മറിച്ചു പ്രശംസ ചൊരിഞ്ഞുകൊണ്ടു്. എന്തുതന്നെയുമല്ല, ഈ രണ്ടു പ്രസ്ഥാനങ്ങളുടെയും മുഖക്കല്ലിട്ടതു ജെർട്രൂഡാണെന്നു വരെ പലരും രാമ്പിക്കുകയും ചെയ്യുന്നു.

ഒരു കാര്യം സമ്മതിച്ചേ തീരൂ. അതായതു്, സാഹിത്യത്തിലാവട്ടെ, മററ് കലാരൂപങ്ങളിലാവട്ടെ; കാലാകാലങ്ങളിൽ ഉണ്ടാവുന്ന പരിവർത്തനങ്ങളെക്കുറിച്ച്, ഇത്ര അഗാധമായ ജ്ഞാനം നേടിയ എഴുത്തുകാർ വളരെ ചുരുക്കമാണ്. ഇന്നലെവരെ കണ്ടു പഴകിയ ചിന്താധാര

കളിൽനിന്നു വ്യത്യസ്തമായി ആർക്കെങ്കിലും മറ്റു സങ്കല്പിക്കുകയെങ്കിലും ചെയ്തുപോയാൽ; "ആധുനികൻ, അവനെ എറിഞ്ഞുകൊല്ലുക" എന്ന പോർവിളി നടത്താൻ ജെർട്രൂഡിനെ കിട്ടുമായിരുന്നില്ല. കാരണം; സ്യൂഷ്ടിയുടെ പിന്നിലുള്ള വേദനയെന്തെന്നു് അവർ നല്ലതുപോലെ മനസ്സിലാക്കിയിരുന്നു. സ്റ്റോട്ട്ഫിറ്റ്സ് ജെറാൾഡിനോടു സംസാരിക്കുമ്പോൾ, മടിക്കൽ. അവർ പറയുകയുണ്ടായി:

"മറ്റു കലാകാരനെ സംബന്ധിച്ചിടത്തോളം അയാളുടെ ഓരോ സൃഷ്ടിയും, അയാൾ സ്വയം പുനരാവിഷ്കരിക്കപ്പെടുന്നതിനിടയിലെ ചില മുഹൂർത്തങ്ങളാണ്. ഈ മുഹൂർത്തങ്ങളെ നാടകമെന്നോ, കവിതയെന്നോ, കഥയെന്നോ ചിത്രമെന്നോ, ശില്പമെന്നോ വിളിച്ചുകൊള്ളൂ; ഈ ശ്രമങ്ങൾ എപ്പോഴും വിജയത്തിൽ തന്നെ കലാശിക്കണമെന്നില്ല. പക്ഷേ, അങ്ങനെ പ്രതീക്ഷിക്കുക. ഈ പ്രതീക്ഷയാണ് അയാളുടെ അസ്തിത്വത്തിന്റെ ആധാരം."ഈ അടിസ്ഥാനതത്വം മനസ്സിലാക്കാൻ മെനക്കെടുകപോലും ചെയ്യാതെയാണ്, പല നിരൂപകരും ജെർട്രൂഡിനെ നിശിതമായി വിമർശിക്കുന്നതു്. അതെല്ലാം വേണമെങ്കിൽ വിസ്തരിക്കാം. പക്ഷേ, 'സെൻറിമെൻറുകൾ കൊണ്ടു് സാഹിത്യം സൃഷ്ടിക്കാനാവില്ല," എന്നുള്ള അവരുടെ വിശ്വാസം മാത്രം മതി അവർ നേടിയ പ്രശസ്തിയുടെ തെളിവിന്നു്. വരിയിൽ വരിയിൽ ദുഃഖം, വേർപാടു്, പുനസ്സമാഗമം, എന്നിങ്ങനെ ചിട്ടപ്പെടുത്തിവച്ചിട്ടുള്ള പാറേറണുകളിൽ സൃഷ്ടി നടത്തുന്നവർ; "നഷ്ടപ്പെട്ടതലമുറയുടെ" മദ്ധ്യത്തിൽ നിന്നുകൊണ്ടു് വർഷങ്ങൾക്കു മുൻപു് ജെർട്രൂഡു മനസ്സിലാക്കിയ ഈ സത്യം ഇനി എന്നാണാവോ ഉൾക്കൊള്ളുക? രണ്ടു ലോകമഹായുദ്ധങ്ങൾക്കു സാക്ഷ്യം വഹിച്ച മരക്കഴുത്തുകാരിയുടേതാണ് ഈ വാക്കുകളെന്നോർക്കണം. ആധുനികചിത്രകലയെപ്പററി സംസാരിക്കുന്നതിനിടയ്ക്കു്, 1955-ൽ, ന്യൂയോർക്കിലെ ഒരു സമ്മേളനത്തിൽ അവർ പറഞ്ഞു: "ഒരു കലാകാരൻ, ഒരു സൃഷ്ടി നടത്തുമ്പോൾ പലപ്പോഴും ഒരു ആന്തരിക സംഘട്ടനത്തിൽ വീണുപോവാറുണ്ട്.

ആവശ്യമുണ്ട്

മലയാളനാട് വാരികയിൽ ചിത്രീകരണത്തിനു യോഗ്യതയും അനുഭവജ്ഞാനവുമുള്ള ഒരു നല്ല ആർട്ടിസ്റ്റിനെ ആവശ്യമുണ്ട്.

വിശദവിവരങ്ങൾ, സർട്ടിഫിക്കററുകളുടെ കോപ്പികൾ എന്നിവയോടൊപ്പം അപേക്ഷിക്കുക.

മാനേജർ
മലയാളനാട് വാരിക
P. B. No. 136,
കൊല്ലം.

ഈ ആന്തരികസംഘട്ടനമാവട്ടെ, മനുഷ്യപ്രകൃതിയും മനുഷ്യചേതനയും തമ്മിലുള്ള മററാരു സംഘട്ടനത്തിന്റെ സന്തതിയും; അതായതു്, ആത്മാവിഷ്കാരത്തിന്റെ ആധാരശില സംഘട്ടനങ്ങളിൽ ഉറപ്പിച്ചിരിക്കുന്നു. ഈ മറെറാരു കാരണത്താൽ, 'സൃഷ്ടി' പലപ്പോഴും സൗന്ദര്യം വഴിഞ്ഞൊഴുകുന്നതായിക്കൊള്ളണമെന്നു് ആശിക്കേണ്ടതില്ല. മാത്രമല്ല; പലപ്പോഴും മനുഷ്യപരിധിവരെ വിരൂപതിജനിപ്പിക്കുന്നതുമായിരിക്കും. പക്ഷേ, ഈ വിരൂപതിയിൽപോലും സൗന്ദര്യം കണ്ടെത്താൻ കഴിഞ്ഞേക്കാം; കഴിയണം ആധുനികചിത്രകലയുടെ ഏററവും അടിസ്ഥാനമായ സത്യവും ഇതുതന്നെ." ആവർത്തനമാണെങ്കിൽക്കൂടി പറയാതിരിക്കാൻവയ്യ; ജെർട്രൂഡ് സ്റ്റയ്നിനുമാത്രമേ ഇങ്ങനെ പറയാനാവൂ. കാരണം...

ആദ്യം സൂചിപ്പിച്ചതുപോലെ, സ്വന്തം വിഹാരരംഗത്തെപ്പററിയും, തനിക്കു ചുററും നടക്കുന്ന സംഭവങ്ങളെപ്പററിയും അവഗാഹമായ ജ്ഞാനം നേടിയ ഈ എഴുത്തുകാരി, കാലത്തിന്റെ കരകളിൽ ഉദ്ദേശിയിരിക്കും; അപക്ഷേ, അനുവാചകർ പുണ്ണമായി വിസ്തരിച്ചാൽക്കൂടി.

(അവസാനിച്ചു.)

—:—

എന്റെ സങ്കല്പങ്ങളിലെ കാമുകിക്കു്,

വളരെ വളരെ നാളുകളായി വിചാരിച്ചിരിക്കയാണ് എന്റെ പ്രിയതമയ്ക്കു് ഒരു പ്രണയലേഖനം എഴുതണമെന്നു്. എന്നാൽ ഞാനൊരു പ്രേമസാഹിത്യകാരനോ കവിയോ അല്ലാത്തതിനാൽ എങ്ങിനെ തുടങ്ങണമെന്നും എന്തു് എഴുതണമെന്നും എനിക്കു് ഒരു രൂപവുമില്ല. നിന്നെപ്പററി ഒരായിരം സ്വപ്നങ്ങൾ മനോമുകുരത്തിൽ മിന്നി മറഞ്ഞുകൊണ്ടിരിക്കയാണ്.

എന്റെ പ്രിയേ, നിന്നെ ഞാൻ ഇന്നേവരെ കണ്ടെത്തിയിട്ടില്ല— നീ എന്നെയും



—എന്നാൽ എന്തുമെന്തും നിന്നെ ഞാൻ പലരിൽക്കൂടിയും കണ്ടുകൊണ്ടിരിക്കയാണ്. പലരേയും ഞാൻ നോട്ടമിട്ടിട്ടുള്ള എന്നു നീ തെററിദ്ധരിക്കല്ലേ. നിന്നോടടുത്തിരിക്കുന്ന ദിക്കെല്ലാം നടക്കുമ്പോൾ നീയാണെന്നുള്ള സങ്കല്പത്തിൽ മററുള്ളവരേയും നോക്കിപ്പോകുന്നു എന്നുമാത്രം. അല്ലാതെ മററു ദുരുദ്ദേശങ്ങൾക്കുമല്ല. ഒരു സത്യം കൂട്ടത്തിൽ അറിയിച്ചുകൊള്ളട്ടെ. നല്ല വസ്തുക്കൾ കണ്ടാൽ ആസ്വദിക്കാനുള്ള യൗവനകാലത്തിന്റെ പ്രത്യേകത എനിക്കും ഉണ്ടായിക്കൂടെന്നില്ല. അങ്ങി

എന്റെ സങ്കല്പങ്ങളിലെ കാമുകി

നെയുള്ള ആഗ്രഹങ്ങൾ നിയന്ത്രിക്കേണ്ടുചുമതല ഭാവിൽ നിനക്കുള്ളതാണ്.

എന്റെ സർവ്വസ്വമേ; എന്റെ രാത്രികൾ നിന്നെക്കുറിച്ചുള്ള സ്വപ്നങ്ങൾകൊണ്ടു നിറഞ്ഞിരിക്കയാണ്. മധുസ്വപ്നങ്ങളിലൂടെ നീ എത്താറുള്ള രാത്രികൾക്കു് ആദ്യരാത്രിയുടെ വികാരോഷ്മളതയും സൗരഭ്യവുമുണ്ട്. ആരാത്രികൾ അവസാനിക്കാതിരുന്നെങ്കിൽ..... എങ്കിൽ? എങ്കിൽ??? ആ സ്വർഗ്ഗീയ രാത്രികളെ നശിപ്പിച്ചു, നശിച്ച മുട്ടകളും തിരുവനന്തപുരത്തെ കൊതുകുകളും നശിക്കട്ടെ; നശിച്ചു മുടിയട്ടെ. ഓ, ഞാൻ പറഞ്ഞുപറഞ്ഞു കാടുകയറുകയാണ്. നിന്നെപ്പററി, നിന്റെ ഗുണഗണങ്ങളെപ്പററി

എല്ലാവർക്കും പ്രിയപ്പെട്ടവൾ!

ഞാൻ മാത്രം അറിഞ്ഞാൽ പോരല്ലോ. നാലാളുകൾ അറിയുന്നതിൽ എനിക്കു് അതിയായ അഭിമാനമുണ്ട്.

നിന്നെ ഞാൻ ആദ്യം കണ്ടുമുട്ടിയതു് എവിടെവച്ചാണ ? വികാരങ്ങൾ മധുരം പുരട്ടിയ സങ്കല്പങ്ങൾക്കു് ചിറകുമുളച്ചപ്പോൾമുതൽ നിന്നെ ഞാൻ കാണുന്നുണ്ട്. വെള്ളവോയിൽസാരിയുടെ ഇമ്പുകൊണ്ടു ശിരസ്സു മൂടി, ദേവാലയത്തിൽ കത്തിനില്ക്കുന്ന തെഴുകതിരികളുടെ മുമ്പിൽ മുട്ടുകുത്തിനിന്നപ്പോൾ ശാലീനസൗന്ദര്യത്തിന്റെ പൂർണ്ണത നിന്നിൽ ഞാൻകണ്ടു. നിന്നെ മറെറാരിവസം കണ്ടില്ലെങ്കിൽ അതിന്റെ ദുഃഖം എനിക്കുമാത്രമേ അറിയൂ. നിന്റെ ഓരോ ചലനവും എനിക്കുവേ

എബ്രഹാം

ണ്ടിയുള്ളതാണ്. നിന്നെ കണ്ട നാൾ മുതൽ നീ എന്റേതുമാത്രമാണ്.

നീ വലിയ മണിമാളികയിൽനിന്നോ ചെററക്കുടിലിൽനിന്നോ വന്നവളല്ല. എന്നെപ്പോലെ ഒരു ഇടത്തരം കുടുംബത്തിൽ ജനിച്ചവളന്നവളാണെന്ന് എനിക്ക് അറിയാം. നിന്റെ വസ്ത്രധാരണത്തിൽനിന്നു നീ ഒരു ഹിപ്പിണിയല്ലെന്നും ഹിപ്പിണിയാകാൻ ആഗ്രഹിക്കാത്തവളുമാണെന്നും അറിയാം. എന്റെ പെൺകുട്ടി? നിന്റെ സംസാരത്തിൽനിന്നു സാമാന്യ വിദ്യാഭ്യാസമുള്ളവളാണെന്ന് ആക്കം മനസ്സിലാകും. കൂട്ടുകാരികളുമൊത്തു സല്ലപിച്ചു പൊട്ടിച്ചിരിച്ചു നടന്നു പോകുന്ന നിന്നെ ഞാൻ കൂടുതൽ ഇഷ്ടപ്പെട്ടു. എല്ലാ പെൺകുട്ടികളും നിന്നെപ്പോലെ ആയിരുന്നെങ്കിൽ? അല്ലാതെ വെണ്ണക്കല്ലിൽ കൊത്തിവച്ച സൗന്ദര്യപ്രാവകൾ ആയിരുന്നാൽ എന്തിനുകൊള്ളാം. മനുഷ്യജീവിതം ഹ്രസ്വമാണ്. അതിൽ ദുഃഖിക്കാനാണ് ഏറെ സമയം. അപ്പോൾ സന്തോഷിക്കാൻ കിട്ടുന്ന വേളനാം ഒട്ടുംതന്നെ പാഴാക്കാൻ പാടില്ല. എന്നുവച്ചു ഹിപ്പികളുടെ സന്തോഷം നമുക്കു വേണ്ട.

നിന്നെ ഞാൻ—എന്റെ ജീവിതസഖിയായശേഷം— ഏതെല്ലാം തരത്തിൽ സന്തോഷിപ്പിക്കാമോ ആ വിധത്തിലൊക്കെ സന്തോഷിപ്പിക്കുന്നതാണ്. സിനിമ കാണണോ? നാടകത്തിനു പോകണോ? സസന്തോഷം ഞാൻകൂടി വരാം. എന്റെ ഭവനത്തിൽ നീ എല്ലാവർക്കും പ്രിയപ്പെട്ടവളാണ്. കുടുംബത്തിൽ ഒരൊരുമിച്ച് സ്നേഹത്തോടെ കഴിയുന്നതുതന്നെ എത്രമാത്രം സന്തോഷമുള്ള കാര്യമാണ്. പരസ്പരവിശ്വാസത്തിന്റെയും സ്നേഹത്തിന്റേയും അന്തരീക്ഷത്തിൽ ജനിച്ചവളന്നവളാണ് നീ. നിന്റെ കുടുംബത്തേപ്പോലെതന്നെ നമ്മുടെ കുടുംബവും ഒരു കൊച്ചുകുടുംബമായിരിക്കണമെന്ന് എനിക്ക് ആഗ്രഹമുണ്ട്. "രണ്ടുകുട്ടി"കളും നീയും ഞാനും അടങ്ങിയ നാലംഗങ്ങൾ ഉള്ള കുടുംബം. രണ്ടുകുട്ടികളിൽ ഒന്ന് നിന്നേപ്പോലൊരു പെൺകുട്ടി ആയിരുന്നെങ്കിൽ?— എന്നും സ്നേഹത്തിൽ മാത്രം കഴിഞ്ഞാൽ പോരാ നമുക്ക് ഇഷ്ടം സൗന്ദര്യപ്പിണക്കവും ഉണ്ടാകണമെന്നും ഞാൻ ആഗ്രഹിക്കുകയാണ്. അങ്ങിനെ ഉണ്ടായാൽ മാത്രമേ നമ്മുടെ സ്നേഹത്തിന്റെ ആഴം നമുക്ക് അറിയുവാൻ കഴിയൂ. മററുള്ളവർക്ക് നാം മാതൃകാദമ്പതികൾ ആവേണ്ട ആവശ്യമില്ല. നമുക്ക് നാം മാതൃകയായിരുന്നാൽ മതിയല്ലോ? നീയും ഞാനും ഞായറാഴ്ചകളിൽ പള്ളിയിൽ പോകുമ്പോൾ—ഞാൻ വലിയ ദൈവവിശ്വാസിയൊന്നുമല്ലെങ്കിലും പള്ളിയിലൊക്കെ പോകുന്നതു് മനസ്സിനു ഒരു സുഖചികിൽസയാണ്—എത്ര മാത്രം സന്തോഷത്തോടുകൂടിയാണ് പോകുന്നതു്. തലേന്നാൾവരെയുള്ള എല്ലാ കാര്യങ്ങളും മറന്ന് ആ ഒഴിവുദിനം നമുക്ക് ആനന്ദമായി കൊണ്ടാടണം.

വീട്ടിൽ കത്തിയിരുന്ന് സമയം കളഞ്ഞു്, ദൈവകുന്നേരം പൊങ്ങച്ചസഞ്ചിയും പൊങ്ങച്ചച്ചെരിപ്പുകളുമണിഞ്ഞു. നടക്കാൻ മാത്രമറിയാവുന്ന അകത്തമ്മയല്ല നീ. ഓഫീസിൽ നീ എല്ലാവർക്കും നല്ലവളാണ്. അവിടെ നിനക്ക് ഇണക്കമോ പിണക്കമോ ഇല്ല. കാര്യഗൗരവമുള്ള ഉദ്യോഗസ്ഥ മാത്രമാണ്. പൊഴിവായ് പറയുന്നവരോട് അതിനുതക്കതു കൊടുക്കാൻ മിടുക്കിയാണ് നീ. എന്നും ആഫീസ് പണികഴിഞ്ഞു് എന്റെ ഓമന സ്ക്കൂട്ടറുംകൂട്ടു് നില്ക്കും.

കൂടുതൽ എഴുതണമെന്നുണ്ടെങ്കിൽത്തന്നെയും ഇപ്പോൾതന്നെ നീണ്ടുപോയ ഈ കത്തു് ചുരുക്കുകയാണ്. സങ്കൽപ്പത്തിന്റെ സുവർണ്ണരഥത്തിൽ നിന്നുമിറങ്ങി യാഥാർത്ഥ്യത്തിന്റെ മേഖലയിലൂടെ നീ എന്റെ സമീപത്തേയ്ക്കു് വരുന്ന ദിവസം അകലെയല്ലെന്ന് വിശ്വസിച്ചുകൊണ്ട്,

നിന്റെ പ്രിയമുള്ള

ഏബ്രഹാം.

—o—

ആരണ്യപർവ്വം

(13-ൽനിന്നും തുടർച്ച)

ഞാൻ പരാജയപ്പെട്ടാൽ എനിക്കറിഞ്ഞുകൂടാ, എന്താണ് ചെയ്യേണ്ടതെന്ന്. കുറച്ചു നാൾ അകന്നു താമസിച്ചു നോക്കട്ടെ. ലെററ് മീ ട്രൈ."

ബീഡിപ്പുക അവശേഷിപ്പിച്ച മണം അന്തരീക്ഷത്തിന്റെ മുകളിലേയ്ക്കു കനം നൽകി. മാത്യൂസ് ഒരു തീപ്പെട്ടിക്കോലുരച്ചു കാലിക്കപ്പിയിലേയ്ക്കിട്ടു. അതു കെട്ടുപോയി.

രമയുടെ മുഖത്തിന്റെ വൈവിദ്ധ്യമാണു മാനസികമായ ഐക്യത്തിനു വിഘാതമായി നിൽക്കുന്നതെന്നു സമ്മതിക്കാൻ ശ്രീധരനു വിഷമംതോന്നി. മുഖത്തിന്റെ സൌന്ദര്യത്തിലല്ലതാണ്? അതുമല്ല. അവൾ പെണ്ണുകാണാൻ കൂട്ടിക്കൊണ്ടുപോയ അമ്മാവൻ പറഞ്ഞതുപോലെ ഹൃദയത്തിനാണ് സൌന്ദര്യം വേണ്ടതു്. തൊലിപ്പുറത്തെ ആകർഷണത്തിന്റെ ശക്തിക്കു മാനദണ്ഡങ്ങളേ ആയുസ്സുള്ളൂ.

അമ്മാവനതു പറയാമായിരുന്നു. ആയിരംരൂപയാണു രമയുടെ വീട്ടുകാരോടു വാങ്ങിയതു്; മററാരും അറിയാതെ. ഈ വിവരം കൂടെ പറഞ്ഞപ്പോൾ ആദ്യം ദേഷ്യംതോന്നി. ഇപ്പോൾ നിർവികാരതയാണ്. ആരെയുവഞ്ചിയാലെന്തു്? അമ്മാവന്റെ കററമാണോ ഈ ദാമ്പത്യം ഉറയ്ക്കാത്തതു്?

മാത്യൂസിന്റെ ശബ്ദം.

"നിന്നോടൊന്നു ചോദിക്കട്ടെ. മറുപടിപറയാൻ മനസ്സുണ്ടെങ്കിൽ പറഞ്ഞാൽ മതി. പക്ഷേ, സത്യം പറയണം."

ചോദിക്കൂ എന്നമട്ടിൽ മുഖമുയർത്തി.

"നീ രമയെ ശരിക്കു കണ്ടിട്ടാണോ വിവാഹം ചെയ്തതു്?"

ഉത്തരം 'അതെ'ന്നാണ്. ശരിക്കു കണ്ടിട്ടുതന്നെയാണു വിവാഹം ചെയ്തതു്. കാണുകമാത്രമല്ല, സംസാരിക്കുകകൂടി ചെയ്തു. പക്ഷേ, ആ 'അതെ' ചോദ്യത്തിന്റെ മുഴുവനുത്തരമാകുമോ? ഇല്ല. ഇന്നു രണ്ടായിരം മൈലുകൾക്കും, എട്ടുമാസങ്ങൾക്കും ഇപ്പുറമിരുന്നു വിശകലനം ചെയ്യാൻ ശ്രമിക്കുമ്പോൾ എവിടെയോ ഒരു തെററ് കാണുന്നു. ആ ദിവസമല്ലായിരുന്നെങ്കിൽ, കുറച്ചുനാൾമുമ്പ്, അല്ലെങ്കിൽ കുറച്ചുനാൾ കഴിഞ്ഞു് ആയിരുന്നെങ്കിൽ രമയെ ഇഷ്ടപ്പെട്ടുമായിരുന്നോ? വിവാഹംകഴിക്കാൻ സമ്മതിക്കുമായിരുന്നോ? സംശയമാണ്. സംശയമല്ല. തീർച്ചയായും ഇല്ല.

നിർമ്മലയുടെ വീട്ടിൽനിന്നും അന്ന് ഉച്ചയ്ക്കു് ഇറങ്ങിയപ്പോൾ പകയായിരുന്നു ലോകത്തോടാകെ. അപമാനവും, നിസ്സഹായതയുംകൂടി പകയായി മാറിക്കഴിഞ്ഞിരുന്നു.

നിർമ്മലയെ കാണിക്കാൻ കൂടെവന്ന അമ്മാവനോടു കയർത്തു

"നിങ്ങളൊക്കെ കാരണമാണ്. നടക്കുന്നതു് അവരോടു നേരത്തെ ആലോചിച്ചിട്ടു പോരായിരുന്നോ എന്നോടു പറയാൻ. വിളിച്ചു് മനഃപൂർവം അപമാനിക്കാൻ സൗകര്യമുണ്ടാക്കിക്കൊടുത്തു."

പിന്നെയും എന്തൊക്കെയോ പറഞ്ഞു. ഓർമ്മയില്ല. നിർമ്മലയുടെ ഭവനത്തിൽ നിന്നു ബസ്സ്റ്റാൻഡിലേയ്ക്കു നടക്കുകയായിരുന്നു

ചുട്ടിത്തോർത്തു് കഴുത്തിലിട്ടു് ഒപ്പമെത്താൻ എന്തിവലിച്ചു നടന്നു, അമ്മാവൻ എല്ലാം അമ്മാവനെന്നാണു വിളിക്കുന്നതു പക്ഷേ, ആരും അയാളുടെ അനന്തരവനല്ല. അമ്മാവൻ എന്നറിയപ്പെടാൻ അമ്മയുടെ ജ്യേഷ്ഠനാകണമെന്നു നിർബ്ബന്ധമുണ്ടോ?

അമ്മാവനും നിർത്താതെ തെറിപറഞ്ഞുകൊണ്ടിരുന്നു; നിർമ്മലയുടെ അച്ഛനെ; ചേച്ചിയുടെ ഭർത്താവിനെ.

"അയാളൊരുത്തനാണ് ഇടങ്കോലിട്ടതു്. അയാൾക്കു വീട്ടിൽ അവധിക്കുവരാനുള്ള സമയം. ആ തന്തപ്പാവമാണ്, അങ്ങോരെ കുററം പറഞ്ഞിട്ടു കാര്യമില്ല."

നിർമ്മലയുടെ അച്ഛൻ അമ്മാവനെ പ്രത്യേകം അകത്തുവിളിച്ചു മാപ്പുചോദിച്ചതു. ശ്രീധരനോടും മറെറാന്നും തോന്നരുതെന്നു പറയണമെന്ന് അപേക്ഷിച്ചു പോലും. അതുകൊണ്ടെന്തു്? അപമാനത്തിന്റെ ആഴം കുറയുന്നില്ലല്ലോ.

അയാൾ, നിർമ്മലയുടെ ചേച്ചിയുടെ ഭർത്താവു നേരിട്ടു ചോദിച്ചതുവരെ യാതൊരു സംശയവും തോന്നിയില്ല.

ആദ്യം അവിടെക്കയറിച്ചെന്നപ്പോൾ

ആതിഥേയന്റെ മുഖത്തുകണ്ട വല്ലായ്മ അദ്ദേഹത്തിന്റെ പരിഭ്രമത്തിന്റെ ലക്ഷണമായിരിക്കും എന്നു കരുതി. മകളെ പെണ്ണുകാണാൻ വരുമ്പോൾ പിതാവിനുണ്ടാകുന്ന സാധാരണ പരിഭ്രമം.

നിർമ്മലയുടെ രൂപം ജനലഴികൾക്കിടയിൽക്കൂടിയെങ്ങാനും കാണാനുണ്ടോ എന്നു നോക്കാൻ ശ്രമിച്ചുകൊണ്ടിരിക്കുമ്പോഴാണ് ചോദ്യം കേട്ടതു്.

"അവിടെ പി. ഡബ്ളിയു. ഡിയിൽ എന്താണു ജോലിയെന്നാ പറഞ്ഞതു്?"

ഒന്നു സംശയിച്ചു. അമ്മാവൻ എഞ്ചിനീയർ എന്നായിരിക്കും പറഞ്ഞിരിക്കുന്നതു്. പക്ഷേ, ഈ ചെറുപ്പക്കാരൻ ആർമിയിൽ ക്യാപ്ടനാണ്. ഉദ്യോഗങ്ങളെപ്പററിയും, തന്റെ ജോലിസ്ഥലത്തെപ്പററിയും വിവരമുണ്ടായിരിക്കും. വലിയ കള്ളം പറഞ്ഞാൽ കണ്ടുപിടിക്കപ്പെടും.

പറഞ്ഞു:

"ഓവർസിയറാണ്.?

സത്യത്തിൽ സബ്– ഓവർസിയറാണ്. മൂന്നുനാലു വർഷത്തിനകം, ഭാഗ്യമുണ്ടെങ്കിൽ ഓവർസിയറായേക്കാം.

"എന്താ ഡിപ്ലോമയാണോ?"

"അല്ല."

"പിന്നെ."

"സർട്ടിഫിക്കററ് കോഴ്സ് കഴിഞ്ഞതാണ്. നേരത്തെ കയറി."

അയാൾ പിന്നീടു സംസാരിച്ചതു കീഴുദ്യോഗസ്ഥനെ ഉപദേശിക്കുന്ന സ്വരത്തിലായിരുന്നു.

"എങ്ങിനെയാ പത്തിരുന്നൂറുരൂപയിൽ ഇക്കാലത്തു് ഒരു ഫാമിലി മെന്റെയ്ൻ ചെയ്യുന്നതു്? മിസ്റ്റർ ശ്രീധരൻ ഇതെപ്പററി ചിന്തിച്ചിട്ടുണ്ടോ?"

എതിർത്തുപറയാനുള്ള ആഗ്രഹമുണ്ടായെങ്കിലും സാധിച്ചില്ല. ചിലരുടെ മുഖത്തേയ്ക്കു നോക്കിയാൽ എതിരിടാൻ തോന്നുകയില്ല. അനുസരിക്കാനേ കഴിയൂ. മനസ്സിൽ ദേഷ്യം ഉറഞ്ഞുകൂടുകയായിരുന്നു. ധൈര്യത്തോടെ ചോദിക്കാനാഗ്രഹിച്ചു നിനക്കും എമർജൻസി കമ്മീഷൻ കിട്ടുന്നതിനുമുമ്പ് ഇങ്ങനെന്നുരൂപയായിരുന്നല്ലോ ശമ്പളം? അന്നു നീ നിർമ്മലയുടെ ചേച്ചിയെ വിവാഹംചെയ്യാനെങ്ങിനെ ധൈര്യപ്പെട്ടു?

പക്ഷേ വാക്കുകൾ വെളിയിൽ വന്നതു് ഇങ്ങിനെയായിരുന്നു.

"പി. ഡബ്ളിയു. ഡിയല്ലേ?"

അയാൾ ചിരിച്ചു. ഒച്ച പുറത്തുവരാത്ത ആ ചിരിയിലെ പുച്ഛം സഹിക്കാൻ കഴിവില്ലാതെ നിർമ്മലയുടെ അച്ഛന്റെ നേരെ നോക്കി. അദ്ദേഹം ചുണ്ടുകൾ കൂട്ടിഞ്ഞുന്നിയ ഭാവത്തെപ്പോലെ മുഖത്തുള്ള കസേരയിലിരിക്കുകയായിരുന്നു

അയാൾ സിഗററു പാക്കററെടുത്തു നീട്ടി. എന്തോ, അപ്പോൾ അതിൽനിന്നു സിഗററെടുത്തു വലിക്കാൻ ധൈര്യമുണ്ടായില്ല. ഇപ്പോൾ തോന്നുന്നു, ആ രംഗത്തെ നേരിട്ടതു് ആദ്യമേതന്നെ പിഴച്ചു എന്നു്.

ഇറങ്ങുകാട്ടിയ അപകർഷതയിൽ വിരൽ ചുണ്ടുന്നമാതിരി എഴുന്നേററു കൈ തന്നു് അയാൾ പറഞ്ഞു:

"സോ കണ്ടതു വളരെ സന്തോഷം. എ ബൈട്ടു ദ പ്രപ്പോസൽ ഞങ്ങളുടെയൊക്കെ അഭിപ്രായം നിർമ്മല കുറച്ചുകൂടി പഠിക്കട്ടെ എന്നാണ്. അവൾക്കും അതാണിഷ്ടം. അതുകൊണ്ടു്, ഞങ്ങൾ അവളെ ഡൽഹിക്കുകൊണ്ടുപോകുകയാണ്."

അത്രയുത്തേടുകൂടി നില്ക്കുന്ന അമ്മാവനോടു ക്ഷമാപണരൂപത്തിൽ നിർമ്മലയുടെ അച്ഛൻ പറഞ്ഞു

"ഇന്നലെ ഇവരു് വന്നപ്പോഴാണ് ഇങ്ങിനെ തീർച്ചപ്പെടുത്തിയതു്. അറിയിക്കാൻ സമയം കിട്ടിയില്ല. ക്ഷമിക്കണം."

തലയ്ക്കു് അടിയേററതുപോലെ ഇരുന്നു പോയി. (തുടരും)

അഭ്രം

(11–ൽനിന്നും തുടർച്ച)

പണം?

പോ, പെണ്ണേ. പണം ശൗരിരാജിന്റെ പെട്ടിയിലില്ലേ? നിന്റെ വളർച്ചയ്ക്കുവേണ്ടി എല്ലാ അവസരങ്ങളും നീ ഉപയോഗിക്കണം. ഞാനതാണു ചെയ്യുന്നതു്. അവസരങ്ങൾ എല്ലാവർക്കും കിട്ടുന്നു. ചിലർ മാത്രമേ അവ അവസരങ്ങളാണെന്നു മനസ്സിലാക്കാറുള്ളു. നീ ഒരു മണ്ടിപ്പെണ്ണാണല്ലല്ലോ. ശൗരിരാജിനെ മുറുകെപ്പിടിച്ചോ. എന്നെന്നേക്കുമായല്ല— നീ വളരുന്നതുവരെ.

ശൈലജേ, എനിക്കൊരാഗ്രഹം.

പറഞ്ഞോളൂ.

നീ മദ്രാസ് വിട്ടപ്പോൾ ഈ ശിക്കാരിത്തള്ളയെ എന്നിക്കു വിട്ടുതരാമോ?

പിന്നെന്താ! ഒരു വലിയ താരത്തിനു ഒരു ശിക്കാരിത്തള്ള കൂടിയേ തീരൂ. നീ എടുത്തോ.

അപ്പോൾ നിനക്കു്?

ഞാൻ ഒരു മുൻതാരമായി മാറാൻ പോവുകയല്ലേ? പോരെങ്കിൽ ശിക്കാരിത്തള്ളയുടെ റോൾ ജയപാലനെടുക്കുകയും ചെയ്യും...ഇങ്ങടുത്തുവാ....ഇനി കുറെനേരം സംസാരിക്കേണ്ട.

മണിക്കൂറുകൾക്കുശേഷം ശൈലജ തയാറായെന്നറിയിക്കാൻ ശിക്കാരിത്തള്ള കിക്കിറ തുറന്നുകയറിയപ്പോൾ ഒരു കാഴ്ച കണ്ടു.

ശൈലജയും അഞ്ജനയും പുണർന്നുകൊണ്ടുറങ്ങുന്നു

തള്ള പിൻവാങ്ങി.

ചുവരിൽ തൂങ്ങുന്ന അർധനഗ്നകളുടെ ഗിൽററ്ഫ്രെയിമിട്ട ചിത്രത്തിലൊന്നു നോക്കിയശേഷം അസന്തുഷ്ടമായ ഒരു ശബ്ദമുണ്ടാക്കിക്കൊണ്ടു ശിക്കാരിത്തള്ള കിക്കിറവിട്ടു പുറത്തുപോയി.

—o—

വായിക്കുക! രസിക്കുക ചിത്രങ്ങളടങ്ങിയ നവസുഗന്ധങ്ങൾ

1. മദനലീലകൾ: ഏററവും നവീനപുണ്ണചിത്രഗ്രന്ഥം. ലൈംഗികാവയവങ്ങളുടെ പ്രവർത്തനം, വിവിധ സംയോഗരീതികൾ etc. വില 7 00
2. സെക്സ് അററ്ലസ്: സ്ത്രീപുരുഷലൈംഗികാവയവങ്ങൾ, പ്രവർത്തനം സംയോഗമുറകൾ, ഫാമിലിപ്ലാനിംഗ് etc. ചിത്രഗ്രന്ഥം. വില 5 00
3. സ്ത്രീപുരുഷശരീരശാസ്ത്രം: ലൈംഗികാവയവങ്ങളുടെ വളർച്ച, രതിമാതൃകകൾ, രഹസ്യമുറകൾ, ഗർഭോല്പാദനം, etc. ചിത്രങ്ങൾ സഹിതം വില 5 00
4. കാമശാസ്ത്രം: വാത്സ്യായനൻ മുതൽ ഹാവ്ലോക് എല്ലിസ്വരെ നിർദ്ദേശിച്ചിട്ടുള്ള കാമശാസ്ത്രരഹസ്യങ്ങളും ലീലകളും ചിത്രഗ്രന്ഥം വില 4 00
5. സ്ത്രീകളും പ്രസവരഹസ്യവും: ഗർഭോല്പാദനംമുതൽ പ്രസവംവരെയുള്ള രഹസ്യങ്ങൾ ചിത്രങ്ങൾസഹിതം. വിവാഹിതർ അറിയേണ്ടതു്. വില 3 00
6. സ്വഭാവപഠനശാസ്ത്രം: നടപ്പ്, ഭാവം, കൈയ്യക്ഷരം, ഒപ്പ്, ജന്മദിനം etc. നോക്കി സ്വഭാവവും കഴിവുകളും പഠിക്കാനുള്ള ചിത്രഗ്രന്ഥം വില 3 00
7. പ്രേമലേഖനങ്ങൾ: ശോകപര്യവസായിയായ പ്രേമകഥ, ധാരാളം അത്യുഗ്ര ലൗലെറേറഴ്സ് സാമ്പിളായി ഉപയോഗിക്കാൻ ഉത്തമം. വില 3 00
8. ഹണിമൂൺ: (രതിലീലകൾ) വിവാഹിതരാകാൻ പോകുന്നവർ അറിഞ്ഞിരിക്കേണ്ട എല്ലാ രഹസ്യസംഗതികളും ചിത്രങ്ങൾസഹിതം. വില 3 00
9. വിവാഹജീവിതവും സംയോഗരീതികളും: ഒന്നുമറിയാൻപാടില്ലാത്തവർ ഈ ചിത്രഗ്രന്ഥം വായിച്ചാൽ ജീവിതം സുഖകരമാക്കാം. വില 2 00
10. കല്യാണരാത്രിയിലെ കാമലീലകൾ: എന്നുമെന്നും ദാമ്പത്യം പൂർണമായുള്ളതാക്കാനും സുഖിക്കാനും ഈ ചിത്രഗ്രന്ഥം പഠിക്കുക. വില 2 00
11. വശീകരണശാസ്ത്രം. ഇഷ്ടമുള്ളവരെ നിയന്ത്രണത്തിലാക്കാനും കാര്യങ്ങൾ സാധിക്കുവാനും ഈ ശുദ്ധശാസ്ത്രം പഠിക്കുക. വില 2 00
12. ശീലസ്ഖലനവും നിവാരണമാർഗ്ഗങ്ങളും ചികിത്സാഗ്രന്ഥം വില 1 00

എല്ലാ പുസ്തകങ്ങൾക്കും V. P. ചിലവു പുറമെ, കാററ്ലോഗ് സൗജന്യം.

F. P. A. I. Thariannagar, Kushikala, QUILON Dt.

തിരുവഞ്ചൂർ രാധാകൃഷ്ണൻ

അതുല്യമായ കർമ്മശേഷിയുള്ള വിദ്യാർത്ഥിനേതാവ്

കെ. എസ്. യു. പന്ത്രണ്ടാം സംസ്ഥാനസമ്മേളനം കോട്ടയത്തുവച്ചു നടക്കുകയാണ്. എന്തോ ആവശ്യത്തിനു് ഡോണിൽപോയി സ്നേഹിതനൊന്നിച്ചു മടങ്ങുമ്പോൾ തലയിൽ പശച്ചട്ടിയും കയ്യിലടുക്കിപ്പിടിച്ച പോസ്റ്ററുകളുമായി മത്തയുവാവ് ഞങ്ങളെ പിന്നിട്ടു കടന്നുപോയി. എന്റെ സ്നേഹിതനെന്നോടു മന്ത്രിച്ചു: "തിരുവഞ്ചൂർ രാധാകൃഷ്ണൻ" അന്നത്തെ കെ. എസ്. യു. ജനറൽ സെക്രട്ടറി—നിസ്വാർത്ഥ വിദ്യാർത്ഥിസേവനത്തിലെ അജയ്യമായ വ്യക്തിത്വം.



കോട്ടയത്തിനടുത്ത് തിരുവഞ്ചൂർ ഗ്രാമത്തിൽ ഒരു ഇടത്തരം കുടുംബത്തിൽ പിറന്നുവീണ രാധാകൃഷ്ണൻ നിസ്വാർത്ഥമായ പ്രവർത്തനത്തിലൂടെയും അനിതരസാധാരണമായ സംഘടനാപാടവത്തിലൂടെയുമാണ് കേരളത്തിലെ വിദ്യാഭ്യാസമണ്ഡലത്തിൽ മറ്റു വിദ്യാർത്ഥികൾക്കു ലഭിക്കാവുന്നതിൽവച്ചു് ഏററവും ഉന്നതമായ പദവിക്കർഹനായത്. നിരവധി വിദ്യാർത്ഥിപ്രക്ഷോഭണങ്ങൾ നയിച്ചിട്ടുള്ള രാധാകൃഷ്ണൻ കെ. എസ്. യു-വിന്റെ നെടുംതൂണാണ്.

എം. ററി. സെമിനാരി ഹൈസ്കൂൾ, ബസേലിയസ് കോളേജ് എന്നിവിടങ്ങളിലെ യൂണിററുപ്രവർത്തനങ്ങളിലൂടെ രാഷ്ട്രീയജീവിതമാരംഭിച്ച രാധാകൃഷ്ണൻ താമസിയാതെ കോട്ടയം ജില്ലാപ്രസിഡന്റു് പദവിക്കർഹനായി. ജില്ലാപ്രസിഡന്റു് എന്ന നിലയിൽ ഭാരിച്ച ഉത്തരവാദിത്വമായിരുന്നു രാധാകൃഷ്ണന് ശിരസം വഹിക്കേണ്ടിയിരുന്നതു്. പിന്നീടു തിപ്പൻമാരുടെ കോട്ടയെന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന കോട്ടയം ജില്ലയിൽ കെ. എസ്. യു-വിനെ വളർത്തുക ക്ലിഷ്ടവും, ശ്രമസാദ്ധ്യവുമായ ജോലിയായിരുന്നു—അതും നാമമാത്രമായ സഹപ്രവർത്തകരോടൊപ്പം. മർദ്ദനങ്ങൾക്കു മുമ്പിൽ പതറാതെയും ഭീഷണികൾക്കു വഴിമാറാതെയും, പ്രലോഭനങ്ങൾക്കടിമപ്പെടാതെയും പ്രവർത്തിച്ച രാധാകൃഷ്ണൻ ചുരുങ്ങിയകാലം കൊണ്ടു് കെ. എസ്. യു-വിനെ കോട്ടയം ജില്ലയിലെ നിർണ്ണായകശക്തിയാക്കി മാററി.

കെ. എസ്. യു. കോട്ടയം ജില്ലാപ്രസിഡന്റായി രണ്ടുവർഷക്കാലം തുടർച്ചയായി പ്രവർത്തിച്ചു് തിരുവഞ്ചൂർ അടുത്തവർഷം സംസ്ഥാനസെക്രട്ടറിയായി ഉയർത്തപ്പെട്ടു. അദ്ദേഹത്തിന്റെ കർമ്മശേഷിക്കും ഈ പ്രസ്ഥാനത്തിനുവേണ്ടി സഹിച്ചിട്ടുള്ള ത്യാഗങ്ങൾക്കും കേരളത്തിലെ വിദ്യാർത്ഥിലക്ഷങ്ങൾ നല്കിയ ആത്മാർത്ഥമായ അംഗീകാരത്തിന്റെ പ്രതീകമായിരുന്നു ഇതു്.

വിദ്യാഭ്യാസമണ്ഡലവുമായി കൂടുതൽ ബന്ധപ്പെടുന്നതിനും, ഭിന്നിച്ചുകിടക്കുന്ന വിദ്യാർത്ഥികളുടെ മൊത്തം ശ്രേയസ്സിനുവേണ്ടി പ്രവർത്തിക്കുന്നതിനുമുള്ള രാധാകൃഷ്ണന്റെ താത്പര്യങ്ങളെ മുൻനിർത്തി അദ്ദേഹത്തെ യൂണിവേഴ്സിററി യൂണിയൻ ജനറൽസെക്രട്ടറിസ്ഥാനത്തേക്കു മത്സരിപ്പിച്ചു വിജയിപ്പിച്ചു.

ചുരുങ്ങിയ ഒരുവർഷക്കാലം കൊണ്ടു് വിദ്യാഭ്യാസമണ്ഡലത്തിലെ അനീതിക്കും ചൂഷണത്തിനുമെതിരായി അജയ്യമായ മുന്നേററം നടത്തിയ രാധാകൃഷ്ണൻ വിദ്യാർത്ഥികളുടെ മനസ്സിൽ അനശ്വരപ്രതിഷ്ഠ നേടി. പരീക്ഷണത്തിനവസരം കാത്തുകഴിയുന്ന പാവപ്പെട്ടവരുടെ കണ്ണിലൊപ്പുന്നതിനു്, അദ്ദേഹം ജനറൽസെക്രട്ടറിയായിട്ടുള്ള വിദ്യാർത്ഥികളുടെ യൂണിയൻ ഇൻഡ്യൻചരിത്രത്തിലാദ്യമായി അർഹരായ വിദ്യാർത്ഥികൾക്കു് സ്കോളർഷിപ്പുകൾ വിതരണം ചെയ്തു. സെനററിലും സിൻഡിക്കേററിലും വിദ്യാർത്ഥിപ്രാതിനിധ്യം വർദ്ധിപ്പിക്കുവാൻ അദ്ദേഹം നടത്തിയ ശ്രമങ്ങൾ വിജയിച്ചു. ഇതിനുപുറമെ വിദ്യാർത്ഥികളുടെ ഉത്കർഷത്തോടുകൂടിയ വളർച്ചയെ ത്വരിതപ്പെടുത്തുന്നതിനുള്ള നിവേദനങ്ങൾ രാധാകൃഷ്ണന് ആവിഷ്കരിക്കുവാൻ കഴിഞ്ഞു. കെ. എസ്. യു-വിനു് ഇക്കൊല്ലം യൂണിവേഴ്സിററി യൂണിയൻ ചെയർമാൻ സ്ഥാനത്തേക്കു് മറെറാരു പേരു് നിർദ്ദേശിക്കാനില്ലായിരുന്നു. കേരളത്തിലെ യുവജന—വിദ്യാർത്ഥികൾ പ്രതീക്ഷകളർപ്പിച്ച ഈ വിദ്യാർത്ഥിനേതാവ് യൂണിവേഴ്സിററി യൂണിയൻ ചെയർമാൻ സ്ഥാനത്തേക്കുയർത്തപ്പെട്ടു.

കോട്ടയം എം. ററി. എസ്. ഹൈസ്കൂളിൽ നിന്നും സ്കൂൾ ഫൈനൽ പാസായശേഷം ബസേലിയസ് കോളേജിൽ ചേർന്നു പഠനമാരംഭിച്ചു. തിരുവഞ്ചൂർ എക്കണോമിക്സ് ബി. എ. ഫൈനൽ ഇയർ വിദ്യാർത്ഥിയാണ്. വിരലിലെണ്ണാവുന്ന കെ. എസ്. യു. പ്രവർത്തകർ മാത്രമുണ്ടായിരുന്ന ബസേലിയസിനെ കെ. എസ് യു-വിന്റെ തറവാടാക്കിമാററിയതു് രാധാകൃഷ്ണന്റെ പ്രവർത്തനമാണ്. രാധാകൃഷ്ണൻ ഈ കോളേജിലെ വിദ്യാർത്ഥികളുടെ പ്രവർത്തനവഴിത്താരയിലെ അജയ്യമായ ഉത്തേജനസ്തംഭമാണ്.



ലേഖകൻ

കേരളത്തിലെ പ്രത്യേകിച്ചു കോട്ടയത്തും പരിസരത്തുള്ള കേരള വിദ്യാർത്ഥിയൂണിയന്റെ പ്രവർത്തനപന്ഥാവിൽ ഈ യുവാവിന്റെ ദൃഢതരമായ കാലടികൾ പതിഞ്ഞുകിടപ്പുണ്ട്. 1968-ൽ അഞ്ചൽ കോളേജ് വൈദ്യുതിനെതിരേ വിദ്യാർത്ഥിപ്രക്ഷോഭണം നയിച്ച അദ്ദേഹത്തെ നസ്യതിരിപ്പാടിന്റെ പോലീസ് വേട്ടനായ്ക്കളെപ്പോലെ ആക്രമിച്ചു. അദ്ദേഹത്തിന്റെമേൽ നടത്തിയ ഹീനകരമായ പോലീസ്മർദ്ദനംകണ്ടു ജയിലറയുടെ ഇരുളുഞ്ഞ മുറികളിലെ ഓരോ അണുവും വാപൊത്തിക്കരഞ്ഞു.

അർധപ്രാണനായി ജയിലിൽനിന്നിറങ്ങി മാസങ്ങൾക്കുള്ളിൽ ചില കത്തക വിദ്യാഭ്യാസസ്ഥാനങ്ങളുടെ കിങ്കരന്മാർ കോളേജങ്കണത്തിൽവച്ചു രാധാകൃഷ്ണനെ മർദ്ദിച്ചവശനാക്കി. ദിവസങ്ങളോളം അബോധാവസ്ഥയിൽ കഴിഞ്ഞ അദ്ദേഹം ആശുപത്രിവിട്ടതു സാമൂഹ്യഅസമത്വ

ടിറേറാ കെ. ചാറിയാൻ

ങ്ങൾക്കും രാഷ്ട്രീയ കൈകൂലികൾക്കുമെതിരെ സന്ധിയില്ലാത്ത സമരം നയിക്കുന്നതിനുള്ള ദൃഢപ്രതിജ്ഞയോടുകൂടിയായിരുന്നു.

കെ. എസ്. യു.വിന്റെയും, യൂണിയന്റെയും അനിഷേധ്യമായ നേതൃത്വം വഹിച്ചുകൊണ്ടിരുന്നപ്പോഴും പോസ്റ്ററൊട്ടിക്കുന്നതിനും, ചുവരെഴുതുന്നതിനുപോലും നേതൃത്വം നൽകിയും സഹപ്രവർത്തകരോടൊപ്പം പൈപ്പിലെ വെള്ളം കുടിച്ചു വയർനിറച്ചും, തെരുവിൽക്കിടന്നുറങ്ങിയും രാപകലില്ലാതെ പ്രവർത്തിച്ച രാധാകൃഷ്ണൻ നേതൃത്വത്തിലേയ്ക്കുയരുവാനുള്ള പഴുതുകൾ കണ്ടുപിടിക്കുന്നതിലുപരി വിദ്യാർത്ഥി-യുവജനങ്ങളുടെ കണ്ണീരു തുടയ്ക്കുവാനുള്ള പ്രക്ഷോഭണങ്ങൾക്കു നേതൃത്വം നൽകുന്നതിലാണു താത്പര്യം പ്രകടിപ്പിക്കുന്നതു്. ഒരുദാഹരണം; കേരളാ യൂണി: യൂണിയന്റെ ആഭിമുഖ്യത്തിൽ ഇൻറർവാഴ്സിററി സെമിനാർ തിരുവനന്തപുരത്തു നടക്കുകയാണു്. സമ്മേളനോൽഘാടനത്തിൻ സ്വാഗതം പറഞ്ഞതദ്ദേഹം അന്നത്തെ ജന: സെക്രട്ടറിയായിരുന്ന രാധാകൃഷ്ണൻ അന്നരാത്രിതന്നെ കോട്ടയത്തേയ്ക്കു തിരിച്ചു—പിറേറന്നു നടക്കുന്ന വിദ്യാർത്ഥിസമരത്തിൽ വിദ്യാർത്ഥികളെ സംഘടിപ്പിക്കുവാൻ. അതുലൃമായ ഈ വിദ്യാർത്ഥിപ്രേമം അനന്യാദൃശമാണു്.

മനസ്സിലാഴ്ന്നിറങ്ങുന്ന നിഷ്കളങ്കമായ മന്ദസ്മിതവുമായി എല്ലാവരോടും ഇടപഴകുന്ന രാധാകൃഷ്ണൻ പ്ലററ്ഫോമിൽ പൊട്ടിത്തെറിക്കുന്ന കരാററംബോംബാണു്, അദ്ദേഹത്തിന്റെ വികാരോജ്ജ്വലമായ പ്രസംഗം അനുസാധാരണമാംവിധം ജനങ്ങളെ വശീകരിക്കും. ആത്മാർത്ഥതയുടെയും, നിഷ്കളങ്കതയുടെയും, അതുല്യമായ കർമ്മശേഷിയുടെയും സമ്മിളിതമായ ഈ വിദ്യാർത്ഥി നേതാവിനെ സമീപഭാവിയിൽത്തന്നെ സുവർണ്ണ വസരങ്ങൾ ആലിംഗനം ചെയ്യുമെന്നു നമുക്കു പ്രതീക്ഷിക്കാം.

—•—

S. S. L. C.

കോച്ചിംഗ്സ്കീം

1973 മാർച്ചിലെ എസ്. എസ്. എൽ. സി. പരീക്ഷയ്ക്കു ചേരുന്ന സ്കൂൾവിദ്യാർത്ഥികൾക്കുവേണ്ടി ചോസ്റ്റൽറ്റ്യൂഷൻ ജൂലൈമാസം ആരംഭിക്കുന്നു. വിദ്യാർത്ഥികൾക്കു വേണ്ട നോട്ടുകൾ, ടെസ്ററുപേപ്പർ മുതലായവ അയച്ചുകൊടുക്കുക, ഉത്തരക്കടലാസുകൾ പരിശോധിച്ചു് വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക എന്നിവയാണു് ഈ സ്കീമിലുള്ളതു്. പ്രൈവററ്വിദ്യാർത്ഥികൾക്കും ഇതിൽ ചേരാം.

പഠിപ്പുമുടക്കങ്ങളുടെയും സമരങ്ങളുടെയുമായ ഈ കാലഘട്ടത്തിൽ വിദ്യാർത്ഥികൾ പരീക്ഷയിൽ നേടിക്കൊണ്ടിരിക്കുന്ന വമ്പിച്ച പരാജയം കഴിവാക്കുവാൻ ഇന്നുതന്നെ ഈ സ്കീമിൽ ചേരുക. പരീക്ഷയിൽ പ്രശസ്തമായ വിജയം നിങ്ങൾക്കു് ഉറപ്പുവരുത്താം.

ഫീസ്: ഒരു വിഷയത്തിന് 15 രൂ
മൂന്നു വിഷയങ്ങൾക്ക് 40 രൂപ. ആറു വിഷയങ്ങൾക്കുകൂടി 65 രൂപ. ജൂലൈ 10-ാംതീയതിക്കകം 6 വിഷയങ്ങൾക്കുകൂടി ഒരുമിച്ചു പണം അടച്ചു ചേരുന്നവർ 60 രൂപാ അടച്ചാൽമതി.

Examination Academy
Vidyarthi Mithram Building
Baker Road, Kottayam.

ഗ്രന്ഥനിരൂപണം

എന്റെ മുൻപിലിരിക്കുന്ന രണ്ടു കഥകൾ ജീവിതപതനങ്ങളെ ചിത്രീകരിക്കുന്ന കൃതികളാണു്. എ. പി. ചെല്ലപ്പൻനായരുടെ "കല്യാണി" ഒന്നാം പതിപ്പു്. ജോസഫിന്റെ "ഇതാണു സ്വർഗ്ഗം; നരകവും" ഒന്നാംപതിപ്പു്. കല്യാണിയിൽ ശാപഗ്രസ്തവും സർവഥാ പരാജിതവുമായ ഒരു സ്ത്രീജീവിതകഥ പറഞ്ഞിരിക്കുന്നു. മററതിൽ മററു പ്രകാരത്തിൽ പരാജിതമായ ഒരു പുരുഷജീവിതകഥയും വിവരിച്ചിരിക്കുന്നു. കല്യാണി സഹചര്യബലത്താൽ ദൗർബല്യങ്ങൾക്കു വിധേയയായി പാതകങ്ങൾ അനുഷ്ഠിച്ചു പതിതയാകുകയും എന്നാൽ അവസാനം ഒരു രക്ഷ ലഭിക്കുകയും ചെയ്തു നായിൽ നടന്നുവരുന്നു. മലയാളത്തിൽ അടുത്തകാലത്തു് ഉണ്ടായിട്ടുള്ള കഥാഗ്രന്ഥങ്ങളിൽ വളരെയധികം കൃതികൾ മററു വായനയ്ക്കുപോലും വകനൽകുന്നില്ല.

ജോസഫിന്റെ "ഇതാണു സ്വർഗ്ഗം; നരകവും" എന്ന നോവൽ, പെൻഡിൻ മരുന്നുപയോഗിച്ചു ലഹരിപിടിച്ചു് ആ ലഹരികൊണ്ടുതന്നെ ഉപജീവനം നടത്തുന്ന ഒരു കഥാപാത്രത്തിന്റെ ജീവിതത്തെയാണാവിഷ്കരിക്കുന്നതു. ഒരു കഥാപാത്രം അങ്ങനെ പരാജയപ്പെട്ടുകൊള്ളയില്ല ജീവിതസാഹചര്യങ്ങളുടെ സമ്മർദ്ദത്തിൽപ്പെട്ടു്, മററു ലഹരിദ്രവ്യങ്ങൾക്കു വിധേയമായി ജീവിതം അവസാനിപ്പിക്കുന്നതുപോലെ പെതഡിൻ ലഹരിയിലവസാനിക്കുന്ന ജീവിതവും ഉണ്ടായിക്കൂടായ്കയില്ല. പക്ഷേ, ഈ കഥാവതരണം, പാത്രപ്പിറവൽ, ആ പ്ര

എഡിററിംഗ് വേണ്ട കൃതികൾ

വി. എസ്. ശർമ്മ

യികയാണു്. ജോസഫ് ചിത്രീകരിക്കുന്ന ശേഖരൻ വൈദ്യവിദ്യാഭ്യാസം നേടി "പെതഡിൻ" കഴിച്ചു സ്വർഗ്ഗവും നരകവും ഒന്നിച്ചനുഭവിക്കുന്ന ഒരു അഭിശപ്തനും. അയാളും പരാജിതൻ തന്നെ. പെതഡിനുവേണ്ടി എന്തു തെററും എന്തു പതിവിരുദ്ധവും ചെയ്യുന്ന ഒരു കഥാപാത്രമാണു ശേഖരൻ.

ഈ രണ്ടു കൃതികളെക്കുറിച്ചും ദീർഘമായ ഒരു നിരൂപണം നടത്തണമെന്നു് ഉദ്ദേശിക്കുന്നില്ല. എന്നാൽ ഇന്നാതിരി ചില കഥകളിലെങ്കിലും കാണുന്ന പുസ്തകമെഴുത്തുകാരുടെ ചില പ്രത്യേകതകൾ ചൂണ്ടിക്കാണിക്കണമെന്നുണ്ടു്. കഥയിലുടനീളമുള്ള കഥകൾ കോർത്തിണക്കുക, തികച്ചും അവിശ്വസനീയവും അതിശയോക്തിപരവുമായ വിവരണങ്ങൾ കൊണ്ടു വായനക്കാരെ മുഷിപ്പിക്കുക, ഹ്രൈയിംവ്ക്ക് ഒപ്പിക്കുന്നതിനുവേണ്ടി കഥകളും കഥാപാത്രങ്ങളും സൃഷ്ടിക്കപ്പെടുക—ഇതെല്ലാം ഗുണമായോ ദോഷമായോ വ്യാഖ്യാനിക്കപ്പെടത്തക്ക രീതി സ്ത്രീവനാരിതിയിലെ വൈരസ്യവും ശ്ലഥ്കതയും, എല്ലാം എത്രതന്നെ ദുർബലസംഭവങ്ങൾ ഉണ്ടായിട്ടും ആ സംഭവങ്ങളെയൊന്നും ആകർഷകമാക്കിട്ടുവതരിപ്പിക്കാതെ നോവൽ പരാജയപ്പെടുന്നു. അതുകൊണ്ടു കഥാപാത്രത്തിലോ സംഭവങ്ങളിലോ വിശ്വാസം തോന്നുന്നില്ല; കഥയാകെക്കൂടി ഹൃദയസ്പർശമില്ലാതെയാവുകയും പുസ്തകവായന ഒരു വൃഥാവിനോദംപോലും നൽകാൻ ഉപകരിക്കാതെ പരാജയപ്പെടുകയും ചെയ്യുന്നു.

കല്യാണി എന്ന കൃതിയിൽ സംഭവങ്ങൾക്കും ആ സംഭവങ്ങളുടെ വിവരണത്തിനും തെല്ലൊരു നാടകീയത കൈവരു

കല്യാണി (നോവൽ)
—എ. പി. ചെല്ലപ്പൻനായർ
വില ക. 3-75
ഇതാണുസ്വർഗ്ഗം; നരകവും (നോവൽ)
—ജോസഫ് വില ക 3 50
നാഷണൽ ബുക്ക്സ്റ്റാൾ, കോട്ടയം.

തന്നാൻ കഥാകൃത്ത് ശ്രമിച്ചിട്ടുണ്ട്, അമ്പേ പരാജയപ്പെട്ടതും അരിശപ്പെടുവാനായ ഒരു കഥാപാത്രത്തിന് കഷ്ടിച്ചാണ് പുനർജീവിതത്തിനുള്ള സാഹചര്യം ഉണ്ടാകുന്നതോടെയാണ് കഥ അവസാനിക്കുന്നത്. 184 പേജുകളിലായി വിവരിച്ചിട്ടുള്ള ഈ കഥ ഒരു പത്തു പേജ്ൽ ഒതുക്കിയിരുന്നെങ്കിൽ കുഴച്ചക്കറപോലെ ദുർമേദസ്സുകളായ ഇത്തരം ഗ്രന്ഥങ്ങൾക്ക് ഒരു മുതുകയാകുമായിരുന്നു. സാഹിത്യപ്രവർത്തകസഹകരണസംഘം പോലുള്ള പ്രസിദ്ധീകരണസ്ഥാപനങ്ങൾക്ക് ഇനിയെങ്കിലും നല്ല ഒരു എഡിറ്റർ ഉണ്ടാകുന്നത് അഭിലഷണീയമായിരിക്കുമെന്ന് പല പുസ്തകങ്ങളും വായിക്കുമ്പോൾ തോന്നിപ്പോവുന്നു. ധാരാളം എഴുതാറുള്ള കഥാകൃത്തുകളാണെങ്കിലും പുതിയ എഴുത്തുകാരാണെങ്കിലും അവർ എഴുതുന്നതു് തികച്ചും അനുഭവമാകണമെന്നില്ല. ഒരു പുനർവിചാരണ എഴുതുന്നതിനെക്കുറിച്ചാവശ്യമാണ്. എഴുതുന്നവർക്ക് എഴുതാനുള്ള സ്വാതന്ത്ര്യമുണ്ട്. പക്ഷേ, എഴുതുന്നതെല്ലാം സാഹിത്യമാണെന്ന് വായനക്കാർ വിചാരിക്കണമെന്ന് ഒരു നിയമമുണ്ടല്ലോ. ഇവിടെ സൂചിപ്പിക്കപ്പെട്ട രണ്ടു കൃതികളും നോവൽ എന്ന സാഹിത്യശ്രേഷ്ഠമായ പേരിലല്ല രണ്ടു കഥകൾ എന്ന പേരിൽ ആരെങ്കിലും വായിക്കുന്നെങ്കിൽ വായിച്ചുകൊള്ളട്ടെ.

—o—

Registered

Trade Mark

വൈദ്യരത്നം പി. എസ്സ്. വാരിയരുടെ

ആര്യവൈദ്യശാല

കോട്ടയ്ക്കൽ (കേരളാസ്റ്റേറ്റ്)

സ്ഥാപിതം: 1902

ഹെഡ് ഓഫീസ്, ടെലിഫോൺസ്

ഓഫീസ് (With Extension to Managing Trustee & General Manager ഫോൺ: 31, നഴ്സിംഗ്ഹോം ഫോൺ: 44 മാനേജിംഗ്ട്രസ്റ്റി (Residence ഫോൺ: 27 പ്രധാനവൈദ്യൻ: (Office & Residence) ഫോൺ: 25. ജനറൽമാനേജർ (Residence) ഫോൺ. 26. ബ്രാഞ്ചുകൾ: 1. കോഴിക്കോട് (ഫോൺ: 2155) കല്ലായിറോഡ്. 2, തിരൂർ (ഫോൺ: 31) സ്റ്റേഷൻറോഡ്. 3. പാലക്കാട് (ഫോൺ: 104) വടക്കന്തറ. 4. പാലക്കാട് സെയിൽസ് ഡിപ്പോ (ഫോൺ: 584) ജി. ബി. റോഡ്. 5. എറണാകുളം (ഫോൺ: 33026) മഹാത്മാഗാന്ധിറോഡ്, എറണാകുളം (ഫോൺ: 32674) വൈദ്യന്റെ താമസം 6. തിരുവനന്തപുരം (ഫോൺ: 3924) സ്റ്റാച്യുറോഡ്. 7. ഈറോഡ് (ഫോൺ: 17245) താവേരിറോഡ്. 8. ആലുവാ സെയിൽസ്ഡിപ്പോ, ബേങ്ക്റോഡ്. 9. മദിരാശി (ഫോൺ: 811272) കൃഷ്ണമാചാരിറോഡ്, നങ്കംപാക്കം.

ശാസ്ത്രീയമായി നിർമ്മിച്ച ആയുർവ്വേദഔഷധങ്ങളും വിദഗ്ദ്ധമായ വൈദ്യസഹായവും ഹെഡ്ഓഫീസിൽനിന്നും ബ്രാഞ്ചുകളിൽനിന്നും ലഭിക്കുന്നതാണ്. പിഴിച്ചിൽ, നവരക്കിഴി മുതലായ കേരളീയചികിത്സകൾ കോട്ടയ്ക്കലുള്ള ഹെൽഡൻഗ്ഗ ബിലി നഴ്സിംഗ്ഹോമിൽ വച്ചു പ്രധാനവൈദ്യന്റെ മേൽനോട്ടത്തിൽ നടത്തപ്പെടുന്നു. വിദൂരസ്ഥരായ രോഗികൾക്ക് എഴുത്തുകുത്തുകൾവഴി പ്രധാനവൈദ്യൻതന്നെ ചികിത്സ നിശ്ചയിച്ചറിയിക്കുന്നതാണ്.

—മാനേജിംഗ് ട്രസ്റ്റി

കൗമാരമനസ്സുകളുടെ കദനത്തിന്റെകഥ— ചെമ്പരത്തി

മലയാള ചലച്ചിത്രരംഗത്തു നവാഗതരായ ന്യൂ ഇൻഡ്യാഫിലിംസിന്റെ പ്രഥമചിത്രം, ഇതിനകം മലയാളക്കരയിലൊട്ടാകെ ചലച്ചിത്രപ്രേമികളുടെ സംസാരവിഷയമായി തീർന്നിട്ടുള്ള. പ്രതീക്ഷയായി തീർന്നിട്ടുള്ള "ചെമ്പരത്തി" ജൂലായ് ഏഴാംതീയതി പ്രദർശനമാരംഭിക്കുകയാണ്.

നിർമ്മാതാവായ ശ്രീ. എസ്. കെ. നായക് അഭിമാനിക്കത്തക്ക പല പ്രത്യേകതകളും "ചെമ്പരത്തി"ക്കുണ്ട്. കൗമാരമനസ്സുകളുടെ കദനത്തെ, പക്വതയെത്താത്ത ചലനങ്ങളെ, അപഗ്രഥിക്കുന്ന ഒരു കഥ ഇതാദ്യമാണെന്നു തോന്നുന്നു മലയാള ചലച്ചിത്രരംഗത്ത്. തിരക്കഥ മലയാററ്റർ രാജകൃഷ്ണന്റേതാണ്. ഈ തിരക്കഥയുടെ രചനയിൽ അനന്യസാധാരണമാംവിധം അഗാധമായ മനഃശാസ്ത്രപരമായ ഉൾക്കാഴ്ച അദ്ദേഹം പ്രദർശിപ്പിക്കുന്നു. യുവമനസ്സുകളിൽ അതിവശക്തമായി പൊട്ടിമുളയ്ക്കുന്ന വികാരങ്ങളുടെ ജ്വലിക്കുന്ന ചിത്രങ്ങളാണ് ഈ കഥനിറയെ. കൗമാരത്തിന്റെ കട്ടിക്കളികൾ എങ്ങനെ അപ്രതീക്ഷിതരൂപം കൈക്കൊള്ളുന്നുവെന്നും പാതതെററുമ്പോൾ അവയ്ക്ക് എന്തെല്ലാം രൂപഭാവപരിണാമങ്ങൾ സംഭവിക്കുന്നുവെന്നും

ചെമ്പരത്തിയിൽ അടൂർഭാസി, ബഹദൂർ, കതിരവട്ടം പപ്പു

എത്ര ക്രൂരവും ദയനീയവുമായ ദുരന്തത്തിലേക്കു മനുഷ്യനെ നയിക്കാൻ അവയ്ക്കു കഴിയുന്നുവെന്നും "ചെമ്പരത്തി" വിശദീകരിക്കുന്നു.

ശാന്ത എന്ന നിഷ്കളങ്കയായ ഒരു പതിനാലുകാരി നാടൻപെൺകിടാവിന്റെ ചുറുചുറുക്കോടെയാണ് "ചെമ്പരത്തി" എന്ന കഥയുടെ ഇതളുകൾ വിരിയുന്നതു്. നിർഭാഗ്യവതിയായ ആ ചെമ്പരത്തിപ്പൂവിന്. ശാന്തയ്ക്കു്, വിടരും മുൻപേ വന്നു ഭവിക്കുന്ന ക്രൂരമായ വേദനയുടെ ശക്തനായ ആവിഷ്കാരമാണ് "ചെമ്പരത്തി" അവളെ അകമഴിഞ്ഞു സ്നേഹിക്കുന്ന ദിനേശ് എന്ന സ്വപ്നാടനക്കാരനായ കവിയുടെ തീവ്രമായ വേദനയുടെ ചിത്രവുമാണ് ചെമ്പരത്തി. പ്രേം ബാലചന്ദ്രൻ എന്ന കോളേജ് ലക്ചറുടെ മൗലികമായ പ്രതീക്ഷിതമായി വന്നുപതിച്ച അപവാദത്തിന്റെ കഥയും "ചെമ്പരത്തി" പറയുന്നു. ഇതിനൊക്കെ പുറമേ ശാന്തയുടെ ദുഃഖിതരായ അച്ഛനമ്മമാരും അയല്ക്കാരും ദിനേശിന്റെ സുഹൃത്തായ രാജപ്പനും ഒക്കെ വികാരപൂർണ്ണമായ ഈ ദുരന്തനാടകത്തിൽ പങ്കുചേരുന്നു. അതിന്നു സാക്ഷ്യം വഹിക്കുന്നു. മലയാറ്റൂർ രാമകൃഷ്ണന്റെ വിചാരനിർഭരവും നാടകീയവുമായ തിരക്കഥ സിനിമ എന്ന മാദ്ധ്യമത്തിലേക്കു മാറുന്നതു നമ്മുടെ ഏറ്റവും ഭാവന ശാലിയായ സംവിധായകനാണ്—ശ്രീ. പി. എൻ. മേനോന്റെ കൈകളിൽ "ചെമ്പരത്തി" എന്ന ശ്രദ്ധേയമായ കഥ അത്ഭുതാവഹമായ പുതിയ മാനങ്ങൾ നേടിയെടുത്തിരിക്കുന്നു. വികാരോജ്ജ്വലമായ ഒരു കവിതയുടെ ശാലീനതയോടെ, ശാലീനമായൊരു കവിതയുടെ വികാരജ്വാലയോടെ ആണ് മേനോൻ "ചെമ്പരത്തി" അണിയിച്ചൊരുക്കിയതു്. ഒളവും തീരവും, കള്ളിച്ചെത്തി, മാപ്പുസാക്ഷി എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത മേനോന്റെ തൊപ്പിയിൽ "ചെമ്പരത്തി" പുതിയൊരു തൂവൽ കൂടി ചാർത്തുന്നു.

"ചെമ്പരത്തി"യുടെ നിർമ്മാണക്രമത്തിൽ നിർമ്മാതാവു ചെയ്ത ഏറ്റവും ധീരമായ നടപടി ഒരു പുതിയ നായികയെ അവതരിപ്പിക്കാൻ തയ്യാറായി എന്നതാണ്. കൊച്ചുപെൺകുട്ടികളുടെ വേഷം കെട്ടാൻ മുപ്പതു, മുപ്പത്തഞ്ചു വയസ്സുള്ള ഗ്ലാമർ താരങ്ങളെ പാവാട ഉടുപ്പിച്ചു്, പൗഡറണിയിച്ചു്, പാവപ്പെട്ട പ്രേക്ഷകന്റെ മുമ്പിലേയ്ക്കു പറഞ്ഞയയ്ക്കുന്ന കാലത്തു്. പതിനൊന്നു വയസ്സുകാരിയായ ശോഭന എന്ന ഒരു കൊച്ചുപെണ്ണിന്റെ കൈകളിൽ ശ്രദ്ധേയയായ, ഒരുവേള മലയാളത്തിലിതുവരെ വന്നിട്ടുള്ള തിലേറ്റവും ശ്രദ്ധേയയായ, ദുരന്തനായികയുടെ ഭാരം ഏല്പിക്കുന്നതു് ചങ്കൂറ്റമല്ലെന്നു. പക്ഷേ, ചിത്രത്തിന്റെ ഷൂട്ടിംഗ് കഴിഞ്ഞപ്പോൾ നിർമ്മാതാവിനും സംവിധായകനും തങ്ങളുടെ ധീരമായ താരനിർണ്ണയത്തെക്കുറിച്ചു് അഭിമാനം തോന്നി. എന്നു മാത്രമല്ല, ശോഭനയ്ക്കു പകരം മറ്റൊരാളും



സുധീർ—ചെമ്പരത്തിയിൽ

നിർവൃതിയുടെ നിമിഷങ്ങൾ—"ചെമ്പരത്തി"യിൽ
കൊട്ടാരക്കര, അടൂർ ഭവാനി, ശോഭന

ളും പററില്ലായിരുന്നു എന്നു ബോദ്ധ്യം വരുത്തുകയും ചെയ്തു. അത്ര തന്മയത്വത്തോടെയാണു, കുത്ര ശാലീനതയോടെയാണ്. അത്ര ഹൃദയദ്രവീകരണക്ഷമതയോടെയ ണ് ശോഭന ശാന്ത എന്ന ചെമ്പരത്തിപ്പൂവിനെ അവതരിപ്പിക്കുന്നതു്. ദുഃഖത്തിന്റെ മൂർത്തിമത്ഭാവമായ, സ്വപ്നങ്ങളുടെ അന്യലോകങ്ങളിൽ എപ്പോഴും സഞ്ചരിക്കുന്ന ദിനേശ് എന്ന യുവകവിയെ അവതരിപ്പിച്ച താരതമ്യേന പുതുമുഖമെന്നു പറയാവുന്ന രാഘവൻ അത്യുജ്ജ്വലമായ അഭിനയപാടവംകൊണ്ടു് "ചെമ്പരത്തി"യുടെ പ്രേക്ഷകഹൃദയത്തോടുകൂടി മലയാളത്തിലെ രണ്ടാംകിട നട

എന്റെ കണ്ണിനെ കൈനീട്ടം

ഇതൾ മുട്ട വഴി
നിറയെ കൊന്നപ്പൂക്കൾ
വിണ്ണകിതച്ചു കിക്കേം
മീനസ്സംക്രമ സന്ധ്യക-
ളെന്നിലുണർത്തും വേദന,
മയങ്ങും ഞാൻ നണയുന്നു...
വയലിൻ കരയിൽ

മുറ്റങ്ങും കന്നിൻ മുകളിൽ
കയറിയലഞ്ഞുലയിക്കേം
വഴിയുടെ വിഗ്രഹസമേതം;
തെങ്ങുകൾ തിങ്ങിയ തോപ്പ്
തെങ്ങോലക്കച്ചേടി, യൊ-
'മന്തർജ്ജനാ'മായ് നില്ലും
മൺകുടിലെൻ പ്രിയതൻ ഗേഹം.

അക്കുടിൽ മുറ്റ-
ത്തന്ത്രിയുടെ
പിന്നിലൊളിച്ചു ചിരിക്കും
കൊന്നപ്പൂവിതൾ നല്കിയ
മന്ദസ്മിതമെന്നുള്ളിൽ
സുന്ദരമാമൊരു കണിക്കൂട്ടി-
ച്ചുംബനം,—മൊരു കൈനീട്ടം
നിർബ്ബന്ധം ഞാൻ നല്കിയ
വേളയി, ലെൻ കരവലയത്തിൽ
തളർന്ന കിക്കേം,
കൊന്നപ്പൂവിൻസ്മൃതിയിൽ
ഞാ, നിന്നും വിലപിക്കുന്നു —

—ലളിതൻ

—o—

.നായി ഉയരാൻ പോവുകയാണ്.

ശോഭനസ്സും മാധവനും പുറമേ മധു, കൊട്ടാരക്കര ശ്രീധരൻനായർ, സുധീർ, അടൂർഭാസി, കുട്ടിഷാജി, റാണിചന്ദ്ര, ബഹദൂർ, രാധാമണി, നീലമ്പൂർ ബാലൻ, ബാലൻ കെ. നായർ, പി. ഭാ. തോമസ്സ്, പറവൂർ ഭരതൻ ഉടങ്ങിയവരും തങ്ങളുടെ അവസ്മരണീയമായ അഭിനയചാതുരികൊണ്ടു "ചെമ്പരത്തി"യെ സമ്പന്നമാക്കുന്നു.

"ശരണമയ്യപ്പാ സ്വാമി ശരണമയ്യപ്പാ" "ആമ്പാടിത്തിന്നിലൊരുണ്ണി", "കണ്ണുകിട്ടുകോഴി കളുക്കോഴി..." "ചക്രവർത്തിനി നിനക്കു ഞാനെന്റെ ശില്പഗോപുരം ഇറന്നു..." എന്നീ ഗാനങ്ങൾ രചനയിലും സംഗീതസംവിധാനത്തിലും വയലാറിനും ദേവരാജനും പുതിയ പുച്ചെണ്ടുകൾ നേടിക്കൊടുക്കുമെന്നു തീർച്ചയാണ്. ആ ഗാനമാധുരി വിങ്ങളുടെ കാതുകൾക്കു പകർന്നതെന്തോ. യേശുദാസും, മാധുരിയും. അതിലേറെ എന്തുവേണം?

ചമയാഗ്രാഹകനായ അശോക്കുമാർ പറയുന്നതു് അദ്ദേഹത്തിന്റെ ചമയാഗ്രഹണചരിത്രത്തിലെ ഏറ്റവും വലിയ അനുഭവമാണ് "ചെമ്പരത്തി" എന്നാണ്. "നീലക്കുയിലി"നുശേഷം മലയാള ചലച്ചിത്രരംഗത്തു സംഭവിക്കുന്ന ഏറ്റവും ശ്രദ്ധേയമായ വഴിത്തിരിവായിരിക്കും ചെമ്പരത്തി എന്നു "ചെമ്പരത്തി"യുടെ റഷസ് കണ്ട പത്രപ്രതിനിധികൾ തന്നോടും അഭിപ്രായപ്പെട്ടിരിക്കുന്നു.

"ചെമ്പരത്തി" വിരിയാൻ ഇനി ഏറെ നാളുകളില്ല. നിങ്ങളുടെ ക്ഷമ ഇനി ഏറെനാൾ പരീക്ഷിക്കപ്പെടുകയില്ല.

ഇപ്രകാരം ഏഴിന് നൂ ഇൻഡ്യാ ഫിലിംസ് നിങ്ങൾക്കു കാണിക്കയായി അർപ്പിക്കുന്നു—ചെമ്പരത്തി!

—o—

വായനക്കാരുടെ കത്തുകൾ

(2-ാം പേജിന്റെ തുടർച്ച)

ഒരേ ആദർശം പുലർത്തിയ ഉള്ളൂരാണ് എന്റെ ഉപമാനം എന്നാണ്.

ആർഷസംസ്കാരം എന്ന ആശയത്തിൽ ഉള്ളൂർ എത്രത്തോളം അന്ധമായി ഉറച്ചു നിന്നിരുന്നുവോ അത്രത്തോളം തന്നെ യാഥാസ്ഥിതികനായാണ് ഭൗതികതയുടേയും അധ്യാത്മികതയുടേയും സമന്വയം എന്ന ആശയത്തിൽ വൈലോപ്പിള്ളി നില്ക്കുന്നതു് എന്നാണെന്റെ വാദം.

—കുഞ്ഞുണ്ണി
രാമകൃഷ്ണാശ്രമം, കോഴിക്കോട്-3

ചെമ്പകാ ജ്വലേഴ്സ്

നിങ്ങൾക്കുവേണ്ടി നിങ്ങളുടെ കുടുംബത്തിനുവേണ്ടി
ഏററവുംകൂടുതൽ ആനുകൂല്യങ്ങൾ നൽകുന്ന
ഏററവും വലിയ

ചെമ്പകാ
സ്വർണ്ണാഭരണസമ്പാദ്യപദ്ധതി

പുതിയ ഡിവിഷൻ

മാസതവണ 30 രൂപ. കാലാവധി 24 മാസം
മുൻകൂറായി 720 രൂപയുടേയോ
പലിശയുടെ പലിശയുൾക്കൂടി 765 രൂപയുടേയോ
സ്വർണ്ണാഭരണങ്ങൾ!

വിവരണപത്രികയ്ക്കു് പൂർണ്ണമായ മേൽവിലാസവും (ജില്ലയും സ്റ്റേററും കാണിച്ചു്) മാതൃഭാഷയും വ്യക്തമായെഴുതി 25 പൈസ സ്റ്റാമ്പുസഹിതം അയയ്ക്കുക.

CHEMBAKA JEWELLERS
Alleppey-1 (Kerala)
Phone: 2092 Prop: P. S. MONY
Gram: Chembaka Estd: 1953 G L No 61/63

പോക്കർ ആൻഡ് പോക്കർ

—ബി. എം. ഗഫൂർ